തിരുവിതാംകൂർ സർവ്വകലാ...

ഭാഷാഗ്രന്ഥാവലി—അങ്കം ൧൫.

പദ്യരത്നം

(മണിപ്രവാളകൃതികൾ)

പ്രസാധകൻ,

...ർ പി. കെ. നാരായണപിള്ള, എം. ഏ., പി. എച്ച്. ഡി,

...റെക്ടർ, ഹസ്തലിഖിതഗ്രന്ഥശാല, തിരുവിതാംകൂർ സർവ്വകലാശാല,

തിരുവനന്തപുരം.

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചത്.

1124/1949.

[വില ...

UNIVERSITY OF TRAVANCORE.

TRIVANDRUM MALAYALAM SERIES No. 71.

PADYARATNAM

(Manipravalakrtikal)

EDITED BY

P. K. NARAYANA PILLAI, M. A., Ph. D.,
Curator, University Manuscripts Library, Trivandrum.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

TRIVANDRUM:

1949.

 [Price Re. 1-8-0.

മുഖവുര

'പദ്യരത്നം' എന്ന പേരിൽ, തിരുവിതാംകൂർ സർവ്വകലാശാലയുടെ ഭാഷാഗ്രന്ഥാവലിയിൽ 71-ാം നമ്പരായി പ്രസാധനംചെയ്യുന്ന ഈ ഗ്രന്ഥം പ്രാചീനങ്ങളായ ചില മണിപ്രവാളകൃതികളുടെ ഒരു സമാഹാരമാണു്. ചങ്ങനാശ്ശേരി, വൈദ്യൻ ശ്രീ. നീലകണ്ഠപ്പിള്ള അവർകളുടെ വകയായ ഒരു താളിയോലഗ്രന്ഥത്തിന്റെ പകർപ്പാണു് ഈ പ്രസാധനത്തിന്റെ ആസ്പദം. ഈ പകർപ്പു് സർവ്വകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥാലയത്തിൽ 74-ാം നമ്പരായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഡാക്ടർ കോളത്തേരി ശങ്കരമേനോൻ മലയാളംപ്രസിദ്ധീകരണവകുപ്പിന്റെ അദ്ധ്യക്ഷനായിരുന്നകാലത്താണു് ഇതു് എഴുതിവെച്ചിട്ടുള്ളതു; അദ്ദേഹംതന്നെയാണു് ഈ കാവ്യസംഹിതയ്ക്കു് പദ്യരത്നമെന്നു് നാമധേയം നൽകിയതും.

"പലവക ഒററശ്ലോകങ്ങൾ" എന്ന പ്രസിദ്ധീകരണത്തിൽ പരേതനായ ക്യൂറേറ്റർ, ശ്രീ. കെ. സാംബശിവശാസ്ത്രികൾ പദ്യരത്നത്തിൽനിന്നും കുറെ പദ്യങ്ങൾ എടുത്തു് പ്രകാശനംചെയ്തിട്ടുണ്ടു്. അവ പ്രസ്തുതപ്രസാധനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ സമാഹാരത്തിൽ കാണുന്ന ചില പദ്യങ്ങൾ പ്രാചീനഭാഷാകുതുകികളായ പണ്ഡിതന്മാരിൽ ചിലർ മാസികകളിലും മററും ഉദ്ധരിച്ചിട്ടുള്ളതും ഇവിടെ സ്മരണീയമാണു്.

ഈ പ്രസാധനത്തിന്റെ പ്രൂഫുകൾ പരിശോധിക്കുന്നതിൽ ശ്രീമാന്മാർ പണ്ഡിതർ ഈ. വി. രാമൻനമ്പൂതിരി, വിദ്വാൻ കണ്ണമ്പുഴ കൃഷ്ണവാര്യർ, വി. കൃഷ്ണയ്യർ, എം. ഏ. എന്നിവർ സാഹായ്യം അനുഷ്ഠിച്ചിട്ടുണ്ടു്. മണിപ്രവാളപ്രസ്ഥാനത്തെ പരാമർശിക്കുന്ന ഉപോദ്ഘാതവും, നായികാനാമസൂചി, വിശേഷപദസൂചി, ശ്ലോകാനുക്രമണിക എന്നീ അനുബന്ധങ്ങളും പഠിതാക്കൾക്കു് ഉപയോഗപ്രദമായിരിക്കുമെന്നു് വിശ്വസിക്കുന്നു. ഈ മുഖവുരയോടുകൂടി, സാഹിത്യപരമായും സാംസ്കാരികമായും പ്രാധാന്യം അർഹിക്കുന്ന ഈ പ്രസിദ്ധീകരണത്തെ സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
15-12-1124.

പി. കെ. നാരായണപിള്ള.

ഉപോദ്ഘാതം

I

സംസ്കൃതത്തിന്റെ അതിപ്രസരം

സംസ്കൃതത്തിന്റെ സ്വതഃസിദ്ധമായ മഹത്ത്വം അന്യാദൃശമാണ്. അനേകം സഹസ്രാബ്ദങ്ങളിലെ അനസ്യൂതമായ പ്രതിഭാവ്യാപാരത്തിന്റെ പരിണതഫലമായ ആ ചൈതന്യം മാനവസംസ്കാരത്തെ ഇന്നും പ്രഭാഭാസുരമാക്കുന്നു. എന്നാൽ സംസ്കാരചരിത്രത്തിൽ സംസ്കൃതത്തിനുള്ള പ്രാധാന്യം നിർണ്ണയിക്കുമ്പോൾ അതിന്റെ സ്വകീയവൈഭവത്തെപ്പോലെ തന്നെ അതിന്റെ അതിപ്രസരവൈപുല്യത്തെയും പരിഗണിക്കേണ്ടതാണ്. ആകർഷകമായ ഔത്കൃഷ്ട്യം സമാർജ്ജിച്ച സംസ്കൃതം ഭാരതത്തെയും ഏഷ്യയുടെ ഭൂരിഭാഗത്തെയും സ്വാധികാരവലയത്തിലാക്കിയിട്ട് ശതാബ്ദങ്ങൾ എത്രയോ കഴിഞ്ഞു! ഏഷ്യാമദ്ധ്യം, സമീപപൂർവ്വദേശം, കാക്കേഷ്യ, ററിബററ്, ബർമ്മ, ഇൻഡോച്ചൈന, ഇൻഡൊനേഷ്യ തുടങ്ങിയ മററുരാജ്യങ്ങൾ സംസ്കൃതത്തിന്റെ അതിപ്രസരത്തിന് വിധേയങ്ങളായിത്തീർന്നു. വിശാലമായ ഈ അധികാരമണ്ഡലത്തിലെ ഭാഷകളിലും സാഹിത്യങ്ങളിലും സംസ്കൃതത്തിന്റെ മായാത്ത മുദ്രകൾ ഇന്നും കാണാവുന്നതാണ്. സംസ്കൃതത്തിന്റെ അതിവ്യാപകമായ ഈ അതിപ്രസരത്തിന്റെ വിശിഷ്ടഫലമാണ് പല ഭാഷകളിലും ഉടലെടുത്ത മണിപ്രവാളപ്രസ്ഥാനം.

മലയ, ഇൻഡോച്ചൈന, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ സംസ്കൃതം ഒരു കാലത്ത് വളരെ പ്രചാരത്തിലിരുന്നിരുന്നു. സാംസ്കാരികമായ കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല, കോടതികളിലെ ആവശ്യത്തിനും ശിലാശാസനാദിപ്രമാണനിർമ്മിതിക്കും മററും അവിടങ്ങളിൽ സംസ്കൃതം ഉപയോഗിച്ചിരുന്നു. ഇതിന്റെ ഫലമായി ആ പ്രദേശങ്ങളിലെ ഭാഷകളിൽ സംസ്കൃതപദങ്ങൾ ധാരാളമായിക്കടന്നുകൂടി. അതുപോലെ തന്നെ അവിടെ പ്രയോഗത്തിലിരുന്ന സംസ്കൃതത്തിൽ ദേശീയപദങ്ങളും ആവശ്യാനുസാരം ഉൾപ്പെടുത്തിയിരുന്നു. സുമാത്രയിൽ ശ്രീവിജയപട്ടണത്തിലെ അതിപ്രാചീനമായ ഒരു ശിലാശാസനത്തിലുള്ള ഒരു ഭാഗം ഉദാഹരണാർത്ഥം ഉദ്ധരിക്കാം.

"സ്വസ്തിശ്രീ ശകവർഷാതീത ൬൦൫ ഏകാദശി ശുക്ലപക്ഷവുലൻ വൈശാഖദപുന്ത ഹിയം നയിക് ദിസംവു മനലപ് സിദ്ധയാത്രാദി സപ്തമി ശുക്ലപക്ഷവുലൻ ജ്യേഷ്ഠ ദപുന്ത ..."

ഈ രേഖയിൽ സംസ്കൃതവും ദേശഭാഷയും സങ്കലിതങ്ങളായിരിക്കുന്നതു സ്പഷ്ടമാണല്ലോ. ജാവായിലെ ഒരു സംസ്കൃതശിലാശാസനത്തിൽ ദേശഭാഷയിലെ പേരുകൾ അതേരൂപത്തിൽ പ്രയോഗിച്ചിരിക്കുന്നതു നോക്കുക:

“പങ്കര – തവാന – തീരിവനാമഭിരാദേശ ശാസ്ത്രിഭി രാജ്ഞഃ
താരാദേവനം കാരിതമിദമപി ചാപ്യാര്യഭിക്ഷൂണാം.”

സംസ്കൃതത്തെ ഉപജീവിച്ചുകൊണ്ട് ഒട്ടനേകം കൃതികൾ ക്രിസ്തുവർഷം ൮൯-ാം നൂററാണ്ടു മുതൽ ജാവായിൽ വിരചിതങ്ങളായിട്ടുണ്ട്. രാമായണം, ഭാരതം എന്നീ ഇതിഹാസങ്ങളെയാണ് കവികൾ അധികമായി അനുകരിച്ചിരുന്നതു്. രഘുവംശം, കുമാരസംഭവം തുടങ്ങിയ സംസ്കൃതകാവ്യങ്ങളെ മാതൃകയാക്കിയും പല കൃതികളും ജാവായിലെ സാഹിത്യത്തിൽ ഉടലെടുത്തു. സംസ്കൃതത്തിലെ രസചിത്രീകരണം 'പ്രകൃതിവർണ്ണനം' അലങ്കാരപ്രയോഗം എന്നീ സാഹിത്യഘടകങ്ങളുടെ അതിപ്രസരം ഈ കാവ്യങ്ങളിൽ സർവ്വാംഗീണമായി സ്ഫുരിക്കുന്നുണ്ടു. സംസ്കൃതസാഹിത്യത്തെപ്പോലെ തന്നെ, ജാവായിലെ കവികൾ സംസ്കൃതഭാഷയെയും അവരുടെ ഭാഷാപോഷണത്തിനായി ചൂഷണം ചെയ്തിരുന്നു. അനവധി സംസ്കൃതപദങ്ങളെ രൂപം മാററിയും മാററാതെയും അവർ സ്വഭാഷയിലേക്ക് സംക്രമിപ്പിച്ചിട്ടുണ്ട്. വിഭക്തിപ്രത്യയങ്ങളോടുകൂടിയ സംസ്കൃതപദങ്ങൾ കാവ്യങ്ങളിൽ ഉപയോഗിക്കുന്നതിനും അവർ അല്പവും മടിച്ചിരുന്നില്ല. ഉദാഹരണമായി ഒരു ശ്ലോകം നോക്കുക:

സമർ ദിവാരാത്രി നെകങ്ങ് സുരാലയ
ദനിങ്ങ് പ്രകാശാത്മക സർവ്വഭാസ്വര
അനിങ്ങ് സെകർണ്ണിങ്ങ് കുമുദാജരിങ്ങ് കുലം
ധൃഅങ്ങ് ചക്രവാകിൻ പപസഹ്ലവാൻ പ്രിയം. *

[സ്വർഗ്ഗലോകത്തിലെ പദാർത്ഥങ്ങളുടെ സ്വയംപ്രകാശം നിമിത്തം രാത്രിയും പകലും തിരിച്ചറിവാൻ നിവൃത്തിയില്ലായിരുന്നു. വികസിച്ച ആമ്പലും പ്രിയാവിരഹിതനായ ചക്രവാകവും മാത്രമായിരുന്നു രാത്രിയെ സൂചിപ്പിച്ചിരുന്നതു്].

മലയായിലും മററുമുള്ള മുസ്ലിം വ്യാപാരികൾ ഇന്നും അവരുടെ എഴുത്തുകളുടെ മുകളിൽ “ശ്രീ”യുടെ തദ്ഭവമായ “ചിരി” എന്ന വാക്ക്

*സുപ്രസിദ്ധ ചരിത്രഗവേഷകനും സാഹിത്യകാരനുമായ സർദാർ മേജർ കെ. എം. പണിക്കരുടെ ഒരു ലേഖനത്തിൽ നിന്നുമാണ് ഈ ശ്ലോകം ഉദ്ധരിക്കുന്നതു്.

എഴുതിവരുന്ന പതിവും സംസ്കൃതത്തിന്റെ അതിപ്രസരത്തെ സൂചിപ്പിക്കുന്നതാണല്ലോ.

ബംഗാളി, ഹിന്ദി, ഗുജറാത്തി, മറാട്ടി തുടങ്ങി ഭാരതത്തിലുള്ള ആര്യഭാഷകളിൽ സംസ്കൃതം ചെലുത്തിയിട്ടുള്ള അധികാരശക്തി നിസ്സീമമാണ്. അതിനെപ്പററി ഇവിടെ വിശേഷവിധിയായി ഒന്നും തന്നെ പ്രസ്താവിക്കുന്നില്ല. സംസ്കൃതവും ഉറുദുവുമായുള്ള ബന്ധവും ഗാഢമാണെന്നുള്ളത് വിസ്മരിച്ചുകൂടാ. അറബി, പേർഷ്യൻ എന്നീ ഭാഷകളിലെ പദങ്ങളൊഴിച്ചാൽ ഉറുദുവിലുള്ള ശബ്ദങ്ങളിൽ 75 ശതമാനവും സംസ്കൃതത്തിൽ നിന്നും സ്വീകരിച്ചവയാണെന്ന് നിർണ്ണയിക്കപ്പെട്ടിരിക്കുന്നു.

ദ്രാവിഡഭാഷകളുടെ കൂട്ടത്തിൽ മലയാളം കഴിഞ്ഞാൽ തെലുങ്കിലാണ് സംസ്കൃതത്തിന്റെ അതിപ്രസരം അധികമായിക്കാണുന്നത്. തെലുങ്കിലെ അതിപ്രാചീനകൃതികൾ പോലും സംസ്കൃതത്തിന്റെ പ്രേരണാശക്തിക്ക് വശംവദമായി നിർമ്മിച്ചിട്ടുള്ളവയാണ്. ക്രി. ഡി. ൧൧-ാം നൂററാണ്ടിൽ രാജരാജനരേന്ദ്രൻ എന്ന രാജാവിന്റെ ആശ്രിതനായിരുന്ന നന്നയ്യഭട്ടൻ സംസ്കൃതഭാഷയിൽ രചിച്ച "ആന്ധ്രശബ്ദചിന്താമണി" എന്ന തെലുങ്കുവ്യാകരണത്തിൽ സംസ്കൃതപദങ്ങളുടെ തദ്ഭവരൂപങ്ങൾ നിഷ്പാദിപ്പിക്കുവാനുള്ള ഭാഷാനിയമങ്ങൾ പ്രതിപാദിച്ചുകാണുന്നു. പന്ത്രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ശിവഭക്തനായ പൽക്കുർക്കി സോമനാഥകവി നിർമ്മിച്ച "വൃഷാധിപശതകം" എന്ന സ്തോത്രത്തിലെ തെലുങ്കുസംസ്കൃതസംയോഗം സഹൃദയന്മാരെ രസിപ്പിക്കാതിരിക്കയില്ല. ഉദാഹരണത്തിനായി ഒരു പദ്യം ഉദ്ധരിക്കാം:

> അന്യായമു ചെട്ടലന്ദു ഭവദാംഘ്രിയുഗം നമാമി
> നെമ്മനമുന സംസ്മരാമി യന മാടല നിൻ
> വരിവസ്തുരോമ്യഹം മനചേ മണിപ്രവാളമുന
> നങ്കന സേയുദു ഭക്തലോകഹൃദചനജ-
> വിഹാരലോല ബസവ ബസവ ബസവ വൃഷാധിപ!

എന്റെ മണിപ്രവാളത്തിൽ ശ്ലാഘ്യത വരുത്തുന്ന, ഭക്തലോകഹൃദയകമലത്തിൽ വിഹാര ലോലനായ നന്ദികേശ്വര! വൃഷാധിപ! അന്യായത്തെ നശിപ്പിക്കുന്ന അങ്ങയുടെ ചരണയുഗത്തെ ഞാൻ നമസ്കരിക്കുന്നു; എന്റെ മനസ്സിൽ സ്മരിക്കുന്നു. ഏതു വാക്കിലും ഞാൻ അങ്ങയെ സ്തുതിക്കുന്നു.

വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളും തെലുങ്കുപദങ്ങളും ഇടകലർന്നു പ്രയോഗിച്ചിരിക്കുന്ന ഈ കാവ്യസരണിക്ക് മണിപ്രവാളമെന്ന സംജ്ഞയും ൧൨-ാം നൂററാണ്ടിൽ പ്രചാരത്തിലിരുന്നിരുന്നു എന്ന വസ്തുതയും ഈ ഭാഗം വ്യക്തമാക്കുന്നു.

തെലുങ്ക, കന്നടം, മലയാളം എന്നീ ഭാഷകളിലെന്നപോലെ തമിഴിൽ സംസ്കൃതത്തിനു കൈയ്കടത്തുവാൻ സാധിച്ചിട്ടില്ല എന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. പക്ഷെ അതുപോലെത്തന്നെ അനിഷേധ്യമായ ഒരു വസ്തുതയാണ അതിപ്രാചീനമായ തമിഴ്കൃതികളിൽപോലും സംസ്കൃതത്തിൻെറ അതിപ്രസരലക്ഷണങ്ങൾ കാണ്മാനുണ്ടെന്നുള്ളതു്. എ. ഡി. ൧൧-ാം നൂററാണ്ടിൽ ബുദ്ധമിത്രനാർ എന്ന പണ്ഡിതൻ രചിച്ച "വീരചോഴിയം" എന്ന തമിഴ്വ്യാകരണഗ്രന്ഥത്തിൽ ഇങ്ങനെ മണിപ്രവാളലക്ഷണം കൊടുത്തിരിക്കുന്നു.

"ഇടൈയെ. വടവെഴുത്തെയ്തിൽ വിരവിയൽ, ഈരണ്ടെതുകൈ
നടൈയേതുമില്ലാ മണിപ്പിരവാള നറെറയ്വച്ചൊല്ലിൻ
ഇടൈയേ മുടിയും..."

സൂത്രം. (൧൮൦)

എതുക തുടങ്ങിയ ശബ്ദാലങ്കാരം ദീക്ഷിക്കാതെ തമിഴും സംസ്കൃതവും സങ്കലനം ചെയ്യുന്നതിനെ മണിപ്രവാളം എന്നു വ്യവഹരിച്ചിരുന്നു എന്ന് ഈ നിർവ്വചനത്തിൽ നിന്നും മനസ്സിലാക്കാം. സംസ്കൃതം അതിപ്രാചീനകാലത്തു തന്നെ തമിഴിനെ സാമാന്യമായി വശീകരിച്ചിരുന്നു. സംഘം കൃതികളിൽ പോലും സംസ്കൃതാംശങ്ങൾ കാണുവാൻ കഴിയും. ശിലാശാസനങ്ങൾ എഴുതിയിരുന്ന ഭാഷയിൽ സംസ്കൃതപദങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നു. എട്ടാംശതകത്തിലെ 'വേൾവികുടി' ശാസനത്തിൽ നെടുഞ്ചടയനെ പ്രശംസിക്കുന്ന ഭാഗം മാതൃകയ്ക്കായി താഴെ ചേർക്കുന്നു.

'ശ്രീവരൻ ശ്രീമനോഹരൻ ചിനച്ചോഴിയൻ പുനപ്പൂഴിയൻ വീതകല്മഷൻ വിനയവിശ്രുതൻ വിക്രമപാരഗൻ വീരപുരോഗൻ മരുൽബലൻ മാന്യശാസനൻ മന്ത്രപമൻ മർദ്ദിതവീരൻ ഗിരിസ്ഥിരൻ ഗീതികിന്നരൻ കൃപാലയൻ കൃതാവദാനൻ കലിപ്പകൈ കണ്ടകനിഷ്ഠുരൻ കാര്യദക്ഷിണൻ കാർമ്മുകപാർത്ഥൻ പരാന്തകൻ പണ്ഡിതവത്സലൻ പരിപൂർണ്ണൻ പാപഭീരു കുറൈയറു കടൽപടൈത്താനൈ ഗുണഗ്രാഹിൻ ഗ്രന്ഥനിർണ്ണയൻ നിരൈയറുമലർമണിനീൺമുടിനേരിയർകോൻ നെടുഞ്ചടയൻ....."

എട്ടാം ശതകത്തിൽ രചിച്ച പെരുന്ദേവനാർഭാരതത്തിലെ ഭാഷാരീതിയും സംസ്കൃതമിശ്രിതമായിരിക്കുന്നു.

"ഇവ്വണ്ണമെ അശരീരിയാകിയ ആദിത്യഭഗവാനം അന്തർദ്ധാനം ചെയ്തപിൻപ് കന്നനുടയ ത്യാഗശക്തിയിൻ മഹാനുഭാവംകണ്ട് ദേവജാതികളും ആശ്ചര്യപ്പെട്ടു പുഷ്പവർഷം പൊഴിന്താർ." ഈ വാചകത്തിൽ നിന്നും ആ കൃതിയിലെ ഭാഷാശൈലി വിശദമാകുന്നതാണ്.

ഇപ്രകാരം വളരെ പ്രാചീനകാലത്തു തന്നെ തമിഴിന സംസ്കൃതത്തോട് ഗണ്യമായ കടപ്പാട് സംഭവിച്ചിരുന്നുവെങ്കിലും ജൈനമതവും വൈഷ്ണവമതവും പ്രചരിപ്പിക്കുവാൻ അവയുടെ അനുയായികൾ എഴുതിയ ഗ്രന്ഥങ്ങളിലാണ് ഈ ഭാഷകളുടെ ഗാഢമായ സമ്മിശ്രണം അതിന്റെ പരകോടിയിലെത്തിച്ചേർന്നത്. വൈഷ്ണവനായ പിൻപഴകിയപെരുമാൾജീയരുടെ കൃതിയിലെ ഭാഷാരീതി നോക്കുക :—

"ഇവരും വളർത്ത കേശശ്മശ്രുക്കളെയുടയവരായ്, പ്രവൃത്തരോമപ്രകാശിതാങ്കരായ്, പരിതൗതതന്തവസ്ത്രോർദ്ധ്വപുണ്ഡ്റങ്കളെയും ഉടയവരായ്, തരിക്കപ്പെട്ട തുളസീപത്മാക്ഷമാലയെയും, തപാതശോർദ്ധ്വപുണ്ഡ്റങ്കളെയുമുടയവരായ്, തിവ്യോദ്യാനസ്ഥതരു കുല്മലതംതികളുക്കു ആലവാലകരണ ജലസേചനാദികൈങ്കരിയനിരതരായിരാനിക്ക, അതൈത്ത അവർകളിരുവരും വിസ്മയത്തുടൻ ആലോകിത്തുക്കൊണ്ടിരുക്ക, ഇവരും തം കൈങ്കര്യാസക്തചിത്തരായ് അവർകളൈ കണ്ണെടുത്തുപ്പാരാമൽ തിരസ്കരിത്തിരുക്ക, അപ്പളവിലേ തേവതേവിയും തൻതമക്കൈയുടനേ 'ഇവൻ ക്ലീബനോ? ഉന്മത്തനോ? നാം വന്തു മുന്നേ നിക്കനിരീക്ഷിയാതിരുക്കിറാൻ'; എൻറു കൂറിനർ."

തമിഴിലെ പ്രാചീനകൃതികളിൽ ഇത്രയെല്ലാം സംസ്കൃതവിലസിതം കാണുന്നുണ്ടെങ്കിലും പ്രത്യയങ്ങൾക്കു മാററം വരുത്താത്ത സംസ്കൃതപദങ്ങൾ അവയിൽ ഉപയോഗിച്ചിരുന്നില്ല. എന്നാൽ കളവൂർ വിശ്വനാഥശർമ്മ എന്ന കവിയാൽ വിരചിതമായ വിരാടപർവ്വമെന്ന അനതിപ്രാചീനമായ തമിഴ്കൃതിയിൽ ഈവിധമുള്ള തമിഴ്സംസ്കൃതയോഗവും കാണുന്നുണ്ട്. ഉദാഹരണമായി പാഞ്ചാലിയുടെ പരിദേവനം കേട്ട് ഭീമസേനൻ സ്വവല്ലഭയെ സാന്ത്വനപ്പെടുത്തി എന്ന പ്രസ്താവിക്കുന്ന ശ്ലോകം നോക്കുക:

പൊഴിന്തമൊഴി കേട്ടവൻ ദയിതയാ
രിപും പ്രത്യലം
കൊഴുന്തുവിടവേ ഹൃദി ജ്വലിതകോപ-
കാലാനലഃ

വിഴുന്ത മിഴിനീർകളെയവളിട സ്വയം-
മാർജയ-
ന്നഴുന്ത യിതുകൊങ്കയും ദൃഢമതെന്നു
താമബ്രവീത്.

സംസ്കൃതഭാഷയുടെ ദുർനിരോധമായ ആകർഷണശക്തിക്കു
വിധേയമായി, ഇങ്ങനെ പല ഭാഷകളും രൂപം മാറിയിട്ടുണ്ടെങ്കിലും, മല
യാളത്തിലെ മണിപ്രവാളപ്രസ്ഥാനം പോലെ അതിവിശിഷ്ടമായ ഒരു
സാഹിത്യസരണി മറെറാരു ഭാഷയിലും ആവിർഭവിച്ചിട്ടില്ല എന്നു
ള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

II

കേരളവും സംസ്കൃതവും.

ആര്യന്മാരുടെ ആഗമനത്തോടുകൂടി ആയിരിക്കണമല്ലോ സംസ്കൃത
ത്തിന് കേരളത്തിൽ പ്രചാരം ലഭിച്ചതു്. അതിനാൽ ഭാഷാസംസ്കൃത
യോഗത്തിൻെറ ഉൽപത്തികാലത്തെപ്പററി ചിന്തിക്കുമ്പോൾ ഉത്തരേൻ
ഡ്യയിൽനിന്നും ആര്യന്മാർ ദക്ഷിണാപഥത്തിലേക്കു പ്രവേശിച്ചതു്
എന്നായിരിക്കണമെന്ന പ്രശ്നം ഉന്നമനം ചെയ്യുന്നു. ചരിത്രാതീത
കാലത്തെ സ്പർശിക്കുന്ന ഈ അന്വേഷണം തികച്ചും സഫലമാവുക
സാദ്ധ്യമല്ല. പോരെങ്കിൽ പല പണ്ഡിതന്മാരും ചർച്ച ചെയ്തു് വി
ന്നസിദ്ധാന്തങ്ങളിൽ എത്തിച്ചേർന്നിട്ടുള്ള ഒരു പ്രശ്നവുമാണിതു്. അതു
കൊണ്ടു് ഈ പ്രകൃതത്തിന് ആവശ്യമുള്ള ഒരു നിലപാടു വരുത്തുക
മാത്രമേ ഇവിടെ ചെയ്യുന്നുള്ളു.

മഹാഭാരതത്തിലും വാല്മീകിരാമായണത്തിലും, ദക്ഷിണേൻഡ്യ
യെപ്പറ്റിയും, അവിടത്തെ രാജാക്കന്മാരെയും ജനങ്ങളെയും പറ്റിയും വിവിധ
രൂപത്തിലുള്ള പരാമർശങ്ങൾ ധാരാളമായിക്കാണുന്നുണ്ടു്. ഇതിൽ
നിന്നും അനുമാനിക്കേണ്ടതു് ഈ ഇതിഹാസങ്ങളുടെ രചനാകാലത്തു്
ഔത്തരാഹന്മാർക്കു് ദക്ഷിണേന്ത്യ സുപരിചിതമായിരുന്നു എന്നും അവർ
ദക്ഷിണദേശത്തു് ആവാസം ഉറപ്പിച്ചിരുന്നു എന്നുമാണ്. ആര്യന്മാ
രുടെ ദക്ഷിണാപഥത്തിലേക്കുള്ള പ്രസരണത്തിൻെറ ചരിത്രമായിട്ടുപോലും
രാമായണത്തെ നിരൂപണം ചെയ്തിട്ടുണ്ടു്. ദശരഥൻ അശ്വമേധയാഗം
നടത്തുവാൻ നിശ്ചയിച്ച അവസരത്തിൽ, ക്ഷണിക്കേണ്ട ആളുകളെപ്പറ്റി
വസിഷ്ഠൻ സുമന്ത്രരെ ഉദ്ബോധിപ്പിക്കുന്ന ഭാഗത്തു്,

"ദാക്ഷിണാത്യാൻ നരേന്ദ്രാംശ്ച
സമസ്താനാനയസ്വ ഹ."

എന്നു കാണുന്നു. ദാക്ഷിണാത്യരായ എല്ലാ രാജാക്കന്മാരേയും കൂട്ടിക്കൊണ്ടുവരണമെന്നാണു് വസിഷ്ഠൻ പറയുന്നതു്. ഇതു് ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും അക്കാലത്തുണ്ടായിരുന്ന രാജാക്കന്മാരുടെ സൗഹാർദ്ദത്തെ അല്ലേ പ്രകടിപ്പിക്കുന്നതു്? അവരുടെ സംസ്കാരൈക്യത്തെയല്ലേ ഇതു് ഉദ്ഘോഷിക്കുന്നതു്?

ഏററവും പ്രാചീനങ്ങളായ തമിഴ്കൃതികളിൽ പോലും സംസ്കൃതത്തിന്റെ അതിപ്രസരം കാണുന്നുണ്ടെന്നുള്ളതു് മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ വസ്തുതകളെല്ലാം പരിഗണിച്ചു് ആര്യന്മാർ ക്രിസ്തുവർഷാരംഭത്തിനു് വളരെ മുൻപുതന്നെ ദക്ഷിണേന്ത്യയിൽ കുടിയേററം നടത്തിയിരിക്കണമെന്നു് അനുമാനിച്ചാൽ അതു നിഷേധാർഹമാകയില്ല.

കേരളത്തിന്റെ അധിപന്മാരായിത്തീർന്ന ബ്രാഹ്മണർ അറുപത്തിനാലു ഗ്രാമങ്ങളായി രാജ്യം വിഭജിച്ചു് പ്രാതിനിധ്യതത്വത്തിൽ ഭരണം നടത്തുകയും, ആ ഭരണരീതി കാലക്രമേണ പരാജയമടയുകയും, അനന്തരം പെരുമാൾഭരണം ആരംഭിക്കുകയും ചെയ്തു എന്നാണല്ലോ നമ്മുടെ ഐതിഹ്യം. പെരുമാൾഭരണത്തിന്റെ ആരംഭകാലം "ഭൂമിൻ ഭൂപോയം പ്രാപ്യ" എന്ന കലിവർഷത്തിനു സമമായ എ. ഡി. ൨൧൬-ാമാണ്ടു് ആണെന്നു വിശ്വസിക്കപ്പെടുന്നു.* ബ്രാഹ്മണർക്കു കേരളത്തിൽ ആധിപത്യം സ്ഥാപിക്കുവാനും, രാജ്യം ഗ്രാമങ്ങളായി വിഭജിച്ചു് പ്രതിനിധിസഭയോടുകൂടിയ ഒരു ഭരണയന്ത്രം സൃഷ്ടിക്കുവാനും, അതു ക്രമേണ തകർന്നുപോകുവാനും മററുമായി കുറഞ്ഞപക്ഷം രണ്ടു മൂന്നു നൂററാണ്ടുകളെങ്കിലും വേണ്ടിവന്നിരിക്കണം.

കേരളത്തിൽ കുടിപാർപ്പിനായി രണ്ടു സംഘം ആര്യന്മാർ വന്നിട്ടുണ്ടെന്നാണു 'ഗ്രാമപദ്ധതി' മുതലായ ചില പഴയ കൃതികളിൽനിന്നും മനസ്സിലാക്കേണ്ടതു്. ആദ്യത്തെ സംഘത്തിന്റെ നേതാവു് പരശുരാമനും, രണ്ടാമത്തേതിന്റേതു് മയൂരവർമ്മനും ആയിരുന്നു. കദംബവംശ

* തിരുവിതാംകൂർ സ്റ്റേററ്മാന്വൽ വാല്യം ൨, പുറം ൭ "ഭൂർധരാം" എന്ന കലിയനുസരിച്ചു് ബി. സി. ൧൧൧ൽ പെരുമാൾഭരണം ആരംഭിച്ചതായി വിചാരിക്കണം.

സംസ്കൃതമയമായ ഭാഷയിലും, ദേശഭാഷാപക്ഷപാതികൾ കൂടുതൽ മലയാളമയമായ ഭാഷയിലും പ്രവചനങ്ങൾ നടത്തിവന്നിരിക്കണം. പ്രവചനത്തിൽ ഒരു ഭാഷയ്ക്കു് പ്രാധാന്യവും മററതിന് അപ്രാധാന്യവും കല്പിക്കുന്ന ഈ രീതിയെ അപലപിച്ചുകൊണ്ടു് ഒരു ആചാര്യൻ സ്പൃഹണീയമായ മാർഗ്ഗം നിർദ്ദേശിച്ചിരിക്കുന്നതു നോക്കുക:

"നാത്യന്തം സംസ്കൃതേനൈവ
നാത്യന്തം ദേശഭാഷയാ
കഥാംഗോഷ്ഠീഷു കഥയൻ
ലോകേ ബഹുമതോ ഭവേത്."

ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സംസിദ്ധമായ സംസ്കൃതഭാഷാസമ്പർക്കം കൊല്ലവർഷത്തിന്റെ ആദിശതകങ്ങളിൽ തന്നെ മലയാളസാഹിത്യത്തെ പ്രചോദനം ചെയ്തിരിക്കണം. എന്നാൽ കൊല്ലം നാലാം നൂററാണ്ടിനു മുൻപുള്ള മലയാളകൃതികൾ നമുക്കു് ലഭിക്കുവാൻ തരമായിട്ടില്ല.

III

മണിപ്രവാളം.

മലയാളത്തിൽ ഇന്നു് അറിയപ്പെട്ടിട്ടുള്ള പ്രാചീനകൃതികൾ എല്ലാം തന്നെ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ സംസ്കൃതത്തെ ഉപജീവിച്ചു് രചിച്ചിട്ടുള്ളവയാണു്. ഇതുകൊണ്ടു് സംസ്കൃതത്തിന്റെ ആവിർഭാവത്തിനു മുൻപ് കേരളക്കരയിൽ സാഹിത്യകല ഉദയം ചെയ്തിരുന്നില്ലെന്നു് അർത്ഥമാക്കേണ്ടതില്ല. 'പാട്ടു്' എന്ന ഒരു സാഹിത്യസരണി കൈരളിയുടെ ശൈശവാലങ്കാരമായുണ്ടായിരുന്നു എന്നുള്ളതു് നിർവിവാദമാണു്. മലയാളം സംസ്കൃതത്തിന്റെ അതിപ്രസരത്തിന് വിധേയമായി മണിപ്രവാളം എന്ന ഒരു പ്രത്യേക സാഹിത്യസരണിയിൽ വിഹരിക്കുവാൻ തുടങ്ങിയിട്ടും പാട്ടിന്റെ പ്രാധാന്യത്തിനോ പരിപുഷ്ടിക്കോ സാരമായ ഹാനി ഒന്നും ഉണ്ടായില്ലെന്നു വേണം വിചാരിക്കുവാൻ.

ഇന്നു നാമറിയുന്ന സാഹിത്യചരിത്രത്തിന്റെ ആദിദശയിലേക്കു് കണ്ണോടിച്ചാൽ രണ്ടു വ്യത്യസ്തങ്ങളായ സാഹിത്യപഥങ്ങൾ ദർശിക്കുവാൻ കഴിയും; ഒന്നു് 'പാട്ടു്' മറേറതു് 'മണിപ്രവാളം.' നമുക്കു ലഭിച്ചിട്ടുള്ള പാട്ടുകൾ പലവിധത്തിലും സംസ്കൃതത്തിനു കടപ്പെട്ടിട്ടുള്ളവയാണെങ്കിലും അവയ്ക്കു് ഒരു ദ്രാവിഡതപമുണ്ടു. അവ മലയാളത്തിലെ

ലുപ്തപ്രചാരങ്ങളായ പഴയ പാട്ടുകളുടെ ഗോത്രത്തിൽ ജനിച്ചവയാണ്. ദ്രമിഡാക്ഷരഘടിതങ്ങളായ പദങ്ങളുപയോഗിച്ച് എതുക, മോന എന്നീ രചനാനിബന്ധനകളോടുകൂടി ദ്രാവിഡവൃത്തങ്ങളിൽ പാട്ടുകൾ രചിക്കപ്പെട്ടിരിക്കുന്നു. 'വീരചോഴിയ'ത്തിലെ മണിപ്രവാളലക്ഷണത്തിൽ നിന്നും തമിഴ്പ്പാട്ടുകളെപ്പററി ഊഹിക്കാവുന്നതും ഇതു തന്നെയാണ്. എതുക, മോന എന്നിവയില്ലാതെ സംസ്കൃതസമ്മിശ്രിതമായി തമിഴിൽ കാണുന്ന കാവ്യപദ്ധതിയെ മണിപ്രവാളമെന്നു വ്യവഹരിക്കുന്നതിൽ നിന്നും തമിഴ്പ്പാട്ടുകളിൽ എതുകയും മോനയുമുണ്ടെന്നും സംസ്കൃത തത്സമങ്ങളില്ലെന്നും ആണല്ലോ സിദ്ധിക്കുന്നത്. അതിനാൽ നമ്മുടെ പാട്ടിനും തമിഴ്പ്പാട്ടിനും മണിപ്രവാളത്തിൽനിന്നുമുള്ള വിഭിന്നത ഏതാണ്ട് ഒന്നുതന്നെയാണെന്നു പറയാം. ദ്രാവിഡമത്ര തെളിഞ്ഞു കാണുന്ന ഈ പ്രാചീനകാവ്യപദ്ധതിയോടുകൂടിത്തന്നെ നൂതനമായി വന്നുചേർന്ന മണിപ്രവാളസരണിയും മലയാളത്തിൽ പുരോഗമിക്കുകയും അതിന് കൊല്ലം ആറാം നൂററാണ്ടിൽ 'ലീലാതിലകം' എന്ന ലക്ഷണ ഗ്രന്ഥം ഉണ്ടാകുകയും ചെയ്തു.

"ഭാഷാസംസ്കൃതയോഗോ മണിപ്രവാളം" എന്ന ലീലാതിലക സൂത്രം പ്രസിദ്ധമാണല്ലോ. ഈ സൂത്രത്തിന്റെ വൃത്തിയിൽ "ഭാഷാ സംസ്കൃതയോഗോ ഭിവചനേനൈവ സേത്സ്യതി. ഏവംഭൂതസ്യ വാക്യവിശേഷസ്യ മണിപ്രവാളമിതിസംജ്ഞാ സാധ്യവസാനലക്ഷണയാ" എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന് മണിപ്രവാളമെന്നത് ഭാഷാപദങ്ങളും സംസ്കൃതപദങ്ങളും ഉപയോഗിച്ചു രചിക്കുന്ന വാക്യവിശേഷത്തിന്റെ പേരാണെന്ന് വ്യക്തമാകുന്നു.

മണിപ്രവാളത്തിലുപയോഗിക്കുന്ന സംസ്കൃതബന്ധമുള്ള പദങ്ങളെ മൂന്നായി തരംതിരിക്കാവുന്നതാണ്.

1. സംസ്കൃതഭവം (തത്ഭവം).
2. സംസ്കൃതരൂപം (തത്സമം).
   (i) സംസ്കൃതവിഭക്തിപ്രത്യയങ്ങളുള്ളവ.
   (ii) വിഭക്തിപ്രത്യയങ്ങളില്ലാത്തവ.
3. സംസ്കൃതീകൃതം.

ഇവയിൽ തത്ഭവശബ്ദങ്ങളും വിഭക്തിപ്രത്യയരഹിതങ്ങളായ തത്സമശബ്ദങ്ങളും മലയാളഭാഷയിൽ പ്രചാരത്തിൽ വന്നതു സ്വാഭാവികമാണ്. ദ്രമിഡസംഘാതാക്ഷരത്തെമാത്രം ശരണീകരിച്ചിരുന്നകാലത്തു

തത്ഭവങ്ങളും, അക്ഷരമാല വിപുലപ്പെടുത്തിയതോടുകൂടി തത്സമങ്ങളും
സംസ്കൃതത്തിന്റെ തള്ളൽകൊണ്ട് മലയാളത്തിൽ സംക്രമിച്ചിരിക്കാവു
ന്നതാണല്ലോ. ഏററവും പ്രാചീനമായ കാലത്തു തന്നെ തമിഴിൽ
തത്ഭവങ്ങൾ കടന്നുകൂടി. കാലക്രമത്തിൽ ഗ്രന്ഥാക്ഷരമുപയോഗിച്ച്
തത്സമപദങ്ങളും എഴുതിത്തുടങ്ങി. മുൻപു പരാമർശിച്ച 'വിരാടപർവ്വം'
പോലെ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ ഉപയോഗിച്ചിരിക്കുന്ന
തമിഴ്കൃതികൾ വളരെ വിരളമാണ്. ഉമ്മ തുതന്നെ വളരെ അർവാ
ചീനമാണുതാനും. തെലുങ്കിലേയും കഥ ഏതാണ്ടിതു തന്നെയാണ്.
"ആന്ധ്രശബ്ദചൂഡാമണി" വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ ഉപ
യോഗിക്കുവാനനുവദിക്കുന്നില്ല. "വൃഷാധിപശതകം" പോലെ ചില
കാവ്യങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ വിഭക്ത്യന്തങ്ങളായ സംസ്കൃത
പദങ്ങളുടെ ഉപയോഗത്തിന് സാധാരണത സിദ്ധിച്ചിരുന്നില്ല. പക്ഷെ
"ലീലാതിലക"മനുസരിച്ച് വിഭക്ത്യന്തങ്ങളയ സംസ്കൃതപദങ്ങൾ ഉപ
യോഗിച്ചാൽ മാത്രമെ മലയാളത്തിൽ മണിപ്രവാളം ആകയുള്ളൂ.
ഭാഷാസംസ്കൃതയോഗമുണ്ടെങ്കിലും "അഭിമന്യുവധാ"ദികളെ മണി
പ്രവാളമായി ലീലാതിലകകാരൻ അംഗീകരിക്കാത്തതിനുള്ള കാരണം
അവയിൽ സ്വസംസ്കാരത്തോടുകൂടിയ സംസ്കൃതപദങ്ങൾ ഇല്ലെന്നുള്ള
താണ്.

വിനോദത്തിനും പരിഹാസത്തിനുമുള്ള ചാടുവാക്യങ്ങൾ രചിക്കു
ന്നതിനാണ് തെലുങ്കിലും തമിഴിലും സാധാരണ വിഭക്ത്യന്തളായ സംസ്കൃത
പദങ്ങൾ ഉപയോഗിക്കാറുള്ളത്. ദരിദ്രാവസ്ഥയെ പരിഹസിച്ചു
കൊണ്ട് തെലുങ്കിൽ എഴുതിയിരിക്കുന്ന ഒരു ശ്ലോകത്തിൽ,

"തണ്ഡുലാലു ഗൃഹമന്ദു വസന്തി
തണ്ഡികൈതെ ബഹമന്ദി വസന്തി".

[വീട്ടിൽ അരിപോട്ടുമില്ല. ഊണുകഴിക്കാൻ ധാരാളം ആളുകളി
രിക്കുന്നുണ്ടുതാനും]

ഇതുപോലെ സാഹിത്യഗൗരവമില്ലാത്ത പല വിനോദശകലങ്ങളും
തമിഴിലുമുണ്ട്.

പരസ്പരം പൊരുത്തമില്ലാത്ത രണ്ടു ഘടകങ്ങളെ ഒരുമിച്ചു കൊ
ണ്ടുവരുമ്പോഴുള്ള ഒരു വിനോദരസം ഈ രീതിയിലുള്ള നിബന്ധങ്ങളിൽ
നിന്നും ലഭിക്കുന്നു. മലയാളത്തിലും രസികന്മാർ ഈ വിനോദമാർഗ്ഗ

ത്തിൽ ധാരാളമായി സഞ്ചരിച്ചിട്ടുണ്ട്. സംസ്കൃതത്തിന്റെ അതിപ്രസരാതിരേകം നിമിത്തം, വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ ഭാഷയിൽ കലർത്തി പ്രയോഗിച്ചാൽ അതു വിനോദകരമായിത്തീരുന്ന ഒരു കാലം ഉണ്ടായിരുന്നിരിക്കാം; എങ്കിലും അതു് എത്രയോ ശതാബ്ദങ്ങൾക്കു് മുൻപു മറഞ്ഞുപോയി. വ്യാകരണസംസ്കാരം സിദ്ധിച്ച സംസ്കൃതപദങ്ങളുടെ പ്രയോഗം ഭാഷയിൽ സർവ്വസാധാരണമായിത്തീർന്നപ്പോൾ ഭാഷാപദങ്ങളെ സംസ്കൃതവേഷം കെട്ടിക്കുന്നതു് ഒരു വിനോദോപായമായി കേരളീയർ സ്വീകരിച്ചു. ഈ പ്രസ്ഥാനത്തിൽ അനശ്വരകീർത്തി സമ്പാദിച്ച ഒരു മഹാരസികനാണു് നമ്മുടെ തോലകവി. അദ്ദേഹത്തിന്റെ—

“ഇച്ഛക്ക്യാമുപയുജ്യ പത്തജനഹോ! ചക്ക്യാണ ചക്ക്യന്തരം സൃഷ്ടിപ്പാൻ .... എന്നും, “നാഴിഭിരുരിഭിരുഴക്ഭിഃ” എന്നും മററുമുള്ള പ്രയോഗങ്ങൾ ആരെയും വിനോദിപ്പിക്കാതിരിക്കയില്ല. ഇതു പോലെ ദേശീയപദങ്ങളിൽ സംസ്കൃതവിഭക്തികൾ വിനോദത്തിനായിപ്പോലും ചേർക്കുന്ന പതിവു് മററു ദ്രാവിഡഭാഷകളിൽ ഒന്നിലും ഉള്ളതായി അറിയുന്നില്ല.

മലയാളത്തിലും മററു ദ്രാവിഡഭാഷകളിലും സംസ്കൃതത്തിന്റെ അതിരു കവിഞ്ഞ അതിപ്രസരം ദൃശ്യമാകുന്ന രചനാരീതി പരിഹാസവിനോദാദികൾ സ്ഫുരിപ്പിക്കുവാൻ വേണ്ടി വിനിയോഗിച്ചിരുന്നതായിട്ടാണല്ലോ മുകളിൽ ചെയ്ത ചർച്ച തെളിയിക്കുന്നതു്. സഗോത്രങ്ങളായ മററു ഭാഷകളിലെന്നപോലെ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ പ്രയോഗിച്ചു് വിനോദമുളവാക്കുന്ന രീതി മലയാളത്തിലും ആദികാലത്തു് ഉണ്ടായിരുന്നിരിക്കണം എന്നു മുൻപു സൂചിപ്പിച്ചുവല്ലോ. എന്നു തന്നെയല്ല, വിനോദത്തിനുവേണ്ടിയാണു് ആദ്യമായി മലയാളത്തിലും വിഭക്ത്യന്തസംസ്കൃതപദങ്ങൾ ഉപയോഗിച്ചു തുടങ്ങിയതു് എന്ന അനുമാനവും അബദ്ധമാകുവാൻ ഇടയില്ല. പക്ഷേ കളിയായി ആരംഭിച്ച ഈ സംയോജനനയം മലയാളത്തിൽ കാലക്രമേണ കാര്യമായിക്കലാശിച്ചു. അപ്പോൾ നേരംപോക്കിനു് ഭാഷാപദങ്ങളെ സംസ്കൃതവിഭക്തിപ്രത്യയങ്ങളുമായി കൂട്ടിയിണക്കിത്തുടങ്ങി. സംസ്കൃതഭാഷയുടെ സംസ്കാരത്തിനു് വശംവദരായ കേരളീയർ ഇതിനെയും നിയമാനുസൃതമായ പ്രയോഗരീതിയായി സ്വീകരിച്ചു. ഇതിനെ “സന്ദർഭേ സംസ്കൃതീകൃതാ ച” എന്ന

സൂത്രം കൊണ്ട് ലീലാതിലകകാരൻ പ്രമാണസനാഥമാക്കുകയും ചെയ്യുന്നതാണ് മലയാളത്തിൽ സംസ്കൃതം കൈയ്കടത്തിയതിന്റെ സ്ഥൂലമായ സ്വഭാവം.

സംസ്കൃതഭാഷയുടേയും സാഹിത്യത്തിന്റേയും ബഹുമുഖമായ സാഹായ്യത്തോടുകൂടി മലയാളത്തിൽ വികസ്വരമായിത്തീർന്ന സാഹിത്യസരണി മണിപ്രവാളമെന്ന പേരിലാണല്ലൊ ഇന്ന് പരക്കെ അറിയപ്പെടുന്നത്. ലീലാതിലകകാരനു മുമ്പ് ഭാഷാസംസ്കൃതയോഗമുള്ള കാവ്യത്തെ എങ്ങിനെയാണ് നിർദ്ദേശിച്ചിരുന്നതെന്നും അദ്ദേഹത്തിനു ഈ പേര് എങ്ങിനെ ലഭിച്ചുവെന്നും ആലോചിക്കേണ്ടിയിരിക്കുന്നു. "ഭാഷാമിശ്രം പൊഴുതു കഥയാമി" എന്ന ലീലാതിലകത്തിലെ ഉദാഹരണത്തിൽനിന്നും ഭാഷയും സംസ്കൃതവും ഇണക്കി എഴുതുന്ന കാവ്യത്തെ ഭാഷാമിശ്രം എന്നു നിർദ്ദേശിച്ചിരുന്നതായിക്കാണുന്നു. ഈ രണ്ടു ഭാഷകളിലേയും പദങ്ങളെ ഇടകലർത്തി ചെയ്യുന്ന കാവ്യരചനയെ അലങ്കാരഭാസുരമായി ലീലാതിലകനിർമ്മിതിക്ക് മുൻപ് വർണ്ണിച്ചിരിക്കുന്നത് നോക്കുക—

> തമിഴ് സംസ്കൃതമെൻറുള്ള സുമനസ്സുകൾ കൊണ്ടൊരു
> ഇണമാല തൊടുക്കിൻറേൻ പുണ്ഡരീകാക്ഷപൂജയേ.
>
> സംസ്കൃതമായിന ചെങ്ങഴിനീരും
> നററമിഴായിന പിച്ചകമലരും
> ഒക്കകലന്ന കരമ്പകമാലാം
> വൃത്തമനോജ്ഞതൊം ഗ്രഥയിഷ്യേ ഹം.

ഇതൊന്നിനെയും ആസ്പദമാക്കിയല്ല മണിപ്രവാളസംജ്ഞ നില്ക്കുന്നതെന്ന് സ്പഷ്ടമാണല്ലൊ. "തമിഴ്മണി സംസ്കൃതംപവഴം കോക്കിൻറേൻ വൃത്തമാന ചെന്തുന്മേൽ" എന്ന് ഒരു പ്രാചീനപ്രമാണം ലീലാതിലകകാരൻ ഉദ്ധരിക്കുന്നു. ഇതിൽ പ്രതിഫലിക്കുന്ന ഭാവനതന്നെയാണ് മണിപ്രവാളസംജ്ഞയ്ക്ക് നിദാനമായിട്ടുള്ളതെന്ന് നിസ്സന്ദേഹം പറയാം.

/മണിപ്രവാളസംജ്ഞയെപ്പററി ചർച്ചചെയ്യുമ്പോൾ ഇന്നു നാം അതിനു കല്പിച്ചിരിക്കുന്ന അർത്ഥത്തിൽ നിന്നും സങ്കുചിതമായ ഒരർത്ഥത്തിൽ അതു പ്രചാരത്തിലിരുന്നിരുന്നു എന്ന വസ്തുത വിസ്മരിച്ചുകൂടാ. ലീലാതിലകത്തിനു മുൻപു രചിച്ചിരിക്കാവുന്ന "ഉണ്ണിച്ചിരുതേവി" എന്ന കൃതിയിൽ, നായികയുടെ ഒരു കാമുകൻ അവളെ വർണ്ണിച്ച് ഇങ്ങനെ

കേറംപ്പിക്കുന്നു. കാവ്യം ഇങ്ങനെ തുടരുന്നു. "ഇവ്വണ്ണമസ്യാഃ കാമിനേർ മണിപ്രവാളം കേട്ടതീവ വിസ്മിതഃ ശചീപതിഃ..." ഇവിടെ ഉണ്ണിച്ചിരുതേവിയുടെ വർണ്ണനത്തെയാണു് മണിപ്രവാളം എന്നു പറഞ്ഞിരിക്കുന്നതു്. / ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്നു:

"അതു ചൊല്ലുവിനുണ്ണിയച്ചിയാരേ!
തുടരോ പാടകമോ മണിപ്രവാളം!"

എന്ന ശ്ലോകാർദ്ധത്തിലെ മണിപ്രവാളശബ്ദവും ഇന്നു നാമറിയുന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുവാനിടയില്ല. ഇവിടെ വിവക്ഷിതമായിരിക്കുന്നതു് നായികമാരെ വർണ്ണിക്കുന്നതും അവരെ ചൊല്ലിക്കോറംപ്പിച്ചു രസിപ്പിക്കുന്നതുമായ ശൃംഗാരകാവ്യങ്ങൾ ആയിരിക്കാനേ ഇടയുള്ളൂ. നായികാവർണ്ണനാത്മകമായ കാവ്യം എന്ന അർത്ഥത്തിൽ മണിപ്രവാളശബ്ദം ഉപയോഗിച്ചിരുന്നുവെന്നുള്ളതിനു് അനിഷേധ്യമായ തെളിവാണു് താഴെ ഉദ്ധരിക്കുന്ന പ്രാചീനപദ്യം.

മണിപ്രവാളവിദ്യേയം
പരാംകേക്ഷപവതിഷ്യതേ
ലംബശിപ്രിപരീവാരാ
മഹിളാളിമഹാസ്പദാ. *

/ മഹിളമാരെ ആസ്പദമാക്കിയുള്ളതാണു് മണിപ്രവാളവിദ്യ എന്നു പറഞ്ഞാൽ മണിപ്രവാളത്തിന്റെ അർത്ഥത്തെപ്പറ്റി സന്ദേഹത്തിനു് അവകാശമില്ലല്ലോ. "ശുശ്രാവ ഭാവമധുരം ച മണിപ്രവാളം" എന്ന 'ചന്ദ്രോത്സവ'ത്തിലെ ശ്ലോകപാദവും ഈ സിദ്ധാന്തത്തെ ബലപ്പെടുത്തുന്നതാണു്. / പോരെങ്കിൽ 'കാമദഹനം' ചമ്പുവിലെ ഒരു മണിപ്രവാളപരാമർശം പരിശോധിക്കുക. അതിൽ കാമന്റെ ദഹനത്തിനുശേഷമുള്ള അവസ്ഥ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു:—

"സാരസ്യത്തിനു ചെന്നൊരുത്തനമിരിപ്പുവേതുമമ്മേനകാ-
ഗാരേ, നാലു മണിപ്രവാളമുയരെച്ചൊല്ലുവുമില്ലാതമേ,
പാരിൽ കീർത്തിമികന്ത മന്നവർ മരിച്ചാഹന്ത! ചെല്ലും വിധൗ
നാരീണാം കഥപോലുമില്ല, പരലോകാധീശശൃംഗാടകേ."

ഭാഷാസംസ്കൃതയോഗമുള്ള ഭാഷയെന്നും കാവ്യമെന്നും വ്യാപകമായ അർത്ഥത്തിലും, നായികാവർണ്ണനാത്മകമായ ശൃംഗാരകാവ്യമെന്നു നിഷ്കൃഷ്ടമായ അർത്ഥത്തിലും മണിപ്രവാളസംജ്ഞ പ്രചാരത്തിലിരുന്ന

---

*പദ്യരത്നം — ശ്ലോകം ൨.

എന്ന് അംഗീകരിക്കേണ്ടിയിരിക്കുന്നു. മണിപ്രവാളപദത്തിന് ഈ അർത്ഥവൈവിധ്യം വന്നുചേർന്നതെങ്ങനെയെന്ന് നിരൂപണം ചെയ്യാം. തമിഴിലേയും തെലുങ്കിലേയും മണിപ്രവാളസ്വഭാവം പരിശോധിക്കുമ്പോൾ ഈ സംജ്ഞയ്ക്കു ഭാഷാസംസ്കൃതയോഗത്തോടുകൂടിയ കാവ്യമെന്ന അർത്ഥംതന്നെയായിരിക്കണം ആദ്യമായുണ്ടായിരുന്നതെന്ന് വിധിക്കാവുന്നതാണ്. ഈ സാഹിത്യസരണിയുടെ പുരോഗതിയിൽ ആദ്യകാലത്ത് ശൃംഗാരകാവ്യങ്ങളാണ് ധാരാളമായുണ്ടായതെന്ന് പ്രാചീനമണിപ്രവാളകൃതികൾ പരിശോധിച്ചാലറിയാം. അതിനാൽ മണിപ്രവാളപ്രസ്ഥാനത്തിലുണ്ടായ ശൃംഗാരകവിതകളുടെ ബാഹുല്യം നിമിത്തം മണിപ്രവാളത്തിന് ശൃംഗാരകാവ്യം എന്ന അർത്ഥം ക്രമേണ വന്നുചേർന്നുവെന്ന് അനുമാനിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു.

ലീലാതിലകമനുസരിച്ച്, വിഭക്ത്യന്തസംസ്കൃതപദപ്രയോഗം, ഭാഷാസംസ്കൃതസാമ്യം, സഹൃദയരോചകമായ ഭാഷാസംസ്കൃതയോഗം, രസാത്മകത, സാലങ്കാരത്വം തുടങ്ങിയവയാണ് ഉത്തമമായ മണിപ്രവാളകൃതിയുടെ ലക്ഷണങ്ങൾ. മണിപ്രവാളത്തിനു സംസ്കൃതവൃത്തം തന്നെ അംഗീകരിക്കണമെന്ന് നിയമമില്ല. ലീലാതിലകത്തിലെ ചില മണിപ്രവാളോദാഹരണങ്ങൾ സംസ്കൃതവൃത്തത്തിൽ രചിച്ചിട്ടുള്ളവയല്ല. എന്നാൽ പ്രായേണ പദ്യകൃതികളിൽ സംസ്കൃതവൃത്തമാണ് സ്വീകരിച്ചു വന്നിരുന്നതെന്നു പറയാം.

IV

പ്രാചീനമണിപ്രവാളസാഹിത്യം.

ലീലാതിലകം, ആട്ടപ്രകാരം, മന്ത്രാങ്കപ്രയോഗം തുടങ്ങിയ ശാസ്ത്രകൃതികളിൽ നിന്നും, ഉണ്ണിയച്ചീചരിതം, ഉണ്ണിയാടിചരിതം, ഉണ്ണുനീലീസന്ദേശം, ചന്ദ്രോത്സവം, അനന്തപുരവർണ്ണനം തുടങ്ങിയ കാവ്യങ്ങളിൽനിന്നും പ്രാചീനമണിപ്രവാളത്തിൽ ഒട്ടനേകം ഉജ്ജ്വലങ്ങളായ കൃതികൾ ഉണ്ടായിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. എന്നാൽ അവയിൽ അപൂർവ്വം ചില കൃതികൾ മാത്രമെ ഇപ്പോൾ നമ്മുടെ അറിവിൽ പെടുന്നതായുള്ളു. പരിമിതങ്ങളായ ഇവയിൽത്തന്നെ ചിലതെല്ലാം പ്രകാശിതങ്ങളായിട്ടില്ലതാനും. ഇങ്ങനെയിരിക്കെ പ്രാചീനമണിപ്രവാളത്തെപ്പററിയുള്ള വിചാരം പലതരത്തിലും അസമഗ്രമായിരിക്കാനേ തരമുള്ളു. കരഗതങ്ങളായ കരുക്കളെ ആസ്പദമാക്കി ഈ അംശത്തെപ്പററി അനതിദീർഘമായി വിമർശിക്കാം. ലീലാതിലകത്തിനോടടുത്ത കാലങ്ങളിൽ

ഉണ്ടായിട്ടുള്ള കൃതികളെയാണ് പ്രാചീനമണിപ്രവാളം എന്ന പേരു കൊണ്ട് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. പൌരാണികമായ ഇതിവൃത്തത്തെ ആസ്പദമാക്കി മണിപ്രവാളരീതിയിലെഴുതിയിട്ടുള്ള ചമ്പുക്കളെ ഈ ചർച്ചയിൽ നിന്നും ഒഴിച്ചു നിർത്തിയിരിക്കുകയാണ്.

ഗദ്യം, പദ്യം, ചമ്പൂ എന്ന പ്രഹതമായ കാവ്യവിഭാഗം ലീലാതിലകകാരൻ ചെയ്യുകാണുന്നില്ല. എങ്കിലും ഈ മൂന്നു ശാഖകളും മണിപ്രവാളത്തിൽ ഉണ്ടായിരുന്നുവെന്ന് ലീലാതിലകവും ചില സാഹിത്യകൃതികളും നമ്മെ ധരിപ്പിക്കുന്നു.

ലീലാതിലകത്തിൽ മാലോപമയ്ക്കും രശനോപമയ്ക്കും കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.

"വിരിഞ്ഞ കുവളപ്പൂവുപോലെയും, മറിഞ്ഞ കയൽപോലെയും, തളന്ന മാൻകണ്ണുപോലെയും, കൂറ്ന്ന വേൽപോലെയും ശോഭിക്കുന്ന ലോചനം"

(മാലോപമ)

"ഉദ്യാനത്തിൽ ചൂതലതപോലെയും, ചൂതലതയിൽ പൂന്തൊത്തു പോലെയും, പൂന്തൊത്തിൽ വണ്ടിൻചാർത്തുപോലെയും, വണ്ടിൻചാർത്തിൽ മാരഗീതിപോലെയും ഇവ്വുത്സവത്തിൽ അതീവ രാജത്യേഷാ"

(രശനോപമ)

രശനോപമയുടെ ഉദാഹരണത്തിലെ വിഭക്ത്യന്തങ്ങളായ സംസ്കൃത പദങ്ങൾ ഒഴിച്ചാൽ ഈ ഗദ്യശൈലി ഇന്നത്തേതിൽ നിന്നും ഭിന്നമല്ലെന്നു പറയാം. ഈ ഉദാഹരണങ്ങൾ വല്ല ഗദ്യകാവ്യത്തിൽനിന്നും ഉദ്ധരിച്ചവയാണോ എന്നു നിശ്ചയിച്ചുകൂടാ. അവ സംസ്കൃതപദ്യങ്ങളുടെ വിവർത്തനമാകാനുമിടയുണ്ട്. ഏതായാലും പ്രസന്നമായ ഒരു ഗദ്യശൈലി ലീലാതിലകകാലത്ത് ഉണ്ടായിരുന്നുവെന്ന് ഇതിൽനിന്നും തീർച്ചയാക്കാം.

മുൻപൊരിക്കൽ പ്രസ്താവിച്ചിട്ടുള്ള "ഉണ്ണിച്ചിരുതേവീചരിതം" എന്ന ഗദ്യകാവ്യം ലീലാതിലകത്തിനു മുൻപ് രചിച്ചതായിരിക്കണം. ലീലാതിലകത്തിൽ ശൃംഗാരരസദോഷത്തിന് ഉദാഹരിക്കുന്ന ശ്ലോകം ഒരു ഉണ്ണിച്ചിരുതേവിയെപ്പറ്റിയുള്ളതാണ്. ഈ രണ്ടു കൃതികളിലെയും നായികമാർ ഭിന്നകളായിരുന്നുകൂടെന്നില്ല. എന്നാൽ അങ്ങനെയാണെന്നു നിർണ്ണയിക്കുവാനുള്ള തെളിവുകൾ ലഭിക്കുന്നതുവരെ അവരെ ഒന്നായിത്തന്നെ ഗണിക്കുന്നതായിരിക്കും ഉചിതം. പോരെങ്കിൽ

"ഉണ്ണിച്ചിരുതേവീചരിത"ത്തിന്റെ രചനാകാലം, എ. ഡി. ൧൧൦൦-നും ൧൩൨൫-നും മദ്ധ്യേ നിർമ്മിച്ചിരിക്കാവുന്ന 'ഉണ്ണിയച്ചി' യുടെ കാലത്തോട് അടുത്തിരിക്കുവാനാണ് ഇടയുള്ളതും.

ഉണ്ണിച്ചിരുതേവിയെ വർണ്ണിക്കുന്ന കൃതി ഒരു ഗദ്യകാവ്യമാണെങ്കിലും മുകളിലുദ്ധരിച്ച ലീലാതിലകത്തിലെ ഉദാഹരണങ്ങളുടെ ഗദ്യശൈലിയല്ല അതിൽ പ്രതിഫലിക്കുന്നത്. ചമ്പൂകൃതികളിൽ കാണുന്നതുപോലെയുള്ള വൃത്തഗന്ധിയായ ഗദ്യത്തിലാണ് ഉണ്ണിച്ചിരുതേവീചരിതം രചിച്ചിരിക്കുന്നത്. മാതൃകയ്ക്കായി നായികയുടെ ആവാസസ്ഥാനമായ പൊയിലത്തിന്റെ വർണ്ണനയിൽനിന്നും ഒരുഭാഗം ഉദ്ധരിക്കാം.

"പുതുമലർക്കാവിൽ പന്നെഴമിളംകൊടികളും
കൊടികൾപൂവിതളിൽനിന്റുതിരുമപ്പൊടികളും
മൃഴലവും കമുകിനൈത്തഴുകുമക്കൊടികളും
കൊടി നനൈപ്പാൻ വരും മുടനടക്കൊടികളും"

"യത്ര വിഭാതി ച ചോമായിഗണഃ," "നങ്ങയശ്ചേതി കാചിന്നടീ നായികാ" എന്നിങ്ങനെ വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളും ഇതിൽ പ്രയോഗിച്ചിരിക്കുന്നു.*

ഉണ്ണിയച്ചിയുടെയും ഉണ്ണിയാടിയുടെയും മഹിമാതിശയങ്ങളെ വർണ്ണിക്കുന്ന രണ്ടു ചമ്പുക്കളാണ് 'ഉണ്ണിയച്ചീചരിതവും' 'ഉണ്ണിയാടീചരിതവും'. ഇവയും ലീലാതിലകത്തിനു മുൻപ് വിരചിതങ്ങളാണെന്നു നിർണ്ണയിക്കാം. ഉണ്ണിയച്ചീചരിതത്തിലെ ദ്വാരസമുദ്രത്തെപ്പററിയുള്ള പ്രസ്താവത്തിൽനിന്നും അതു് ഹോയ്സലരാജവംശത്തിന്റെ അധഃപതനത്തിനു മുൻപ്—എ. ഡി. ൧൩൨൫-ന് മുൻപ്—നിർമ്മിച്ചതാണെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. പോരെങ്കിൽ ഉണ്ണിയച്ചിയെ ലീലാതിലകത്തിൽ രണ്ടു പ്രാവശ്യം പരാമർശിച്ചിട്ടുണ്ടുതാനും. ഉണ്ണുനീലീസന്ദേശത്തിലും ലീലാതിലകത്തിലും ഉണ്ണിയാടിയെക്കുറിച്ചുള്ള പ്രസ്താവം കാണുന്നുണ്ട്. ൧൪-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ദാമോദരച്ചാക്യാരാണ് ഉണ്ണിയാടിചരിതത്തിന്റെ കർത്താവ്. അദ്ദേഹം ലീലാതിലകകാരന്റെ സമകാലികനോ, പൂർവ്വികനോ ആയിരിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു

*ഇതിനെപ്പററി കൂടുതൽ വിവരങ്ങൾ 1944-ഡിസംബർ 31-ാം തീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

തോന്നുന്നില്ല. ചില വൃത്തലക്ഷണങ്ങൾ ഉള്ളതും കൃത്രിമജടിലവുമായ ഒരു ഗദ്യശൈലിയാണ് ഈ കൃതികളിൽ അധികമായിക്കാണുന്നതു്. ഉണ്ണിയച്ചീചരിതത്തിലെ 'ഴ' കാരബാഹുല്യമായ ഒരു ഭാഗം നോക്കുക:—

"മഴയിതുൾ മലർക്കുഴമിയ നിഴൽത്തഴയണികുഴൽ പുറവിലസിതാ" കുഴവിമതിനേരളികലിതാ, കുഴിയിലെഴുമക്കുവളമഴവാപിയ...ഴുരന്നെനിയൽമിഴിയാൾ, കുഴലിലൊലിനേർമഴലമൊഴിയാൾ, പകുഴമണിവായ് പകലൊഴിവിനാലഴക പൊഴിയും മുഴുമതിമുഖീ, തഴകുമ...ഒരൊള്ളഴലൊഴിയുമാറിഴുകുമതിൽ മേന്മുഴമുലയിനാൾ, ഒഴുകുയമുനാവഴിമയിരൊഴുക്കിലകുമുദാരാ ..."

ഗദ്യത്തിലിത്രയെല്ലാം കൃത്രിമതയുണ്ടെങ്കിലും പദ്യങ്ങൾ പ്രായേണ ലളിതങ്ങളും ഭാവമധുരങ്ങളുമാണ്. ഗദ്യത്തിലും പദ്യത്തിലും വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങൾ ഈ കൃതികളിലും ഉപയോഗിച്ചു കാണുന്നു.*

നമുക്കു ലഭിച്ചിട്ടുള്ള കൃതികളെ ആധാരമാക്കി നോക്കുമ്പോൾ മണിപ്രവാളത്തിലെ പദ്യശാഖ വളരെ വികസ്വരമായിരുന്നുവെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. (ഈശ്വരസ്തോത്രം, രാജസ്തുതി, പരിഹാസകവനം, സർവ്വോപരി നായികാവർണ്ണനം തുടങ്ങിയ പല മാർഗ്ഗങ്ങളിലൂടെ പദ്യശാഖ പുരോഗമിച്ചിരുന്നതായിക്കാണാം.)

ലീലാതിലകത്തിലെ ഉദാഹരണങ്ങളുടെ കൂട്ടത്തിൽ സ്തോത്രരൂപത്തിലുള്ള ചില ശ്ലോകങ്ങൾ കാണുന്നുണ്ട്. അവയിൽ തൃക്കാരിയൂരപ്പനെക്കുറിച്ചുള്ള ഒരു പദ്യമാണിതു്:—

പൊന്നിൻമാലയണിഞ്ഞ പോർമുലയിണ-
ക്കുന്നിങ്കലൊൻറിട്ടവാൻ
പൊന്നില്ലായികയോ പകുത്തുടൽ മല-
പ്പെണ്ണിന്നു നൽകിററതു് !
പൊന്നിൻമാമല വില്ലുമാക്കിന വിഭോ!
തീർക്കേണ്ടുകൾ പാപങ്ങളെ-
പ്പൊന്നിൻമാളിക വിണ്ണുളാപുരിതൊടും
തൃക്കാരിയൂരണ്ണലേ!

*ഈ കൃതികളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കു മാതൃഭൂമി 1945 ഫെബ്രുവരി 11-ാം തീയതിയിലെ ആഴ്ചപ്പതിപ്പ്, സാഹിത്യപരിഷത്ത്രൈമാസികം പുസ്തകം 11-ലക്കം 3 നോക്കുക.

ശിവനെയും കൃഷ്ണനെയും സ്തുതിക്കുന്ന മററുചില ശ്ലോകങ്ങളും ലീലാതിലകത്തിലുണ്ട്. ഇവയിൽ ചിലതു് ചില കാവ്യങ്ങളുടെ ആരംഭത്തിലുള്ള ഇഷ്ടദേവതാസ്തവമായിരിക്കാമെന്ന് ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള അവർകൾ അഭ്യൂഹിക്കുന്നു.

ലീലാതിലകത്തിനു മുൻപുള്ള ചില സ്തോത്രകൃതികൾ ഭാഗ്യവശാൽ നമുക്കു അടുത്തകാലത്തു ലഭിക്കുവാൻ ഇടയായിട്ടുണ്ട്. കൂടല്ലൂർ മനയ്ക്കൽനിന്നും തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥാലയത്തിനുവേണ്ടി സംഗ്രഹിച്ച ഒരു പ്രാചീനഗ്രന്ഥമാണ് ഈ സ്തോത്രങ്ങളുടെ മാതൃക. ഇവയിൽ "അനന്തപുരവർണ്ണനം" എന്ന സ്തോത്രകൃതിയിലുള്ള

"തമിഴ്സംസ്കൃതമെൻറുള്ള സുമനസ്സുകൾ കൊണ്ടൊരു
ഇണ്ടമാല തൊടുക്കിൻേറൻ പുണ്ഡരീകാക്ഷപൂജയായ്"

എന്ന ശ്ലോകം ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്നു. തിരുവനന്തപുരത്തിലെ ക്ഷേത്രങ്ങളെയും പരിസരങ്ങളെയും വർണ്ണിക്കുന്ന ഈ കൃതി ചരിത്രപരമായും, സാഹിത്യപരമായും, ഭാഷാപരമായും പ്രാധാന്യമുള്ളതാണ്. കൃതിയുടെ അവസാനഭാഗത്തു് ഭക്താഗ്രണിയായ കവി ശ്രീപത്മനാഭനെ ഇങ്ങനെ സ്തുതിക്കുന്നു.

"പരമാത്മാവിനെ ധ്യാനം പരമം തത്ത്വമൂർത്തിയെ
നിറ്നൈ്നു ശ്ലരൺ വരിൻേറൻ ഞാൻ പൊന്നെ-
പന്നഗശായിയെ.
ഒൻറുമൂൻറുമനേകമായൊൻറി നില്കിൻറ മായനെ
തേനേ ദേവാദിദേവാനാം കോനേ പത്മാലയാപതേ!
കേവ(ല?ലം)തത്ത്വമായ് നിൻറ ദൈവമേ ശിവമൂർത്തിയെ
അതസീകുസുമംപോലെ തിരുമേനിനിറത്തിനെ
തായും തന്തയുമായ് നിൻറ മായനേ വേദസാരനെ"

കവിയുടെ ഭക്തിപാരമ്യവും, കാവ്യത്തിൻെറ കലാസൗഷ്ഠവവും ഭാഷയുടെ പ്രാചീനതയും ഈ ഉദ്ധാരണത്തിൽനിന്നും വിശദമാകാതെയിരിക്കയില്ല. മാതൃകാഗ്രന്ഥത്തിൽ ഈ കൃതിയോടു് സഹവാസികത്വം വഹിക്കുന്ന ശങ്കരനാരായണസ്തവം, അർദ്ധനാരീശ്വരസ്തുതി, വാസുദേവസ്തവം തുടങ്ങിയ സ്തോത്രകൃതികളും ഇതുപോലെ തന്നെ പഴക്കമുള്ളവയായിരിക്കണം. *

രാജസ്തുതിപരങ്ങളായ മുക്തകങ്ങളും കാവ്യപ്രബന്ധങ്ങളും പ്രാചീനമണിപ്രവാളത്തിൽ ധാരാളമായി ഉണ്ടായിരുന്നിരിക്കണമെന്നു് അറി

---

* വാസുദേവസ്തവത്തിനു് ഈ ലേഖകനെഴുതിയിട്ടുള്ള അവതാരിക നോക്കുക. തിരുവനന്തപുരം മലയാളഗ്രന്ഥാവലി നമ്പർ 70.

വിൽപ്പെട്ടിട്ടുള്ള അത്തരം കൃതികളെ ആസ്പദമാക്കി അനുമാനിക്കേണ്ടി യിരിക്കുന്നു. കൊല്ലത്തെ രാജാവായ കോതമാർത്താണ്ഡവർമ്മൻ വേണാട്ടടി കളായ വീരരവിവർമ്മ, വിക്രമപാണ്ഡ്യൻ തുടങ്ങിയ രാജാക്കന്മാരുടെ അപദാനങ്ങളെ കീർത്തിക്കുന്ന ലീലാതിലകപദ്യങ്ങളെ ഈ അനുമാന ത്തിന് പ്രമാണങ്ങളായി സ്വീകരിക്കാം.

പരിഹാസത്തിനും ഫലിതത്തിനും കേരളീയർ ഒരിക്കലും പിന്നോക്കമായിരുന്നിട്ടില്ല. പ്രാചീനമണിപ്രവാളവും ഇതിനു സാധ കമായിരിക്കുന്നതേയുള്ളൂ. പന്നിയൂർഗ്രാമക്കാരെപ്പററി സംസ്കൃതീകൃതരൂപ ങ്ങളുപയോഗിച്ച് എഴുതിയിരിക്കുന്ന

പുക്കുകിരേ പന്തലകത്തു സൂകരാഃ
ചുഴ്ചൂടിരേ മാലപറിച്ചൊരോത്തരേ
തതല്ലിരേ തമ്മിലതീവഘോരമായ്
മമണ്ടിരേ കൊണ്ടു മണാട്ടിതന്നെയും.

എന്ന പദ്യം ഹാസ്യരസപ്രധാനമാണല്ലോ. അപരിഷ്കൃതയായ നാട്ടു നാരിയോട് മണിപ്രവാളം ചൊല്ലി ഇളിഭ്യനായ ഒരു കവി സ്വയം പരിഹസിക്കുന്നതു് എത്ര സരസമായിരിക്കുന്നു എന്നു നോക്കുക.

ശ്ലോകഃ കിം വേർമരുന്നോ കിമിദമിലമരുന്നോ
കറുത്തോ വെളുത്തോ
കിം വാ നീണ്ടിട്ടിരിപ്പൊൻറഥ ച കുറിയതൊ-
ൻറുഷ്ണമോ ശീതമോ താൻ
ഉണ്മാനാമോയാൻറുട്ടപ്പാനിതി പുനരറിയാ-
പ്രേതയിൽ പ്രേമമേകാൻ
നാണാതേ നാട്ടുനായ്യാം പ്രിയസഖ! കവിചൊ-
ല്ലിൻറിനിക്കേ നമോ/സ്തു.

ലീലാതിലകത്തിലെ മറെറാരു പദ്യത്തിൽ തുളുവനെ പരിഹസി ച്ചിരിക്കുന്നു.

കുലധനമിഹ ശാന്തി വിട്ടജസ്രം
മിളയുഴുതിട്ടു പൊറുക്കയും മറന്നു്
നടികുലമുടി നങ്ങയെൻറുഴക്കും
തുളുവനൊളം ജളരിങ്ങുമെങ്ങുമില്ല.

മന്ത്രാങ്കപ്രയോഗത്തിൽനിന്നും മാണിയെ പരിഹസിക്കുന്ന ഒരു പദ്യം ഉദ്ധരിക്കാം.

ഒരിടത്തൊരടുക്കളയിൽ
കാണാതേ പൊന്നു പുക്ക കാമാർത്ത്യാ
കാമപി കന്യാം കുത്ത്ര
ചമയുഞ്ചന? മാണിനം വന്ദേ.

ഭാഷ്യവികളെയും പരിഹാസകന്മാർ വെറുതെ വിട്ടിരുന്നില്ല. കവിക്കരിങ്കയ്യരെ ഒരു ശ്ലോകത്തിൽ ഇങ്ങനെ നിന്ദിച്ചിരിക്കുന്നു.

കിടപ്പവറെറക്കിടവാതവറേറാ-
ടിണച്ചതിക്ലിഷ്ടമനനചിതാനി
പദാനി കാൺ മൂരികളെക്കണക്കേ
കവിക്കരിങ്കയ്യർ പിണയ്ക്കുമാറു്*

ഈ സന്ദർഭത്തിൽ തോലകവിയുടെ പ്രസിദ്ധങ്ങളായ പരിഹാസകവനങ്ങളെപ്പററി പ്രപഞ്ചനം ചെയ്യണമെന്നില്ലല്ലോ.

പ്രാചീനമണിപ്രവാളത്തിൽ പ്രാധാന്യം കൊണ്ടും പ്രാചുര്യം കൊണ്ടും ശൃംഗാരകാവ്യങ്ങളാണു് മുന്നണിയിൽ നിൽക്കുന്നതു്. ശൃംഗാരത്തിന്റെ വിവിധവും സൂക്ഷ്മവുമായ ഭാവങ്ങളെ പ്രതിപാദിക്കുന്നതിൽ നമ്മുടെ മണിപ്രവാളകവികൾക്കുണ്ടായിരുന്ന ചാതുര്യം ഒന്നു പ്രത്യേകം തന്നെയായിരുന്നു. നായികമാരെ വർണ്ണിക്കുക, അവരെ അധികരിച്ചു് സംഭോഗശൃംഗാരവും വിപ്രലംഭശൃംഗാരവും ചിത്രീകരിക്കുക തുടങ്ങിയ ലളിതമായ വൈഖരീവ്യാപാരത്തിൽ ആ രസികന്മാർ സ്വച്ഛന്ദം വിഹരിച്ചതിന്റെ ഫലങ്ങളുടെ അംശങ്ങളാണു് ലീലാതിലകത്തിൽ ആദ്യവസാനം കാണുന്നതു്. ശൃംഗാരരസപ്രധാനങ്ങളായ മുക്തകങ്ങളും ലഘുകാവ്യങ്ങളും മാത്രമല്ല സാമാന്യം ദീർഘങ്ങളായ പല സന്ദേശകാവ്യങ്ങളും അവർ രചിച്ചിരുന്നുവെന്നു് ഉണ്ണുനീലിസന്ദേശവും, മററു സന്ദേശങ്ങളിൽ നിന്നാകുവാൻ ന്യായമുള്ള ലീലാതിലകോദ്ധാരണങ്ങളും തെളിയിക്കുന്നു.

പ്രാചീനമണിപ്രവാളത്തിലുണ്ടായിട്ടുള്ള മനോഹരങ്ങളായ ചില ലഘുകാവ്യങ്ങളുടെയും മുക്തകങ്ങളുടെയും സമാഹാരമാണു് 'പദ്യരത്നം' എന്ന പേരിൽ പ്രസാധനം ചെയ്യുന്ന ഈ ഗ്രന്ഥം. നമുക്കു് ലഭിച്ചിട്ടുള്ള പ്രാചീനസാഹിത്യകൃതികൾ വളരെ വിരളങ്ങളാണു് എന്ന വസ്തുതയോർക്കുമ്പോൾ ഈ പ്രസിദ്ധീകരണം മലയാളത്തിനു് ഒരു വലിയ നേട്ടമായിക്കരുതേണ്ടിയിരിക്കുന്നു. ലീലാതിലകത്തിലെ അലങ്കാരപ്രകര

*ഈ ശ്ലോകം തോലന്റെ ഹാസ്യകവനങ്ങളിൽ ഒന്നാണെന്നു ശ്രീമാൻ ആർ. നാരായണപ്പണിക്കർ ചൂണ്ടിക്കാണിക്കുന്നു.

ണത്തിൽ ഉദ്ധരിച്ചിരിക്കുന്ന നാലു ശ്ലോകങ്ങൾ പദ്യരത്നത്തിലുൾക്കൊള്ളുന്ന 'ചെറിയച്ചി' എന്ന കാവ്യത്തിൽനിന്നും എടുത്തിട്ടുള്ള വയാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാകുന്നു.

കൂടാതെ അദ്ഭുതരസത്തിന്ന് ഉദാഹരണമായി ലീലാതിലകത്തിൽ കൊടുത്തിരിക്കുന്ന

> ചെമ്പെൻറനങ്ങൊരിടത്തു പണ്ടു ചിലനാൾ-
> ചെയ്തോരു പുണ്യാശ്രയാൽ,
> കണ്ടേനങ്ങൊരു പങ്കജം പുനരതിൽ-
> കണ്ടേനപൂർവ്വം ത്തുലോം
> കാരും വണ്ടിനൊടൊക്കുമിന്ദുകലയും,
> കണ്ണാടിയും, വീണയും,
> വില്ലും, മുല്ലയു,മുല്ലസൽക്കുവളയും,
> മുത്തും കിളിപ്പൈതലും.

എന്ന ശ്ലോകവും ഈ സമാഹാരത്തിൽ ഉൾപ്പെട്ടുകാണുന്നു. ലീലാതിലകത്തിലെ ഉദാരണങ്ങളുടെ ആകരങ്ങളെപ്പററി നമുക്കുള്ള അറിവ് വളരെ പരിമിതമാണ്. ഒരു ഉദാഹരണത്തിൻെറ ആകരം ഉണ്ണുനീലിസന്ദേശമാണെന്നുള്ളതു് പ്രസിദ്ധമാണ. വേറേ ആറെണ്ണം വൈശികതന്ത്രമെന്ന ഗ്രന്ഥത്തിൽ നിന്നാണെന്ന് ശ്രീ. ആററൂർ കൃഷ്ണ പിഷാരടി, അദ്ദേഹത്തിൻെറ ലീലാതിലകപ്രസിദ്ധീകരണത്തിൽ പ്രസ്താവിച്ചുകാണുന്നു. എന്നാൽ ഈ വൈശികതന്ത്രം ഇന്നും സഹൃദയലോകത്തിന്ന് അജ്ഞാതമായിരിക്കുന്നതേയുള്ളു. മററു ചില ഉദാരണപദ്യങ്ങൾ ആട്ടപ്രകാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇങ്ങനെയായിരിക്കെ ലീലാതിലകത്തിലെ ചില ശ്ലോകങ്ങളുടെ ആകരസ്ഥാനമായ ചെറിയച്ചിയെപ്പററിയുള്ള കാവ്യത്തിൻെറ പൂർണ്ണരൂപം ലഭിച്ചതു വിശേഷിച്ചും ചാരിതാർത്ഥ്യജനകമാണല്ലോ. ഈ കാര്യങ്ങളെല്ലാം പര്യാലോചിക്കുമ്പോൾ പ്രസ്തുത പ്രസിദ്ധീകരണം സാഹിത്യചരിത്രകാരന്മാർക്കും സാഹിത്യപ്രണയികൾക്കും സ്വാഗതാർഹമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

V

പ്രാചീനശൃംഗാരകാവ്യങ്ങൾ.

ശൃംഗാരരസപ്രധാനങ്ങളായ പ്രാചീനമണിപ്രവാളകൃതികളെപ്പററി സാമാന്യമായി ചില വസ്തുതകൾ പ്രതിപാദിച്ചിട്ട് പദ്യരത്നത്തിലെ ഉള്ളടക്കത്തെ നിരൂപണം ചെയ്യാം.

സരസകളും സൗന്ദര്യമൂർത്തികളുമായ നായികമാരെ പുരസ്കരിച്ച് വർണ്ണനാത്മകങ്ങളായ കാവ്യങ്ങൾ രചിക്കുന്നതിൽ രസികശിരോമണികളായ പൂർവകവികൾ വ്യാപൃതരായിരുന്നു. അവർക്ക് പ്രചോദകമായി നിന്ന ഈ ലക്ഷ്യം പലകൃതികളിലും പ്രഖ്യാപിതമായിക്കാണുന്നുണ്ട്.

1. വിഘ്നോ വിഘ്നപ്രശാന്തിം പ്രതിശതു പൊയിലത്തുണ്ണിയപ്പിള്ളപുത്രീം
വർണ്ണിപ്പാൻ വല്ലതാകെൻറിത മമ തൊഴുകൈയ്യിൻറ വാഗ്ദേവതായാഃ.

(ഉണ്ണിച്ചിരുതേവീചരിതം)

2. കണ്ണിന്നമൃതമാം മാനേൽക്കണ്ണിയാമുണ്ണിയാടിയേ
അൻപെഴപ്പുകഴ്വാനിപ്പോഴെൻപ്രയാസോ വിജൃംഭതേ.

(ഉണ്ണിയാടീചരിതം)

3. വെമ്പുറേറാലിൻറ വാചാ പുകഴ്മണമണിവാനിൻറ കൗണോത്തരാഖ്യാ-
മംഭോജാക്ഷീം കവിക്ഷ്മാരമണസുരലതാം
വാഴ്ത്തുവാനുദ്യതോ ഞാൻ.

(പദ്യരത്നം, ശ്ലോകം 45)

ഈ വിധത്തിൽ കാവ്യാരംഭത്തിൽ കവികൾ ചെയ്തിട്ടുള്ള അനേകം പ്രതിജ്ഞകൾ ഇനിയും ഉദ്ധരിക്കുവാൻ സാധിക്കും. കവികളുടെ ഈ പ്രവണതയെപ്പററി ലീലാതിലകത്തിലും രേഖപ്പെടുത്തിയിരിക്കുന്നു.

നായികമാരെ വർണ്ണിക്കുന്നതോടുകൂടി അവരെ പ്രശംസിക്കുകയും അവർക്കു സർവഭാവുകങ്ങളും ആശംസിക്കുകയും കവികൾ ചെയ്തിരുന്നു. ഇളയച്ചിയെ വർണ്ണിക്കുന്ന കാവ്യത്തിലെ ആശംസ നോക്കുക:—

നീ കേൾക്കെൻ വീരവാദം നിരുപമവദനേ!
ഞാൻ പുകണ്ണാൽ നിനക്ക-
ങ്ങാകേണം മുമ്പു മേളംപെറുമരുവയറെ-
ല്ലാരിലുംവെച്ചിദാനീം;
മാഴ്കേണം മന്മഥാർത്ത്യാ നിഖിലതരുണതാം
മാനസം; വാനിലും പോയ്-
പ്പൂകേണം കീർത്തി തയ്യിത്തലമെഴുമിളയ-
ച്ചി! നയശ്രീനിധേ! തേ.

(പദ്യരത്നം, ശ്ലോകം 82)

ഇതുപോലെ കൗണോത്തരയ്ക്കു കവി നല്കുന്ന ആശംസയാണു് താഴെ ഉദ്ധരിക്കുന്നതു്.

വിലസുക സഹ ലക്ഷ്മ്യാ വാണിയും ചേണലാവും
മലർവിശിഖനമേകിഭ്രൂയ പൂമെയ്യിലിന്നും;
കലിതരസമുദാരാം കീർത്തിമാപാദ്യ നീണാ-
ളുലകിലയി, വിളങ്ങീടട്ടു കൗണോത്തരേ! നീ.

(പദ്യരത്നം, ശ്ലോ.22)

പൂണാരമാക തരുണീമണി, നിൻകഴൽത്താ-
രേണീദൃശാം മുടിയിലൻപൊടു ഞാൻ പുകണ്ണാൽ
നീണാളിരിക്ക നിറമാന്നരുളിൻറ കീർത്ത്യാ
കൗണോത്തരേ! ഗുണഗണോത്തരമിദ്ധരായാം.

(പദ്യരത്നം, ശ്ലോ. 23)

ഈ രീതിയിൽ രചിക്കുന്ന കാവ്യങ്ങൾ നായികമാൎക്കു കീർത്തിയും സൗഭാഗ്യവും കൈയ്‌വരുത്തുമെന്നു് കവികൾ വിശ്വസിക്കുകയും ആത്മപ്രത്യയത്തോടുകൂടി അവർ അതുദ്ഘോഷിക്കുകയും ചെയ്തിരുന്നു. ഇളയച്ചിയുടെ കീർത്തിപ്രസരത്തെ കവി ഇങ്ങനെ ഭാവനചെയ്യുന്നു.

മെല്ലേ നിൻകീർത്തി തയ്യിത്തലമെഴുമിളയച്ചി!
കളിച്ചിൻറു നാളെ-
സ്സ്വർല്ലോകേ ചേർന്നമർത്ത്യാധിപകുതുക മിയ-
റേറണമിഞ്ഞാൻ പുകണ്ണാൽ.

(പദ്യരത്നം, ശ്ലോ. 74)

കൗണോത്തരയോടു കവി 'വീരവാദം' പറയുന്നതു നോക്കുക:—

ക്ഷീരശ്രീ ചേർന്ന വാചാ സരസമിഹ മുള-
പ്പിച്ച നൻകീർത്തിബീജം
പാരെപ്പേരും വാതച്ചിൻറഴകൊടു വിളയി-
ച്ചീടുവൻ നൂനമിഞ്ഞാൻ

(പദ്യരത്നം, ശ്ലോ. 24)

ഇങ്ങനെ നായികമാരെ പ്രശംസാപരമായി വർണ്ണിക്കുന്നതു് ചില രാജാക്കന്മാരുടെ പ്രേരണയനുസരിച്ചാണെന്നും ചില കാവ്യങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. കൗണോത്തരയെക്കുറിച്ചുള്ള കാവ്യം "വെൺപലക്കൂരമണന്റെ" നിയോഗപ്രകാരമാണു് രചിക്കുന്നതെന്നു് കവി പ്രസ്താവിച്ചിരിക്കുന്നു.

കല്യം കൈയ്ക്കൂപ്പി മല്ലാടിഭവരവദനം
ഭാരതീം ചേർത്തു ചിത്ത
ചൊല്ലേറും വെൺപലകസ്ഥാരമണഗുരുനിയോം-
ഗേന വേഗാതിരേകാൽ
ഇല്ലാസ്സാൻ പൗനരുക്ത്യം കവിവരവചസാ-
മാത്തകൗണോത്തരാഢ്യാം
കല്യാണീമാരഭേ ഞാൻ കനിവൊടു ഭവതീം
വാഴ്ത്തുവാനത്രമാതേ!

(പൂർവ്വഭാഗം, ശ്ലോ. 21)

ഇളയച്ചിയെ സ്തുതിക്കുന്നതും "തേവനാരായണഗുരുകൃപയാം" ആണെന്നു കവി രേഖപ്പെടുത്തുന്നു. രാജാക്കന്മാരുടെ നിയോഗമനുസരിച്ച് നായികമാരെ പ്രശംസിക്കുകയും അവർക്ക് കീർത്തിയും സമ്പത്തും ആശംസിക്കുകയും ചെയ്യുന്ന വർണ്ണനാത്മകങ്ങളായ കാവ്യങ്ങൾ രചിക്കുന്ന പതിവ് പ്രാചീനകാലത്ത് ഉണ്ടായിരുന്നുവെന്ന് ഈ വിചാരം സംശയാതീതമായി തെളിയിക്കുന്നുണ്ടല്ലോ. ഈ വസ്തുതയുടെ വെളിച്ചത്തിൽ ഉണ്ണുനീലിസന്ദേശത്തിന്റെ നിർമ്മിതിയുടെ സാഹചര്യങ്ങൾ വളരെ വിശദമായിക്കാണുവാൻ കഴിയും.

"കണ്ടിക്കാർക്കുന്തൽ കാലിൽ തടവിന മടവാർ-
നായികാം വാഴ്ത്തുവാനായ്
മുണ്ടയ്ക്കൽക്കെൻറുമാക്കം കരുതിന മറിമാൻ-
കണ്ണിയാമുണ്ണുനീലീം—"

എന്ന പീഠികാശ്ലോകാർദ്ധത്തിൽനിന്നും ഈ സന്ദേശം രചിച്ചതു ഉണ്ണുനീലിയെ സ്തുതിക്കാനാണെന്ന് സ്പഷ്ടമാകുന്നു. നായികയ്ക്കു കീർത്തിയും, സമ്പത്തും, മററുന്നതികളും കവി വേറൊരു പീഠികാശ്ലോകത്തിൽ ആശംസിച്ചിരിക്കുന്നതും ഇവിടെ സ്മരണീയമാണ്.

വെള്ളിക്കുൻറിന്നഭീഷ്ടം വെളുവെളെ വിളയി-
പ്പിക്കുമക്കീർത്തി പാർമേ-
ലല്ലിത്താർമാതിനെക്കൊണ്ടയി! വിളിപണിചെ-
യ്യിക്കുമാസ്താം പ്രലാപഃ
ഇല്ലത്തിന്നുന്നതിം തേ വിതരതു നിതരാ-
മാകയാലുണ്ണുനീലി
ചൊല്ലിൻേറനെങ്കിൽ നീ കേട്ടരുളുക ദയിതേ!
സൂക്തിരത്നം മദീയം.

ഈ ശ്ലോകത്തിലെ 'ദയിതേ!' എന്ന പദം കവിയുടെ ഭാൎയ്യയെ
സംബോധന ചെയ്യുവാൻ ഉപയോഗിച്ചിരിക്കുന്നതാണെന്നും മററുമുള്ള
വ്യാഖ്യാനം അസാധുവാണെന്നു തീൎത്തുതന്നെ പറയാം. കവിയുടെ
സൂക്തിരത്നം നായികയായ ഉണ്ണുനീലിയ്ക്കു് യശസ്സും സമ്പത്സമൃദ്ധിയും
മററും പ്രദാനം ചെയ്യും എന്നുള്ള ആശിസ്സായിട്ടു് ഈ ശ്ലോകം വ്യാഖ്യാ
നിക്കുന്നതാണു് ഉപപന്നമെന്നല്ലേ മുകളിൽ ഉദ്ധരിച്ച ആശംസകൾ
തെളിയിക്കുന്നതു്? ഇതനുസരിച്ചു് 'ദയിതേ!' എന്ന സംബുദ്ധി ഉണ്ണുനീലി
യെത്തന്നെ വിഷയീകരിക്കുന്നു എന്നും വന്നുകൂടുമല്ലോ. അപ്പോൾ കവി
തന്റെ ഭാൎയ്യയുടെ കൈയ്യിൽ ഉണ്ണുനീലിയെക്കുറിച്ചുള്ള സന്ദേശകാവ്യം
കൊടുത്തയയ്ക്കുന്നു എന്ന വിരസമായ കല്പന വെറും കൃത്രിമമാണെന്നു്
നിസ്സംശയം വിധിക്കാവുന്നതാണു്.

രാജാക്കന്മാരുടെ വിശേഷിച്ചും വെൺപലനാട്ടുരാജാവിന്റെ
നിൎദ്ദേശാനുസാരം കവികൾ നായികാവൎണ്ണനപരങ്ങളായ കാവ്യങ്ങൾ
രചിച്ചിരുന്നുവെന്നു് മുകളിൽ സപ്രമാണം പ്രതിപാദിച്ചല്ലോ. ഈ
വസ്തുത പൎയ്യാലോചിക്കുമ്പോൾ വെൺപലരാജാവായ മണികണ്ഠന്റെ
നിയോഗപ്രകാരം അദ്ദേഹത്തിന്റെ ആശ്രിതനായ കവി ഉണ്ണുനീലിയെ
കീൎത്തിച്ചു നിൎമ്മിച്ച ഒരു കാവ്യമാണു് ഉണ്ണുനീലിസന്ദേശം എന്നു വിചാ
രിക്കുന്നതിൽ പ്രമാദശങ്കയ്ക്കു് അവകാശമില്ല. തന്റെ ഉപകൎത്താവായ
ഒരു രാജാവിന്റെ അഭിലാഷമനുസരിച്ചു് ഒരു കവി നായികാവൎണ്ണനത്തി
നായി കൃത്രിമമായ ഒരു സന്ദൎഭം സങ്കല്പിച്ചു് എഴുതിയ ഈ കാവ്യത്തിൽ
നായകനു് യാതൊരു സ്ഥാനവുമില്ലതന്നെ. അതുകൊണ്ടു് ഈ കാവ്യ
ത്തിലെ നായകനെ അന്വേഷിക്കേണ്ട വ്യഥാശ്രമത്തിൽനിന്നും നിരൂപക
ന്മാർ നിവൎത്തിക്കുന്നതാണു ഭേദം. ഈ അഭിപ്രായം ഞാൻ ൧൩-
കൊല്ലങ്ങൾക്കു മുൻപു് ആർട്ട്സ് കാളേജിലെ ഉണ്ണുനീലീസന്ദേശചൎച്ചാ
യോഗത്തിൽ പ്രകടിപ്പിച്ചിരുന്നു എന്നും ഇവിടെ അനുസ്മരിപ്പിച്ചു
കൊള്ളട്ടെ.

മണിപ്രവാളകൃതികൾ പരിശോധിച്ചാൽ അനവധി നായികമാരെ
നാമനിൎദ്ദേശം ചെയ്തു് വൎണ്ണിച്ചിട്ടുള്ളതായിക്കാണാം. ഇവരുടെ പേരു
കൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. പ്രഥമവീക്ഷണത്തിൽത്തന്നെ ഈ
പേരുകൾ രണ്ടുതരത്തിലുള്ളവയാണെന്നു ബോദ്ധ്യമാകും. ഉണ്ണുനീലി,
ഉണ്ണിയച്ചി, ഇട്ടിയച്ചി, ചെറിയച്ചി, ഇട്ടിമാതവി, ചാരുതേവി, നാണി,
ചാതമ്മ എന്നിങ്ങനെയുള്ളവ അക്കാലത്തെ സ്ത്രീകളുടെ സാക്ഷാൽ

പേരുകൾ തന്നെയാണെന്നുള്ളതിൽ സംശയിക്കേണ്ടതില്ല. എന്നാൽ സംസ്കൃതമയങ്ങളും ശൃംഗാരരസാൻഗുണങ്ങളുമായ കലാമണി, കലാമാലിക, കേളീലത, കേളീമണി, താരാമണി, പൂവാണരേഖ, മാകേളി, മാരലേഖ, മേദിനീവെണ്ണിലാവ്, രാജചന്ദ്രിക തുടങ്ങിയ മനോഹരനാമങ്ങൾ നായികമാൎക്ക് സ്വതേ ഉള്ളവയായി പരിഗണിക്കാൻ നിവൃത്തിയില്ല. ഉണ്ണിയച്ചിയെന്നും ഇട്ടിമാതവിയെന്നും മററും കേട്ടാൽ ഇന്നു നമുക്കുണ്ടാകുന്ന വൈരസ്യം അന്നുണ്ടായിരുന്നവരിൽ ചിലൎക്ക് തോന്നിയിരിക്കണം; സംസ്കൃതബഹുലമായ ഒരു മനോഹരഭാഷാശൈലി ഉപയോഗിച്ചു കാവ്യരചന ചെയ്യു കവികൾക്ക് വിശേഷിച്ചും, നായികമാരെ വൎണ്ണിക്കാൻ ആരംഭിക്കുമ്പോൾ കവികൾ സരസങ്ങളായ പേരുകൾ അവൎക്കു കല്പിക്കാറുണ്ടായിരുന്നു എന്ന് കവിവാക്യം കൊണ്ടുതന്നെ തെളിയിക്കാം. ഉത്തരാചന്ദ്രികയെ പുരസ്കരിച്ചുള്ള കാവ്യത്തിന്റെ ആരംഭശ്ലോകത്തിൽ, ഓടനാട്ടിലെ നായികയെ വൎണ്ണിക്കുവാനായി അവൾക്ക് ഉത്തരാചന്ദ്രിക എന്ന പേരു നൾകുന്നതായി കവി പ്രസ്താവിച്ചിരിക്കുന്നു.

ഭക്ത്യാ കൈകൂപ്പിക്കൊണ്ടു മല്ലാടരിയ ഗുരുപദം,
വാരണാസ്യം വണങ്ങി-
ച്ചിത്താനന്ദായ വന്ദിച്ചുടനിനിയവചോ-
നായികാമായവൎണ്ണം,
പത്താശാന്തേ പരക്കുംപടി പുകഴ് പുകഴ്വര-
നോടനാടീട്ടലംവും
മുഗ്ദ്ധേ! കേളുത്തരാചന്ദ്രികമയമയി! തേ
നൾകിനേൻ നാമധേയം.

(പദ്യരത്നം, ശ്ലോകം 10.)

ഉണ്ണിയാടിയ്ക്കു 'മാൎമാല' എന്നൊരു അപരാഭിധാനം കൂടിയുണ്ടായിരുന്നുവെന്ന് രേഖപ്പെടുത്തിക്കാണുന്നു.

പ്രഥമപ്രഥിതം മനോഹരാംഗി-
ക്കൊരു പേരഞ്ചിതമുണ്ണിയാടിയെന്റു്;
തിരളുന്നൊരു മററുമൊന്റിദാനീം
തരുനാമം ഭുവി മാരമാലയെന്റും.

ഉണ്ണിയാടി എന്നതു് ഈ നായികയുടെ ആദ്യത്തെ പേരായിരുന്നുവെന്നും പിന്നീടു് 'മാരമാല' എന്ന പേരും കൂടി നൽകപ്പെട്ടുവെന്നും ആണല്ലോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്.

കവികളുടെ ഇടയിൽ ഇങ്ങനെ പുതിയ പേരുകൾ കൊടുത്തു് സ്ത്രീകളെ വർണ്ണിക്കുന്ന പതിവുണ്ടെന്നു് ലീലാതിലകകാരൻ രേഖപ്പെടുത്തുകയും അതിനെ ശക്തിയായി അപലപിക്കയും ചെയ്തിട്ടുള്ളതുകൂടി ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.*

പ്രസ്തുത പ്രാചീനകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള നായികമാരിൽ പലരിലും വേശ്യാധർമ്മം ആരോപിച്ചുകാണുന്നു. ഉണ്ണിച്ചിരുതേവിയുടെ ഗൃഹത്തിൽ തരുണകാമുകന്മാരും മുതുവിടന്മാരും തിക്കിക്കേറിയിരുന്നു. ഉർവ്വശിയിൽനിന്നും ഉൽഭവിച്ച കുലത്തിലെ നായികയായ ഉണ്ണുനീലി "കാമുകാനാം നേത്രശ്രേണീമധുപനളിനി"യാണു്.

ശയ്യോപാന്തേ സലളിതമിരുന്നുണ്ണുനീലീമിരുത്തി-
ക്കയ്യോകാരേ നിജകരതലേ കാന്തതൻ കൈയ്യുമേന്തി,

ഇങ്ങനെയാണു് സന്ദേശവാഹകൻ ഉണ്ണുനീലിയോടു് നായകവാർത്ത അറിയിക്കേണ്ടതു്. കൗണോത്തര എന്ന നായികയെ എന്നാണിനിക്കാണുന്നതെന്നു വിലപിക്കുന്ന കാമുകൻ തോഴനോടു് അതിനു മുൻപിലത്തെ ദിവസം അവളുടെ ഗൃഹത്തിൽ പോയിരുന്ന കഥ പറയുന്നു.

ഞാനും കല്യാണി കൗണോത്തരമതുമൊഴിയും
    കേളതീതേ ദിനാന്തേ
തേനോലും പൂവിരുപ്പാൻ നവരമുപവനേ
    തോഴ! ചെൻറൊരു നേരം,
താനേ താനേ മദാശാലതിക ഫലവതീ
    ദൈവയോഗേന; തസ്യാ-
മാനന്ദോന്മേഷമെന്നും കനി കനിവിലെട-
    ത്താസ്വാദിച്ചേൻ തദാനീം!

(പദ്യരത്നം, ശ്ലോകം. 43)

കൗണോത്തരയോടു് ആശംസാരൂപത്തിൽ കവി പറയുകയാണു്-

ആത്താനന്ദം വഴങ്ങിക്കനിവൊടുമണിവാ
    പുണ്യഭാജാമിരുന്നി-

* ലീലാതിലകം നാലാം ശില്പത്തിന്റെ അവസാനം നോക്കുക.

ടാന്ധാം കൈകൊണ്ടു കൗണോത്തരമലർ-
വനിതേ! നീളനാകും നീയിവണ്ണം.

'ഓരോ തരുണർ പരിസരേ വന്നു മാഴ്കേണമിന്റെ' എന്നാണ് ഇളയച്ചിക്കു കൊടുന്ന ആശംസ. മാരലേഖയെ സംബോധന ചെയ്തിരിക്കുന്നതാകട്ടെ.

'കാന്താളീചിത്തമാം പഞ്ജരകുഹരപുടീ-
ശാരികേ! മാരലേഖേ!

എന്നിങ്ങനെയാണ്. എരുമത്താനത്തെ നായികയോട്, തരുണന്മാർ ചൂഴവും ഉണ്ടായിരിക്കുന്നതാണ് ആഭിജാത്യമെന്ന് കവി പറയുന്നതു നാക്കുക :—

നല്ലാർക്കെല്ലായിലും ഭൂഷണമിതു, സവിധേ
മന്മഥാർത്ത്യാ നികാമം
വല്ലാതേ വേണമത്രേ ചില തരുണ,രത-
ല്ലായ്കിലെന്താഭിജാത്യം?
ഫുല്ലാംഭോജാവലീനാം ചില മധുപകുലം
കൂടിയാടായ്കിലുണ്ടോ
കല്യാണം വന്നുകൂടാ;ന്റിതു പറമെരുമ-
ത്താനമമ്പും മനോജ്ഞേ!

(പദ്യരത്നം, ശ്ലോകം 224)

വേശ്യകളാണെങ്കിലും അനുരാഗവതികളായിട്ടുവേണം നായികമാരെ കാവ്യത്തിൽ ചിത്രീകരിക്കുന്നതു് എന്നു് ലീലാതിലകത്തിൽ അനുശാസിച്ചിട്ടു് ചില ഉദാഹരണങ്ങൾ കൊടുക്കുന്നുണ്ടു്. അവയിൽ ഒന്നു്—

'നീരാടമ്മേ, നിവസനമിദം ചാർത്തു, ദേവാർച്ചനായാ-
മെപ്പോഴും നീ കൃതമതി,രതും മുട്ടമാറായിതല്ലോ'
എന്നീവണ്ണം നിജപരിജനപ്രാർത്ഥനാം കത്തുകാമാ
കേഴുന്തി വാ രഹസി വിരഹവ്യാകുലാ വല്ലഭാ മേ.

എന്ന പദ്യമാണ്. ഇതു് ഏതോ ഒരു അജ്ഞാതസന്ദേശകാവ്യത്തിൽ ഉള്ളതായിരിക്കണമെന്നുവേണം അനുമാനിക്കുവാൻ. ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള 'ആടിന്റെ താടങ്കമഴിഞ്ഞുവീഴും' എന്നാരംഭിക്കുന്ന ശ്ലോകം വേശ്യയോടു് പറയുന്നതാണെന്നും വൃത്തിയിൽ സ്പഷ്ടമാക്കിയിരി

ക്കുന്നു. ഇതിൽനിന്നെല്ലാം മണിപ്രവാളകൃതികളിലെ നായികമാരെ പ്രായേണ കുലീനകളായല്ല വർണ്ണിച്ചിരിക്കുന്നതെന്ന് സിദ്ധമാകുന്നു.

പരകീയകളായ ഈ നായികമാരുടെ കൂട്ടത്തിൽ ചിലരിൽ നാടുവാഴികളായിരുന്ന രാജാക്കന്മാർ ആഭിമുഖ്യം കാണിച്ചിരുന്നുവെന്നു മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഉണ്ണുനീലി വെൺപലരാജാവായ മണികണ്ഠന്റെ 'പൂണാര'മായിരുന്നു. 'വെണ്ണലക്ഷ്മാരമണഗുരു'വിന്റെ നിയോഗമനുസരിച്ചാണ് കൗണോത്തരയെപ്പറ്റി കാവ്യം രചിച്ചിരിക്കുന്നത്. ഈ കൗണോത്തര 'കവിക്ഷ്മാരമണസ്മരലത'യായിരുന്നു. 'ദേവനാരായണഗുരുകൃപ'കൊണ്ടാണ് ഇളയച്ചിയെ കവി വാഴ്ത്തിയിരിക്കുന്നത്. പ്രസ്തുത നായികമാരും രാജാക്കന്മാരുമായുള്ള ബന്ധം എന്താണെന്നു വ്യക്തമല്ല. കൗണോത്തര 'കൗണക്ഷ്മാരമണവംശമണിപ്രദീപം' ആണെന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്നും ആ നായിക കൗണവംശജാതയാണെന്നല്ലേ തീർച്ചയാക്കേണ്ടത്? ഇതുപോലെ ഉണ്ണുനീലി, ഇളയച്ചി എന്നിവർ വെൺപലനാട്ടുരാജാവിന്റെയും അമ്പലപ്പുഴരാജാവിന്റെയും വംശവുമായി ബന്ധപ്പെട്ടവരോ, വംശത്തിൽപെട്ടവരോ ആയിരിക്കുമോ എന്തോ? ഉണ്ണുനീലിസന്ദേശത്തിൽ ആദിത്യവർമ്മയെ സന്ദേശഹരനാക്കിയിരിക്കുന്നത് ഉണ്ണുനീലിയുടെ ക്ഷത്രിയകുലജാതത്വം സൂചിപ്പിക്കുന്നതല്ലേ എന്നും ചിന്തനീയമാണ്. അതുപോലെ തന്നെ പൂയനായിക, ഉത്രമാതു ചോതിവനിത, തിരുവോണം പിറന്നേണനേത്ര എന്നിങ്ങനെ ജന്മനക്ഷത്രങ്ങളുടെ പേരുചേർത്തു നായികമാരെ നാമകരണം ചെയ്യുന്ന രീതിയും കാണുന്നുണ്ട്. ഈ സമ്പ്രദായം ക്ഷത്രിയവംശത്തിൽ പെട്ടവരുടെയിടയിലാണ് സാധാരണ കണ്ടുവരുന്നതെന്നും പ്രത്യേകം ശ്രദ്ധേയമാണ്.

ശൃംഗാരരസപുഷ്ടങ്ങളായ ഈ കൃതികൾ പലതും രചിച്ചിരുന്നത് കേവലം വായിച്ചുരസിക്കുവാനുള്ള ഉദ്ദേശ്യത്തിൽ മാത്രമായിരുന്നില്ല. സരസകളും വിദുഷികളുമായ നായികമാരെ രസിപ്പിക്കുവാനും കവികൾ മണിപ്രവാളം എഴുതുകയും അവരുടെ മുമ്പിൽ അതു ചൊല്ലുകയും ചെയ്തിരുന്നതായി അനുമാനിക്കാൻ ന്യായമുണ്ട്. കാവ്യരസികത്വമാസ്വദിക്കുവാൻ സാമർത്ഥ്യമില്ലാത്ത ഒരു നാട്ടുകാരിയോട് മണിപ്രവാളം പറഞ്ഞു വിഡ്ഢിയായ കവിയുടെ പരിദേവനം മുൻപു ഉദ്ധരിച്ചിട്ടുണ്ടല്ലോ.

ഉത്തരാചന്ദ്രികയുടെ വർണ്ണനയിൽ, കാമുകന്മാർ നായികമാരെ സമീപിച്ച് ശ്ലോകങ്ങൾകൊണ്ട് അവരുടെ അംഗവർണ്ണനം ചെയ്യുന്ന പതിവ് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

ചാരത്താമ്മാറു വന്നിച്ചരണതളിർ വണ-
ങ്ങുമ്മഴിഞ്ഞോമലംഗം
വാരെത്തും പദ്യജാലൈരഴകൊടു പുകഴും-
നേരവും നീലനേത്രേ,
തേറിക്കൊള്ളിൻറിതുള്ളിൽ കനിവിവനു കല-
ന്നില്ലയെൻറില്ല സൗഖ്യം
ചേറിക്കൊൾകൾക്കൊരുന്നിൽ പ്രതിദിനമിനിമേ-
ലുത്തരാചന്ദ്രികേ! തേ.

(പല്ലരത്നം, ശ്ലോകം, 14)

സ്ത്രീകളും പുരുഷന്മാരും കൂടിയിരിക്കുന്ന സദസ്സിൽ മണിപ്രവാള കൃതികൾ ചൊല്ലി പാഠകം പറഞ്ഞിരുന്നതായി വിശ്വസിക്കുവാനും തെളിവുകളുണ്ടു. അന്യത്ര ഉദ്ധരിച്ചിട്ടുള്ള–

മണിപ്രവാളവിദ്യേയം പാഠകേഷ്വവതിഷ്ഠതേ
ലംബശിപ്രിപരിവാരാ മഹിളാളിമഹാസ്പദാ.

എന്ന പ്രാചീനപദ്യത്തിൽ മണിപ്രവാളവിദ്യയെ വിവരിച്ചിരിക്കുന്നതു നോക്കുക. മഹിളാളിമഹാസ്പദയായ മണിപ്രവാളവിദ്യ ലംബശിപ്രിപരിവാരയായി പാഠകങ്ങളിൽ അവസ്ഥിതിചെയ്യുന്നു. അങ്ങനെയാണു ആ ചക്രവർത്തിനിയുടെ മഹത്വം. മഹിളമാരെ ആസ്പദമാക്കി വിരചിതമായ മണിപ്രവാളത്തെ ആശ്രയിച്ചു് തൊങ്ങൽക്കിരീടം ധരിക്കുന്ന പ്രവാചകന്മാർ പാഠകം പറഞ്ഞിരുന്നു എന്നുവേണമല്ലോ ഇതു കൊണ്ടു് അർത്ഥമാക്കാൻ.

മണിപ്രവാളകൃതികൾ പലതും തോഴനോടോ സഖാവിനോടോ പറയുന്ന രീതിയിൽ രചിച്ചു കാണുന്നതും ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. ലീലാതിലകത്തിലെ ഒരു പദ്യത്തിൽ തോഴനെ സംബോധനചെയ്തുകൊണ്ടു് കാമുകൻ തൻെറ വികാരചാപല്യത്തെ പരാമർശിച്ചിരിക്കുന്നു.

ഈട്ടി ഊട്ടിയിരുട്ടുകൊണ്ടു മദനൻ
നിർമ്മിച്ച പൂഞ്ചായലും
മാട്ടേക്കാട്ടിലിരട്ടി വിങ്ങി നിതരാം
പൊങ്ങിൻറ പോർകൊങ്കയും
കാട്ടിക്കാട്ടിയൊരായതാക്ഷി വടിവിൽ
പോനാളതിന്നിൻറു ഞാൻ
കാട്ടിക്കൂട്ടിന കോട്ടിചൊല്ലരുതെനി-
ക്കെൻറില്ലടോ തോഴരേ;

പദ്യത്തിൽ കാരണോത്തരയുടെ ഭാവഹാവാദികളെ സഖാവിനോട് വർണ്ണിച്ചുകേൾപ്പിക്കുന്നു.

ചെറിയച്ചിയെ വർണ്ണിക്കുന്ന കാവ്യത്തിൽ സഖാവിനെ സംബോധനചെയ്യുന്നതു നോക്കുക:—

പ്രിയസഖ! ചെറിയച്ചീ ദേവസേനയ്ക്കു പാങ്ങാ-
യ്ത്തരുണദിതിജസൈന്യം വെന്റ വിഖ്യാതകീർത്തേഃ
കുസുമശരമുരാരേഃ ശംഖചക്രങ്ങളെന്റെ
കരതുവനദയാസ്സുവ്യാപൃതൗ ചന്ദ്രസൂര്യൌ.

പ്രിയസഖ! ചെറിയച്ചീ മൈഥിലീമൂലമെങ്ങും
തരുണഹൃദയലങ്കാം ചുട്ടു ചന്ദ്രോ ഹനുമാൻ
അപരജലധിമദ്ധ്യേ വ്യോമലാംഗ്രലലഗ്നം
പരിപതതി നിലാവാം തീ കെടുപ്പാനിദാനീം.

(ശ്ലോകം 140, 141)

ഈ രീതിയിൽ "തോഴ" എന്നും "സഖേ" എന്നും ഉള്ള സംബോധന കാണുന്ന കാവ്യങ്ങൾ എത്രവേണമെങ്കിലും ചൂണ്ടിക്കാണിക്കാം. കൃത്തിനും പാഠകത്തിനും ഉപയോഗിച്ചുവരുന്ന രാമായണാദി ചമ്പുക്കളിലും തോഴനോടായിട്ടല്ലേ കഥ പറയുന്നത്. രാമായണ ചമ്പുവിൽ ബാലകാണ്ഡത്തിന്റെ പ്രാരംഭത്തിലുള്ള ശ്ലോകം വിശദീകരണാർത്ഥം ഉദ്ധരിക്കാം.

വാരാന്നാസ്ഥാനരംഗേ വിരവിലിവിടെ വ-
ന്നിങ്ങനേ നമ്മിലെത്തു-
ന്നേരം തോഴാ! വിളങ്ങും മനസി മമ സദാ-
കമ്പിതേ വൻപ്രസാദം

(രാവണോൽഭവം — ശ്ലോകം 3)

ചമ്പുക്കളും പ്രസ്തുതമണിപ്രവാളകൃതികളും തമ്മിൽ കാണുന്ന ഈ സാദൃശ്യം മണിപ്രവാളകാവ്യങ്ങൾ പാഠകത്തിന് ഉപയോഗിച്ചിരിക്കാമെന്ന നിഗമനത്തെ ബലപ്പെടുത്തുന്നതാണല്ലോ.

ഈ നിഗമനത്തിന് ഉപോദ്ബലകമായി ഒരു വസ്തുത കൂടി ചൂണ്ടിക്കാണിക്കാം. കാമുകൻ സഖാവിനോടു പറയുന്നതായി മാത്രമല്ല സഖാവു് കാമുകനോടു് പ്രതിവചനം ചെയ്യുന്നതായും ചില കാവ്യങ്ങളിൽ കാണുന്നുണ്ടു്. ഇളയച്ചിയെക്കുറിച്ചുള്ള കൃതിയിലെ ഒരു പദ്യത്തിൽ പൂർവ്വാർദ്ധം കാമുകനും ഉത്തരാർദ്ധം സഖാവും പറയുന്നതായി കാണുന്നു.

കാമുകൻ:—

ഏറ്റുമുരുതേയുമതുതേ മലർചരാനന-
റ്റാധിപെരുതാധിപെരുതാളുന്നതരോ ഞാൻ

സഖാവ്:—

മാതർമണി തയ്യിലിളയച്ചി പുണരാഞ്ഞോ
ചേതസി സഖേ! കൊടിയ വേദന വരിൻറു?

ഇതു രംഗത്തു പ്രയോഗിക്കാനുദ്ദേശിച്ചിട്ടുള്ളതാണെന്ന് അനുമാനിക്കാം.

കാവ്യാലാപത്തിനും രംഗപ്രയോഗത്തിനുമായി രചിച്ചിരുന്ന ഇത്തരം കൃതികളിലെ അന്തരീക്ഷം ഒന്നു വേറെ തന്നെയാണ്. സർവ്വതോമുഖമായ സൗഭഗം, വിഭവസമൃദ്ധമായ ജീവിതം, കാമത്തിന്റെ കളിയാട്ടം, പ്രേമത്തിന്റെ പ്രകാശനം, രസികതയുടെ സാന്ദ്രത, കലയുടെ നർത്തനം —എന്നെല്ലാം പറഞ്ഞാലും അവയുടെ പ്രവണതകൾ വേണ്ടപോലെ വിശദമാകയില്ല. മന്മഥവൈജയന്തികളായ നായികമാരുടേയും, രസകോവിദന്മാരായ കവികളുടേയും, സുഖഭോഗതൽപരരായ രാജാക്കന്മാരുടെയും ലോകമാണ് ഈ കൃതികളിൽ ചിത്രീകൃതമായിരിക്കുന്നത്. സുഖലോലുപവും നിരുത്തരവാദപരവുമായ ജീവിതത്തിന്റെ— വിശേഷിച്ചും നമ്പൂതിരിമാരുടെ കാമചാപല്യത്തിന്റെ—സന്തതികളായി ഇങ്ങനെയുള്ള കൃതികൾ പരിഗണിക്കപ്പെടാറുണ്ട്.

അത്യുത്കൃഷ്ടങ്ങളായ ഈ കലാശില്പങ്ങൾ വെറും കാമചാപല്യത്തിന്റെ കനികളാണെന്ന് വിധിക്കുവാൻപാടില്ല. ഈ കൃതികൾ സൂക്ഷിച്ചു പരിശോധിച്ചാൽ അവയുടെ രചയിതാക്കൾ കാമസംതൃപ്തിക്കായി ഓടിനടക്കുന്ന 'മൂരിക്കുട്ടന്മാ'രല്ലെന്നും നേരെ മറിച്ച് ശാസ്ത്രപരിചയവും സാഹിത്യനൈപുണിയും തികഞ്ഞ പ്രൗഢന്മാരായ കലാകാരന്മാരാണെന്നും കാണാവുന്നതാണ്. മധുരമധുരമായ രചനകൾ, മനമലിയിക്കുന്ന രസചിത്രീകരണം, നിപുണമായ അലങ്കാരപ്രയോഗം, മനോഹരമായ മണിപ്രവാളശൈലി തുടങ്ങിയ ഗുണങ്ങൾ ഇണങ്ങിയിരിക്കുന്ന ഈ കൃതികൾ അപക്വമതികളും അശിക്ഷിതബുദ്ധികളുമായ ചപലയുവാക്കളുടെ കാമാവേശത്തിന്റെ ഒരു പ്രകാശനമെന്ന് വിധിക്കുന്നതു് വെറും സാഹസമായിരിക്കും. കാമാർത്ഥങ്ങൾ എന്ന പുരുഷാർത്ഥങ്ങളുടെ സിദ്ധിക്കായി സാഹിത്യത്തിന് അനുഷ്ഠിക്കാവുന്ന കൈങ്കര്യം നിർവഹിക്കണമെന്ന പ്രേരണയോടുകൂടി പ്രൗഢന്മാരും രസികന്മാരുമായ കവികൾ അനുരൂപമായ പരിസരത്തിൽ രചിച്ചിട്ടുള്ള കൃതികളായി ഇവയെ ഗണിക്കുന്നതു് ഉചിതമായിരിക്കും. ഇവയിൽ എവിടെ നോക്കിയാലും

മത്തിൻെറയും അർത്ഥത്തിൻെറയും ചിത്രീകരണമാണ് കാണുന്നത്. ...നുരക്തകളായ നായികമാർ, കാമവിവശരായ നായകന്മാർ, ബഹുവിധ ...ളായ ജീവിതസൗകര്യങ്ങൾ, മണിമാളികകൾ, ഉദ്യാനങ്ങൾ, മനോഹ ...വേഷങ്ങൾ, ആഭരണങ്ങൾ, അലങ്കാരങ്ങൾ, തോഴിമാർ, സഖാക്കൾ, ...ശ്രിതന്മാർ എന്നു വേണ്ട സുഖഭോഗസമൃദ്ധമായ ജീവിതത്തിൻെറ നിഴ ...ട്ടം ഈ കൃതികളിൽ സർവ്വാംഗീണമായി സ്ഫുരിക്കുന്നു. കാമസാഫല്യവും, ...ത് സമൃദ്ധിയും, യശോലബ്ധിയുമാണ് ഈ കൃതികളിൽക്കൂടി ആശം ...സിക്കപ്പെട്ടിരിക്കുന്നതു്. നായികമാരെ ഉദ്ദേശിച്ചു ചെയ്യുന്ന ഭാവുകാ ...ംസകളിൽ ചിലതു് ഇതിനു മുൻപ് ഉദ്ധരിച്ചിട്ടുണ്ടല്ലോ. സന്ദർഭാനു ...ണമായി ഒരു ആശംസ കൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

നാഥേ! നിങ്കൽ കളിച്ചീടുക നളിനമലർ-
    ത്തന്വി നീണാളനംഗ-
പ്രാധാന്യം ചേർക്ക ചേൽക്കൺമുന, വലക തുലോം
    മൈന്തർ വന്നന്തികേ തേ;
ചേതോരമ്യാംഗി! തയ്യിത്തലമെഴുമിളയ-
    ച്ചീ! യശഃശ്രീവിലാസം
മിതേ മിതേ തഴച്ചീടുക; വിലസുക നീ
    നാളനാളിക്ഷമായാം.

(പദ്യരത്നം, ശ്ലോകം 73)

ഈ രീതിയിൽ കാമാർത്ഥലബ്ധിക്കായുള്ള എത്രയോ ആശം ...കൾ മണിപ്രവാളകൃതികളിൽ കാണാം.

കേരളത്തിൽ ചാക്യാർക്കൂത്ത് ചിലപ്പതികാരകാലത്തിനു മുൻപ് ...ന്നേ നടപ്പിലിരുന്ന സാംസ്കാരികപ്രസ്ഥാനമാണ്. കൂത്തിൽ ...ാക്യാർ നടത്തുന്ന പ്രവചനം, ധർമ്മം മോക്ഷം എന്നീ രണ്ടു പുരു ...ാർത്ഥങ്ങളെ അധികരിച്ചിരിക്കുന്നു. നാട്യവും സാഹിത്യവും ഒത്തി ...ണങ്ങി ധർമ്മമോക്ഷങ്ങളിലേക്ക് ജനങ്ങളെ പ്രേരിപ്പിക്കുന്ന വിശിഷ്ടമായ ഈ പ്രസ്ഥാനത്തിന് സമാന്തരമായി കാമാർത്ഥങ്ങൾക്ക് പ്രാധാന്യം ...ല്പിക്കുന്ന ഒരു പാഠകപദ്ധതി ഉണ്ടായിരുന്നിരിക്കാമെന്നും അതിൻെറ ...വശ്യത്തിനായിട്ടായിരിക്കാം പല മണിപ്രവാളകൃതികളും രചിച്ചിട്ടു ...ള്ളതെന്നും അഭ്യൂഹിക്കാം. മണിപ്രവാളകൃതികൾ പാഠകത്തിന് ഉപ ...യോഗിച്ചുവന്നതിനെപ്പററി മുകളിൽ ഉപപാദിച്ചിട്ടുള്ളതു് ഇവിടെ ...ക്കൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു.

പദ്യരത്നം

(i)

കൃതികളുടെ സ്വഭാവം.

ഏകദേശം ൩൦൦ ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന പദ്യരത്നം ചുരുക്കം ചില ശ്ലോകങ്ങളൊഴിച്ചാൽ, ശൃംഗാരപരങ്ങളായ ലഘുകാവ്യങ്ങളുടെയും മുക്തകങ്ങളുടെയും ഒരു സമാഹാരമാണ്. ഇവ ഏതാണ്ട് എഴുപതോളം നായികമാരെ കീർത്തനം ചെയ്യുന്നു. ഈ കൃതികളുടെ സാമാന്യസ്വഭാവം വിശദപ്പെടുത്തുന്നതിനായി ഇവയിൽ ചിലതിനെപ്പറ്റി ചുരുക്കി പ്രതിപാദിക്കാം.

ചെറിയച്ചി.

ചെറിയച്ചിയെ പുരസ്കരിച്ചിട്ടുള്ള കാവ്യത്തിൽ മാലിനിവൃത്തത്തിലുള്ള ഇരുപത്തേഴ് ശ്ലോകം അടങ്ങിയിരിക്കുന്നു. ഇതിൽനിന്നു ചില പദ്യങ്ങൾ ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുള്ള വസ്തുത മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ശ്ലോകങ്ങൾ ഇവയാണ്.

പ്രിയസഖ![1] ചെറിയച്ചീ വിപ്രയോഗജ്വരാർത്തം
കുറവുയിരപി തീപ്പ്ൻ ന്നുനമിന്ദുക്കുലേന
മദനനദയശൈലപ്പുള്ളിവിൽമേൽ[2] തൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പ്. ഫ

(ശ്ലോകം 124)

കുറളയുമുർ പറഞ്ഞാർ[3] ചാലവും കോപതാമ്രം
മുഖമിതി[4] കൃതമൗനം ന്നുനമച്ച്സൃതായാഃ
ഝടിതിതൊഴുതുവീഴ്വോം തോഴരേ! ഹന്ത! ക്രുദ്ധേൻ
ശിവ ശിവ![5] നവസന്ധ്യാപാടലം ചന്ദ്രബിംബം. മ

(ശ്ലോകം 139)

നിജമുകുളപുടംകൊണ്ടഞ്ജലിം കല്പയിത്വാ
തൊഴുതിഹ ചെറിയച്ചീവക്ത്രചന്ദ്രന്നു തോററു്,
കമലമടിമ പൂകെക്കണ്ടു വിങ്ങിച്ചിരിച്ചു[6]
ങ്ങളികുലകളനാദൈരാത്തിതാമ്പൽപ്രസൂനം. ന

(ശ്ലോകം 144)

1. 'പ്രിയസഖി' എന്ന പാഠം സ്വീകാര്യമല്ല. എന്നു് ലീലാതിലകപാഠം. 2. 'പള്ളിവില്ലിൽ' (ലീ. തി.) 3. 'പറഞ്ഞോർ' (ലീ. തി.) 4. 'മുഖമതി' (ലീ. തി.) 5. 'അരിയരി' (ലീ. തി.) 6. 'കളിച്ചിളകികല' (ലീ. തി.)

ഉദയപുരവിലാസോത്തംസമച്ചീസ്വതായാ
ഭവനമവനിസാരം കാൺമുതെൻറാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽ പാദമൊട്ടേറെ വെച്ചീ-
[1]ട്ടുഴകൊടു ഗഗനം [2]ചെന്റേറിനാനേഷ ചന്ദ്രഃ. ർ

(ശ്ലോകം 145)

ഈ ശ്ലോകങ്ങൾ ചെറിയച്ചിയെക്കുറിച്ചുള്ള കാവ്യത്തിൽ അനുക്രമമായി മൂന്നാമത്തേയും, പതിനെട്ടാമത്തേയും, ഇരുപത്തിനാലാമത്തേയും ഇരുപത്തിയഞ്ചാമത്തേയുമാണ്.

ഉദയപുരത്തു 'ചെരിക്കി'ലെന്ന വീട്ടിലെ 'അച്ചി'യുടെ പുത്രിയാണ് 'ചെറിയച്ചി.' നായികയുടെ ഗൃഹത്തെ 'ഉദയപുരവിലാസോത്തംസ'മായി വർണ്ണിച്ചിരിക്കുന്നതിൽനിന്നും അവളുടെ ധനാഢ്യതയും ഔന്നത്യവും അനുമാനിക്കാവുന്നതാണ്. ചെറിയച്ചിയുമായുള്ള വിയോഗം നിമിത്തം വ്യഥിതനായ കാമുകൻ സന്ധ്യയ്ക്ക് തോഴനോട് കദനഭാരം വർണ്ണിക്കുന്ന രീതിയിലാണ് ഈ കാവ്യം രചിച്ചിരിക്കുന്നത്. ശൃംഗാരരസധോരണിയുടെയും, ഉത്കൃഷ്ടഭാവനയുടെയും, പ്രകൃതിചിത്രീകരണത്തിന്റേയും സമ്മേളനരംഗമായ ഈ കൃതി ആപാദചൂഡം ഹൃദയഹാരിയാണെന്നു് പറയുവാൻ മടിക്കേണ്ടതില്ല. കാമന്റെ ദൂതിയായ സന്ധ്യ കാമുകന് മരണച്ചീട്ടുമായി വരുന്നു എന്ന ഭാവന ഉൾക്കൊള്ളുന്ന പ്രഥമപദ്യംതന്നെ ഏതു സഹൃദയനെയും ആകർഷിക്കും.

ഉഡുനികരമെഴുത്തായ്, പത്രമായ് മാന,മൊപ്പായ്
മുഴുമതി, മരണൻതീട്ടിങ്ങു സന്ധ്യോപനീതം,
അയി ബത! ചെറിയച്ചീ! കാണ്മിതസ്യാം രജന്യാം
തവ വിരഹിണമെന്നെത്തന്നപി! കൊല്ലുംന്റപോലെ.

(ശ്ലോകം 122)

ഭാവനയുടെ സൂക്ഷ്മതയും, രസബോധത്തിന്റെ അവഗാഢതയും, കലയുടെ വിലാസവും കൈകോർത്തുനില്ക്കുമാറു്, ചന്ദ്രൻ കാമുകന് വിപ്രയോഗോചിതമായ ശയ്യ സംവിധാനം ചെയ്യുന്നതായി വർണ്ണിച്ചിരിക്കുന്നു.

പരിചു പട നിരത്തിപ്പശ്ചിമാശാചുവപ്പാം
പുതിയ തളിരതിന്മേൽ വെണ്ണിലാപ്പൂവു തൂവി
രചയതി ചെറിയച്ചീവിപ്രയോഗോചിതം മേ
ശയനമിവ ശശാങ്കഃ ശർവരീപൂർവയാമം? മേ)

(ശ്ലോകം 123)

---

1. 'അരിയതി' (ലീ. തി.) 2. 'ചോന്നിനാൻ' (ലീ. തി.)

ഉദയപുരവിലാസോത്തംസമച്ചീസ്വതായാ
ഭവനമവനിസാരം കാൺമൂതെൻറാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽ പാദമൊട്ടേറെ വെച്ചീ-
[1]ട്ടുഴകൊടു ഗഗനം [2]ചെൻേറിനാനേഷ ചന്ദ്രഃ. ർ

(ശ്ലോകം 145)

ഈ ശ്ലോകങ്ങൾ ചെറിയച്ചിയെക്കുറിച്ചുള്ള കാവ്യത്തിൽ അനുക്രമമായി മൂന്നാമത്തേയും, പതിനെട്ടാമത്തേയും, ഇരുപത്തിനാലാമത്തേയും ഇരുപത്തിയഞ്ചാമത്തേയുമാണ്.

ഉദയപുരത്തു 'ചെരികീ'ലെന്ന വീട്ടിലെ 'അച്ചി'യുടെ പുത്രിയാണ് 'ചെറിയച്ചി.' നായികയുടെ ഗൃഹത്തെ 'ഉദയപുരവിലാസോത്തംസ'മായി വർണ്ണിച്ചിരിക്കുന്നതിൽനിന്നും അവളുടെ ധനാഢ്യതയും ഔന്നത്യവും അനുമാനിക്കാവുന്നതാണ്. ചെറിയച്ചിയുമായുള്ള വിയോഗം നിമിത്തം വ്യഥിതനായ കാമുകൻ സന്ധ്യയ്ക്ക് തോഴനോട് കദനഭാരം വർണ്ണിക്കുന്ന രീതിയിലാണ് ഈ കാവ്യം രചിച്ചിരിക്കുന്നത്. ശൃംഗാരരസധോരണിയുടെയും, ഉത്കൃഷ്ടഭാവനയുടെയും, പ്രകൃതിചിത്രീകരണത്തിൻേറയും സമ്മേളനരംഗമായ ഈ കൃതി ആപാദചൂഡം ഹൃദയഹാരിയാണെന്ന് പറയുവാൻ മടിക്കേണ്ടതില്ല. കാമൻെറ ദൂതിയായ സന്ധ്യ കാമുകന് മരണച്ചീട്ടുമായി വരുന്നു എന്ന ഭാവന ഉൾക്കൊള്ളുന്ന പ്രഥമപദ്യംതന്നെ ഏതു സഹൃദയനെയും ആകർഷിക്കും.

ഉഡുനികരമെഴുത്തായ്, പത്രമായ് മാന,മൊപ്പായ്
മുഴമതി, മദനേൻതീട്ടിങ്ങു സന്ധ്യോപനീതം,
അയി ബത! ചെറിയച്ചീ! കാണ്മിതസ്യാം രജന്യാം
തവ വിരഹിണമെന്നെത്തനപി! കൊല്ലെ,ൻറപോലെ.

(ശ്ലോകം 122)

ഭാവനയുടെ സൂക്ഷ്മതയും, രസബോധത്തിൻെറ അവഗാഢതയും, കലയുടെ വിലാസവും കൈകോർത്തുനില്ക്കുമാറ്, ചന്ദ്രൻ കാമുകന് വിപ്രയോഗോചിതമായ ശയ്യ സംവിധാനം ചെയ്യുന്നതായി വർണ്ണിച്ചിരിക്കുന്നു.

പരിചു പട നിരത്തിപ്പശ്ചിമാശാചുവപ്പാം
പുതിയ തളിരതിന്മേൽ വെണ്ണിലാപ്പൂവു തൂവി
രചയതി ചെറിയച്ചീവിപ്രയോഗോചിതം മേ
ശയനമിവ ശശാങ്കഃ ശർവരീപൂർവയാമം? മേ)

(ശ്ലോകം 123)

---

1. 'അരിയതി' (ലീ. തി.) 2. 'ചൊന്നാറിനാൻ' (ലീ. തി.)

രസപോഷണത്തിന് അനുഗുണമായി പ്രകൃതിയെ ചിത്രീകരിക്കുന്നതിൽ കവി കാണിച്ചിട്ടുള്ള പാടവം അന്യാദൃശ്യമാണ്. സന്ധ്യാപ്രകൃതി ഇത്ര ചേതോഹരമായി വർണ്ണിച്ചിട്ടുള്ള പ്രാചീനകാവ്യങ്ങൾ കാണുമെന്നു തോന്നുന്നില്ല. ചെറിയച്ചിയുടെ കാന്തിസാമ്രാജ്യത്തിൽ കാമനെ അഭിഷേകം ചെയ്യുവാൻ ശാരദനഭസ്സിൽ "താരകാമുത്തുപന്തൽ" ഇടുന്നത്രേ! നോക്കുക:—

പ്രിയസഖ! ചെറിയച്ചീകാന്തിരാജ്യാധിപത്യേ
മനസിജമഭിഷേക്തും നൂനമാഡംബരേണ
ശശിശകലസനാഥേ ശാരദവ്യോമനീല-
ത്തറനടുവിലിടിൻറത്താരകാമുത്തുപന്തൽ.

(ശ്ലോകം 131)

പ്രൗഢതകൊണ്ടും സങ്കല്പസൗകുമാര്യംകൊണ്ടും അതിവിശിഷ്ടമായ മറെറാരു സന്ധ്യാവർണ്ണനപദ്യം ശ്രദ്ധേയമാണ്.

ചലതി ജലധിവീചീകൈത്തലംകൊണ്ടു തട്ടി-
ത്തരളശശിമണിപ്പന്തുൽക്ഷിപന്തീവ സന്ധ്യാ
വിലുളിതമിരുളെന്നും കുന്തൽ(വന്നി?വീണി)ട്ടു താരാ-
ശ്രമജലവുമണിഞ്ഞാളച്ചിതൻ നന്ദിനീവ.

(ശ്ലോകം 138)

സമുദ്രത്തിലെ തിരമാലയാകുന്ന കൈയ്കൊണ്ടു് സന്ധ്യ ചന്ദ്രനാകുന്ന മണിപ്പന്തു് അടിക്കുന്നു. ഇരുട്ടാകുന്ന തലമുടി ചിന്നിച്ചിതറുന്നു. നക്ഷത്രങ്ങളാകുന്ന സ്വേദബിന്ദുക്കൾ ഉദ്ഗമിക്കുന്നു. എത്ര ചേതോഹരമായ ഭാവന!

ഉണ്ണുനീലീസന്ദേശത്തിലെ സുപ്രസിദ്ധമായ പ്രഭാതവർണ്ണനത്തിലെ "താളംപോലേ പലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ" എന്ന പാദത്തിലെ ആശയം കൂടുതൽ ഹൃദയാവർജ്ജകമായ രീതിയിൽ ഒരു പദ്യത്തിൽ പ്രകാശിപ്പിച്ചുകാണുന്നു.

മദനവിജയകീർത്തിം മൽകൃതേ പാടുവാനെ-
ൻറ ഹിമകിരണചന്ദ്രൗ താളമാമ്മാറു കൊണ്ടു്
അതിലളിതമവററാലൊൻറുയർത്തോൻറു താഴ്ത്തീ-
ട്ടഹമിവ ചെറിയച്ചീ! നൂനമേഷ പ്രദോഷഃ.

(ശ്ലോകം 133)

കാമദേവൻെറ വിജയകീർത്തനത്തിനാണ് സന്ധ്യ സൂര്യചന്ദ്രന്മാരാകുന്ന താളം ഉപയോഗിക്കുന്നതെന്ന വിഭാവന എത്രയോ ഹൃദ്യവും പ്രകൃതാനുഗുണവും ആയിരിക്കുന്നു!

ഈ കൃതിയിലെ ഓരോ ശ്ലോകവും കലാസുഭഗമാണ്; ഓരോ ഭാവനയും ആഹ്ലാദപ്രദമാണ്; ഓരോ ചിന്തയും ശൃംഗാരസരസമാണ്. പ്രകൃതിയും മനുഷ്യലോകവും, ബാഹ്യചലനങ്ങളും മാനസികഭാവങ്ങളും, എല്ലാം ഒരുമിച്ചിണങ്ങിയ അന്യാദൃശമായ ഒരു കലാലോകത്തിന്റെ ദർശനമാണ് സഹൃദയന്ന് ഈ കൃതി സംഭാവന ചെയ്യുന്നതു്. ഇതിന്റെ അപ്രസിദ്ധനായ കർത്താവ് അസാമാന്യനായ കവിയും രസമർമ്മജ്ഞനായ സഹൃദയനും ആയിരുന്നിരിക്കണം എന്നുള്ളതിൽ സംശയമില്ല.

കൗണോത്തര.

"കൗണവംശപ്രദീപ"മായ കൗണോത്തരയെ വിഷയീകരിക്കുന്ന മൂന്നു ലഘുകാവ്യങ്ങൾ പദ്യരത്നത്തിലുൾപ്പെടുന്നു. 'വെണ്ണലക്ഷ്മാരമണഗുരുനിയോഗ'മനുസരിച്ചാണ് ഒരു കവി ഈ നായികയെ ചിത്രീകരിക്കുന്നതു്. 'കവിക്ഷ്മരമണസുരലതാ' എന്നും നായികയെപ്പററി പരാമർശിച്ചു കാണുന്നു. 'ഉത്രമാതെ'ന്ന് ജന്മനക്ഷത്രത്തെ ആസ്പദമാക്കിയുള്ള നാമധേയവും ഈ നായികയ്ക്കു കല്പിച്ചിരിക്കുന്നു. ഈ വസ്തുതകൾ മുൻനിറുത്തി നായിക വെൺപലനാട്ടുരാജാവിന്റെ കാമിനിയും കൗണവംശത്തിൽപ്പെട്ട പ്രമുഖയായ ഒരു സ്ത്രീരത്നവുമാണെന്ന് അനുമാനിക്കാം.* "ഇല്ലാസ്സാൻ പൗനരുക്ത്യം കവിവരവചസാം" എന്ന് പ്രഥമശ്ലോകത്തിൽ കാണുന്ന പ്രസ്താവം ഈ നായികയെ മററുപല കവികളും വർണ്ണിച്ചിരിക്കണമെന്നല്ലേ സൂചിപ്പിക്കുന്നതു്? പ്രഥമകാവ്യത്തിൽ ഗണപതിയെയും, ഭാരതിയെയും സ്മരിച്ചതിനുശേഷം കവി മൂന്നു ശ്ലോകങ്ങൾകൊണ്ടു് നായികയ്ക്കു് സർവഭാവുകങ്ങളും ആശംസിക്കുന്നു. നായികയുടെ കീർത്തിപ്രരോഹത്തിന്റെ വളർച്ചയെപ്പററി ഭാവന ചെയ്തിരിക്കുന്നതു് ഇങ്ങനെയാണ്.

ക്ഷീരശ്രീചേർന്ന വാചാ സരസമിഹ മുള-
    പ്പിച്ചു നിൻ കീർത്തിബീജം
പാരെപ്പേരും വിതച്ചിൻറഴകൊട്ട വിളയി-
    ച്ചീടുവൻ നൂനമിഞ്ഞാൻ;
കാരുണ്യം നൽക്കവീനാം വളമിതിനു; മിനക്കെട്ടു
    കാക്കിൻററതെല്ലാം
മാരക്ഷ്മാപാല; നേരും വരതനു, കുറവി-
    ല്ലത്ര കൗണോത്തരേ! മേ.

(ശ്ലോകം 24)

---

* വടക്കെ മലബാറിലുള്ള കൗണശ്ശേരി രാജകുടുംബം കൗണവംശത്തിൽ പെട്ടതാണോ എന്ന് അന്വേഷ്ടവ്യമാണ്.

കീർത്തിബീജത്തെ മുളപ്പിക്കുന്നത് കവിയുടെ ക്ഷീരശ്രീയുതമായ വാക്ക്; അതിനു വളമോ മഹാകവികളുടെ കാരുണ്യം; സംരക്ഷകൻ കാമദേവനും; പിന്നെന്താണു കുറവ്?

അനന്തരം കവി നായികയെ കേശാദിപാദം വർണ്ണിക്കുന്നു. അലങ്കാരപ്രചുരവും രസപുഷ്ടവുമായ ഈ വർണ്ണന സംസ്കൃതസാഹിത്യ സങ്കേതങ്ങളെ വളരെ ഉപജീവിച്ചിരിക്കുന്നു. സാധാരണങ്ങളായ ഉപമാനങ്ങളും പ്രഹതമായ രസപോഷണരീതിയും ആണ് ഇതിൽ അംഗീകരിച്ചിരിക്കുന്നതെങ്കിലും വർണ്ണനയ്ക്കു് ചമത്കാരവും സാരസ്യവുമുണ്ട്. മുഖവർണ്ണനം നോക്കുക:—

വാരൺപും വക്ത്രലക്ഷ്മീസരസിസരസിജം
 നേത്ര, മസ്മിൻ കളിക്കും
മാരക്ഷ്മാപാലലീലാതിലകമണിയുമ-
 ക്കുങ്കുമം ചോരിവാ തേ;
ചാരുശ്രീചേർന്ന ചില്ലീ ചെറുതിര, ദശനാ-
 ന്യത്ര സോപാനമാർഗ്ഗം,
നേരെത്താതോരു ഫേനം മുറുവൽ, നിരുപമേ!
 തത്ര കൗണോത്തരേ! തേ.

(ശ്ലോകം 29)

സമഗ്രമായ അംഗവർണ്ണനയ്ക്കുശേഷം കാമുകൻ കൗണോത്തരയെ വീണ്ടും കാണുന്നതെന്നാണെന്ന് ചിന്തിക്കുകയും മുൻപ് നായികയുമായി വേർപെട്ട രംഗത്തെ അനുസ്മരിക്കുകയും ചെയ്യുന്നു. യാത്ര ചോദിച്ച അവസരത്തിൽ നായികയുടെ നയനങ്ങളിൽ പ്രതിഫലിച്ച ഭാവശാബല്യം ഇങ്ങനെ വർണ്ണിക്കുന്നു:—

കാണായീ നേത്രകോണേ തടവു കരുണയും
 നാണവും പ്രേമവായ്പും
ദീനത്വം താപവും കോപവുമനുനയവും
 മാനവും മൽപ്രിയായാഃ

(ശ്ലോകം 41)

യുടൻ് നായികയുമായുള്ള സമ്പർക്കത്തെപ്പററി തോഴനോട്ട് ഉപപാദിച്ച തിനുശേഷം അവളുടെ 'പ്രേമലജ്ജാഭരപരിമിളിത'മായ വൃത്തിയെ ചിത്രീകരിച്ചുകൊണ്ട് കാവ്യം ഇപ്രകാരം സമാപിപ്പിച്ചിരിക്കുന്നു.

നോക്കാം നോക്കാംഭശായാമഹമണിവദനേ,
 രേഖമെല്ലസ്വാതന്ത്രീ,
നോക്കാം നോക്കായ്കിൽ ഞാനങ്ങപരിമിതരസാ-
 ഭോഗമാപാദമൂഢം;
സൗഖ്യം മേന്മൽ വരുത്തിൻറിയ്യ മനസി സഖേ!
 മാമകേ മററുമെല്ലാ-
മോക്കുമ്പോൾ പ്രേമലജ്ജാഭരപരിമിളിതാ
 വൃത്തി കൗണോത്തരായാഃ.

(ശ്ലോകം 44)

സ്രഗ്ദ്ധര, ശാർദ്ദൂലവിക്രീഡിതം, മാലിനി, വസന്തതിലകം, ഇന്ദ്രവജ്രാ എന്നി വൃത്തങ്ങൾ ഈ കാവ്യരചനയ്ക്കു് ഉപയോഗിച്ചിരിക്കുന്നു. ഒരു കാവ്യം ഒരേ വൃത്തത്തിൽ തന്നെ എഴുതണമെന്ന നിർബന്ധം അന്ന് ഇല്ലായിരുന്നു എന്നാണല്ലോ ഇതിൽനിന്നും വ്യക്തമാകുന്നതു്.

കൗണോത്തരയെ സംബന്ധിക്കുന്ന രണ്ടാമത്തെ കാവ്യം ഒന്നാമത്തേതിൽനിന്നും വളരെ വ്യത്യാസമുള്ളതാണ്. ഇതിൽ സമഗ്രമായ ഒരു കേശാദിപാദവർണ്ണനയ്ക്കു് കവി ശ്രമിച്ചിട്ടില്ല. ഇഷ്ടദേവതാവന്ദനം ചെയ്തശേഷം കവി തന്നെക്കുറിച്ച് "കവികമ്മാരമണസുരലതാം വാഴ്ത്തുവാനദ്യതോ ഞാൻ" എന്നു പ്രസ്താവിക്കുന്നു. ഈ കവിയായ രാജാവും ഒന്നാമത്തെ കാവ്യത്തിലെ 'വെൺപലകമ്മാരമണ'നും ഒന്നു തന്നെയാണോ എന്ന് നിശ്ചയിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

മഹിളാവതംസമായ കൗണോത്തരയെ തൻെറ മധുരവാക്കുകൾ കൊണ്ടു് പ്രശംസിച്ചാലുണ്ടാകാവുന്ന ഫലം കവി കാവ്യാരംഭത്തിൽ ഇങ്ങനെ വിഭാവനചെയ്യുന്നു.

(1) മപ്പാർ മുങ്ങും പുകഴ്പ്പാൽക്കടൽനടുവിലെടോ!
 നിണ്ണയം പുണ്യഭാജാ-
മിപ്പോഴാററു കൗണോത്തരമലർവനിതേ!
 വേണമാനന്ദസിന്ധൌ.

(ശ്ലോകം 47)

(2) വിഖ്യാതം നിൻപുകഴ്ച്ചിന്തവരവരകമേ
മൂളിയും പാടിയും പോയ്
സ്വർഗ്ഗസ്ത്രീണാം വിനോദത്തറമുകളിലര-
ങ്ങേറുമിൻറന്തിയാമ്പോൾ.

(ശ്ലോകം 48)

ഇങ്ങനെ സ്വകീയകലാവൈഭവത്തിൽ അഭിമാനം പ്രകടിപ്പിച്ച ശേഷം അത്യാശയാകൃതി ഉപയോഗിച്ച് വിഷയനിഗരണം ചെയ്തു കൊണ്ട് കവി ഒരു ശ്ലോകത്തിൽ നായികയെ സാമാന്യമായി വർണ്ണിക്കുന്നു.

ഉണ്ടോ ക്രൂരിരുളിന്നടപ്പിറവി പ-
ണ്ടാദര കലാനായക-
ന്നുണ്ടോ സന്തതി, കേളിരട്ട പെറുമോ
മാമേരു കാലാന്തരേ?
ഉണ്ടാമോ മഹേസ്തമസ്തകമിളം-
ത്തുണ്ടേൽ, നറുംകപ്പു പോ-
ന്നുണ്ടാമോ പുനരാമമേചനപമേ! നീ
ചൊല്ലു കൗണോത്തരേ!

(ശ്ലോകം 49)

നായികയുമായുള്ള വിരഹാവസ്ഥയിൽ, അവളുടെ അംഗവിശേഷങ്ങളോട് സദൃശങ്ങളായ വസ്തുക്കൾ കാമുകന് ദർശനസൗഖ്യമനുഭവിക്കാൻ സഹായകങ്ങളായിത്തീരുന്നത്രേ. അനന്തരം സഖാവിനോട് കൗണോത്തരയുടെ വരവിനെ വർണ്ണിച്ചുകേൾപ്പിക്കുന്നു.

തിങ്ങിപ്പൊങ്ങിത്തുടംപൂണ്ടനുപദമുരമി-
ട്ടൊൻറിനോടൊൻറുരുമ്മി-
പ്പൊങ്ങും വക്ഷോജഭാരം നഖരശിഖരവി-
ന്യാസധന്യം വഹന്തീ,
ചെങ്ങും നേത്രാഞ്ചലംകൊണ്ടുലകിടമഖിലം
മോഹയന്തീ സഖേ! കാൺ
ഭംഗ്യാ കൗണോത്തരപ്പൂംപുരികുഴലി വരും-
മാറു നിർമ്മായരമ്യം.

(ശ്ലോകം 53)

അംഗസൗന്ദര്യത്താൽ പ്രേക്ഷകന്മാർക്ക് ആനന്ദം പ്രദാനംചെയ്തു കൊണ്ട് സർവസൗഭാഗ്യങ്ങളോടുകൂടി സന്തുഷ്ടയായി ദീർഘകാലം ജീവി

ച്ചിരിക്കുവാൻ നായികയെ ആശംസിച്ചുകൊണ്ട് കാവ്യം സമാപിച്ചിരിക്കുന്നു.

കൗണോത്തരയെ പരാമർശിക്കുന്ന മററു ലഘുകാവ്യങ്ങളിലും നായികയുടെ അംഗലാവണ്യവും, കാമുകന്റെ വിരഹവ്യഥയും, സംയോഗാഭിലാഷവും മററുമാണ് വർണ്ണിച്ചിരിക്കുന്നത്.

ഉത്തരാചന്ദ്രിക.

* ഓടനാട്ടിൽ 'ചിറവായില്ല'ത്തെ ഒരു നായികയാണ് ഉത്തരാചന്ദ്രികയെന്ന് —

ഉൽപന്നോദയമോടനാട്ടു ചിറവാ-
യില്ലത്തൊരേണാക്ഷിയു-
ണ്ടിപ്പോളുത്തരചന്ദ്രികേതി നിറമാ-
ന്നസ്ത്രം മലർച്ചെഞ്ചരാ!
തൽപ്പൂമെയ് സുഭഗം, മധൂളി തടവും
വാണീവിലാസോദയം;
മുപ്പാരും മുഴവൻ നിനക്കിഹ നിന-
യ്ക്കുമ്പോൾ ജയിക്കായ് വരും.

(ശ്ലോകം 11)

എന്ന ശ്ലോകംകൊണ്ട് വ്യക്തമാകുന്നു. ഈ നായികയുടെ യഥാർത്ഥമായ നാമധേയം എന്താണെന്നു പ്രസ്താവിക്കുന്നില്ല. എന്നാൽ വർണ്ണനയുടെ സൗകമാര്യത്തിനായി നായികയ്ക്ക് ഉത്തരാചന്ദ്രിക എന്ന അഭിധാനം കല്പിച്ചിരിക്കുന്നു. ഈ സ്ത്രീരത്നത്തിന്റെ അന്യാദൃശമായ സൗന്ദര്യത്തേയും രസികതയേയും കീർത്തിക്കുകയും അവരുമായുള്ള സഹവാസത്തിനു അഭിലാഷം പ്രകടിപ്പിക്കുകയുമാണ് ഈ കാവ്യംകൊണ്ട് സാധിച്ചിരിക്കുന്നത്.

ഉത്തരാചന്ദ്രികയുടെ കാമുകന്റെ നാമധേയം 'രാമൻ' എന്നായിരുന്നുവെന്ന് താഴെ ഉദ്ധരിക്കുന്ന പദ്യത്തിൽനിന്നും തിരുമാനിക്കാം.

'ഉണ്ണി, രാമൻ വരുമ്പോന്നയി, തവ തിരുമെയ്
വാഴത്തൂചാനസ്ഥ കൈക്കൊ-
ണ്ടന്യൂനം താൻ മറന്നീലൊരുപൊഴുതുമെടോ!
താവകം പൂവലംഗം'

---

*കായംകുളം

എന്നെല്ലാമുത്തരാചന്ദ്രികമലർമകളോ-
ടംഗനാമൗലിതന്നോ-
ടിൻേറവം ചൊല്ലുതോഴാ! കനിവു മയി കല-
ന്നീടുവാനുരുഢമോദം.

(ശ്ലോകം 19)

ഈ കാമുകൻ ഇടപ്പള്ളിയിൽ വെച്ച് ഈ നായികയെ വർണ്ണിച്ചിട്ടുണ്ടത്രേ. അവസാനപദ്യം നോക്കുക:

വർണ്ണിച്ചേൻ‍ത്തരാചന്ദ്രികമലർമകളെ-
ന്നോടനാടിട്ടലാവും
കന്നൽക്കണ്ണാളെ ഞാനങ്ങമിതരസമിട-
പ്പള്ളിനിന്നുരുഢമോദം;
പിന്നെക്കണ്ടില ചേർന്നത്തരുണിയെ നിതരാം
വാഴ്‌വു പൂണ്ടിങ്ങിരുന്നും,
വിണ്ണിൽ പോരും വരെയ്ക്കും വടിവുകൾ നിതരാം
തോഴ! തേറീടിതല്ലോ.

(ശ്ലോകം 20)

കായംകുളംരാജകുടുംബത്തിലെ ഈ നായികയെ ഇടപ്പള്ളിയിൽ വെച്ച് വർണ്ണിക്കുന്നതിനുള്ള ചരിത്രപരമായ സാഹചര്യം അവഗന്തവ്യമായിരിക്കുന്നതേയുള്ളു.

ഇളയച്ചി.

,തെയ്യിത്തല'മെന്ന ഭവനത്തിലെ നായികയായ ഇളയച്ചിയ്ക്കു് അമ്പലപ്പുഴരാജകുടുംബവുമായി ഏതോ ബന്ധമുണ്ടായിരുന്നിരിക്കണം. ദേവനാരായണന്റെ പ്രേരണനിമിത്തമാണ് ഈ നായികയെ വാഴ്ത്തുന്നതെന്ന് കവി പ്രസ്താവിച്ചിരിക്കുന്നതാണ് ഈ അഭ്യൂഹത്തിന് ആസ്പദം. കാവ്യാരംഭത്തിൽ ഇങ്ങനെ കാണുന്നു:—

കന്ദർപ്പോല്ലാസി 'തെയ്യിത്തല'മെഴുമിളയച്ചീ!
ത്വദംഗം ഗുണശ്രീ-
സമ്പത്ത്യൈ ദേവനാരായണഗുരുകൃപയാ
വാഴ്ത്തുവാനുദ്യതോ ഞാൻ.

ഉണ്ണുനീലിസന്ദേശത്തിൽ ഇളയച്ചിയെപ്പററി രണ്ടു സ്ഥലത്ത് പ്രസ്താവം കാണുന്നുണ്ട്. മണ്ണൂററ (തിരുവല്ല) വെച്ച് സൗന്ദര്യധാമമായ ഇളയ

ച്ചിയെ മാഗ്ഗോപകണ്ഠത്തിൽ കാണണമെന്ന് കാമുകൻ സന്ദേശഹര നോട് പറയുന്നു. കൂടാതെ ഉണ്ണുനീലിയുടെ ഗൃഹം വർണ്ണിക്കുന്ന സന്ദർഭത്തിൽ, അവിടത്തെ ദാസിമാരുടെ സംഭാഷണമദ്ധ്യേ, ഇളയച്ചിയുടെ ഭർത്താവ് മേനോക്കിയാരാണെന്നും മററും പറയുന്നതായും രേഖപ്പെടുത്തി യിരിക്കുന്നു.

പദ്യരത്നത്തിൽ ഇളയച്ചിയെ പരാമർശിക്കുന്ന ഇരുപത്തഞ്ച് ശ്ലോകങ്ങൾ അന്തസ്യൂതമായിക്കാണുന്നുണ്ട്. എന്നാൽ ഇതെല്ലാം ഒരു ലഘുകാവ്യത്തിൻെറ ഘടകങ്ങളാണെന്ന തോന്നുന്നില്ല. ഇവയിൽ പ്രതിപാദിച്ചിരിക്കുന്ന തയ്യിലെ 'ഇട്ടിയിളയച്ചി'യും 'ഇളയച്ചി'യും രണ്ടു പേരായിരിക്കാം. ഈ പദ്യസമൂഹം നിഷ്കർഷത്തോടെ പരിശോധി ച്ചാൽ അതിൽ ചില ലഘുകൃതികളും ഒററശ്ലോകങ്ങളും ഉൾപ്പെടുന്നു വെന്നു കാണാം.

ഇളയച്ചിയ്ക്ക് സർവ്വവിധമായ സമ്പത്സമൃദ്ധിയും യശഃപ്രസരവും ആശംസിക്കുന്നവ കൂടാതെ ഈ നായികയുടെ അംഗലാവണ്യം വർണ്ണി ക്കുകയും കരുണാകടാക്ഷം പ്രാർത്ഥിക്കുകയും ചെയ്യുന്ന അനേകം പദ്യ ങ്ങളുണ്ട്. മാനാവിഷ്ടയായ നായികയെ അനുനയിപ്പിക്കുന്ന ധൂർത്തനായ കാമുകൻെറ നയചതുരമായ വാഗ്വിലാസം നോക്കുക:—

കോടരുതു കോടരുതു നിൻപുരികമയ്യോ!
വാടരുതു വാടരുതു കോമളമുഖാബ്ജം,
ചേടി പറയിൻറതിനുമോടരുതു, കോപം-
തേടരുതു തയ്യിലിളയച്ചിമലർമാതേ!

(ശ്ലോകം 100)

കാമുകൻെറ വിയോഗവ്യഥയുടെ ചിത്രീകരണവും ഏററവും ഹൃദയാവർജ്ജ കമായിരിക്കുന്നു. വിരഹാവസ്ഥയിൽ ഉദ്ദീപനവസ്തുക്കളുടെ ബാഹുല്യം നിമിത്തം പ്രദീപ്തമായ രാഗവഹ്നിയാൽ അഭിതപ്തനായ നായകൻ ഇളം കാററിനോട് തൻെറ സന്ദേശം നായികയെ അറിയിക്കാമോ എന്നു ഇങ്ങനെ ആരായുന്നു.

അല്ലേ വാർതെൻറലേ! മന്മഥമണിരഥമേ!
ഞാൻ പറഞ്ഞാലതെല്ലാം
ചൊല്ലാമോ ചെൻറു ഞാൻതാനവശതയിലിരു-
ന്നങ്ങു ചൊല്ലിൻറപോലേ;

ചൊല്ലാമീവണ്ണമെങ്കിൽ പ്രിയസഖ, വരുവാൻ
ഞായമുണ്ടുൾക്കുരുന്നിൽ-
കല്യാണാംഗിക്കു തയ്യിത്തലമെഴുമിളയ-
ച്ചിക്കു കാരുണ്യലേശം.

(ശ്ലോകം 98)

ഇങ്ങനെ പല മനോഹരഭാവങ്ങളും ഇളയച്ചിയെ വിഷയമാക്കി വർണ്ണിച്ചിരിക്കുന്നതായിക്കാണാം.

ഇട്ടിയച്ചി.

ഇട്ടിയച്ചിയുടെ നയനമനോഹാരിതയും കടാക്ഷരസികതയും പത്തു ശ്ലോകങ്ങളിലായി വർണ്ണിച്ചിരിക്കുന്നു. വർണ്ണനയുടെ പരിമാണത്തിൽ നിന്ന് അതിലുണ്ടായിരിക്കാവുന്ന ഉത്പ്രേക്ഷകളും മററു കല്പനകളും സീമലംഘികളാണെന്ന് അനുമാനിക്കാമല്ലോ. സാദൃശ്യത്തെ ആസ്പദമാക്കി കണ്ണുകളെ മത്സ്യങ്ങളാക്കിയുള്ള രൂപകങ്ങളും ഉൽപ്രേക്ഷകളും മററും സാധാരണങ്ങളാണെങ്കിലും ഇളയച്ചിയുടെ നേത്രങ്ങളുടെ വർണ്ണനം ഭാവനാത്മകവും ഹൃദ്യവുമായിത്തന്നെയിരിക്കുന്നു.

ഊനംതട്ടാത്ത കാന്തിപ്രസവനവസുധാ-
പൂരിതേ വാരിരാശൗ
സാനന്ദം മന്ദമാന്ദോളിതതരളലസ-
ച്ചില്ലി വല്ലീ തപദംഗേ,
നൂനം താഴിൻറ ലോലാളകവലയിലക-
പ്പെട്ടുഴൻറിട്ടിയച്ചീ!
മീനദ്വന്ദ്വം കളിക്കിൻറിതു തവ നയന-
ച്ഛദ്മനാ പത്മനേത്രേ!

(ശ്ലോകം 110)

അംഗസൗന്ദര്യമായ സുധാസമുദ്രത്തിൽ അളകാവലിയായ വലയിലകപ്പെട്ടു് ഉഴലുന്ന രണ്ടു മത്സ്യങ്ങൾ നായികയുടെ കണ്ണുകളെന്ന വ്യാജേന കളിക്കുന്നവത്രേ! ഇളയച്ചിയുടെ പ്രേമാർദ്രവും ലോലലോലവുമായ കടാക്ഷവീക്ഷണം ദർശിക്കുവാനുള്ള അഭിലാഷപ്രകടനത്തോടുകൂടി വർണ്ണന ഇങ്ങനെ ഉപസംഹരിക്കുന്നു.

ആരാമാരാൽ കാണുമനോ ജ്ഞാനവിരളമിളകീ-
ടിൻെറ ലജ്ജാഭിരാമാ-
നാമന്ദസ്യന്ദിഹാസാങ്കുരമിടവിരകീ-
ടിൻെറ കൂറ്റാന്തപാതാൻ
ആമന്ദം മാരുതാന്ദോളിതകമലപലാ-
ശാവലീലോലലോലാൻ
പ്രേമാർദ്രാനിട്ടിയച്ചീ! നവലളിതകലാ-
സങ്കടാൻ നിൻകടാക്ഷാൻ.

(ശ്ലോകം 116)

മല്ലീനിലാവ്

ഈ കാവ്യത്തിൽ പ്രേമാവേശത്തോടുകൂടി മല്ലീനിലാവിനെ സംബോധന ചെയ്തുകൊണ്ട് രാഗോദ്ദീപകമായ രീതിയിൽ സന്ധ്യാകാലത്തെ വർണ്ണിച്ചിരിക്കുന്നു. കുസുമശരൻെറ സന്ധ്യാസമയത്തിലെ വിജയമാണു ആദ്യം പരാമർശിച്ചിരിക്കുന്നതു്.

മധുപവിരുതമെന്നും കാഹളപ്രൗഢികൈക്കൊ-
ണ്ടുദിതശശികരാളീചാമരോല്ലാസശാലീ
അധികരുചിരതാരാജാലമുത്തുക്കുടക്കീ-
ഴിത ജയതി മട്ടത്താർവല്ലി മല്ലീനിലാവേ!

(ശ്ലോകം 148)

പ്രകൃതിവസ്തുക്കൾ മുഴുവനും കാമൻെറ പരിച്ഛദങ്ങളായി മാററിയിരിക്കുന്നു. സന്ധ്യാരാഗമണിഞ്ഞു് പശ്ചിമാശയെ ഭാനുമാൻ ആശ്ലേഷിക്കുന്നു; സരസ്സിൽ മുങ്ങി കുമുദപരാഗമണിഞ്ഞു മധുളിയുമേന്തി മന്ദപവനൻ ചലിക്കുന്നു; അനേകം ചന്ദ്രന്മാരെ വളർത്താനായി മദനൻ നക്ഷത്രങ്ങളാകുന്ന വിത്തുകൾ ആകാശമാകുന്ന കേദാരത്തിൽ വിതയ്ക്കുന്നു; കോകദമ്പതികൾ വിരഹവ്യഥിതമാകുന്നു—ഇങ്ങനെ കാമിനിമാരുടെ അനുകൂലഭാവത്തെത്തുട്ടിയുണർത്തുന്ന പല രംഗങ്ങളും കാമുകൻ ചിത്രീകരിക്കുന്നു. തൻെറ വിരഹാവസ്ഥയിൽ, സങ്കല്പത്തിലെങ്കിലും കാമിനിദർശനത്തിന് സാഹായ്യമനുഷ്ഠിച്ച സന്ധ്യയെ പ്രശംസിച്ചുകൊണ്ട് ഇങ്ങനെ കാവ്യം പരിസമാപിപ്പിച്ചിരിക്കുന്നു.

അകിലണിമുല കുമ്പും പങ്കജൈ,രിന്ദുകാന്ത്യാ
മുഖരുചി, മൂദുഹാസം കൈരവംകൊണ്ടു കാട്ടി,

പികമൊഴി! വിരഹേ തേ ഹന്ത! മാം കാത്ത സന്ധ്യാ
സുഖതരമിതി നിന്നാം വെൽക മല്ലീനിലാവേ!

(ശ്ലോകം 15)

ചെറിയച്ചിയെയും മല്ലീനിലാവിനെയും പരാമർശിക്കുന്ന കാവ്യങ്ങളുടെ കർത്താവ് ഒരാളായിരിക്കാൻ ഇടയുണ്ട്. രണ്ടിലും കവിയുടെ അനന്യദൃശമായ പ്രകൃതിനിരീക്ഷണശക്തിയും അനശ്ലീലമായ ശൃംഗാരരസാനുഭക്തിയും നിഴലിക്കുന്നു. രണ്ടിലേയും വൃത്തം 'മാലിനി'യാണെന്നുള്ളതു ശ്രദ്ധേയമാണ്.

മാരലേഖ.

'മാരലേഖ' എന്ന നാമധേയം കല്പിതമായിരിക്കാനേ ഇടയുള്ളൂ. ഈ നായികയെപ്പററി പുനംനമ്പൂതിരി ശങ്കരകവിയോട് ഇങ്ങനെ പരാതി പറയുന്നു.

മൽപ്രാണങ്ങളിനൊണ്ടു നിന്നൊടരിയോ-
രന്യായമിപ്പോഴെടോ!
പത്മാമംഗലരംഗശങ്കരകവേ!
നന്നോമലന്യാദൃശീ;
മൽപ്രാണേശ്വരി മാരലേഖ മഹിളാ-
രത്നം തരിൻറിലെടോ!
ചെപ്പേലും മുലമൊട്ടെനിക്കു നല്ക-
ത്താർബാണലീലാന്നിധേ!

(ശ്ലോകം 239)

കവിസാർവ്വഭൗമനായ പുനത്തെക്കൊണ്ടു അന്യായം പറയിപ്പിക്കുവാനിടയാക്കിയതിൽ ശങ്കരകവി 'മാരലേഖ'യോടു പരിഭവിച്ചിരിക്കുന്നു.

ധന്യേ, സത്പാത്രമാനംപ്രതി തവ മടിയെ-
ന്തെന്തു മുന്നേ കൊടാഞ്ഞു
കൻേറലും കൊങ്ക പങ്കേരുഹമുഖി! പുനമാം
നൽക്കവീന്ദ്രന്നതല്ലും?

അന്ന്യായം ചൊല്ലുമാറാക്കിയതമലച്ഛന്നേ!
യുക്തമോ? ചിത്തമയ്യോ!
ഖിന്നം കാണേതദീയം മദനശരശിഖാ-
ദാരുണം മാരലേഖേ!

(ശ്ലോകം 240)

ഈ നായിക പുനത്തിൻെറയും ശങ്കരകവിയുടെയും സമകാലിനയും സമീപവത്തിനിയും, വിശേഷിച്ചും പുനത്തിൻെറ കാമിനിയും ആയിരിക്കണമെന്ന് ഇതുകൊണ്ടു സിദ്ധിക്കുന്നുണ്ടല്ലോ. ചന്ദ്രോത്സവത്തിൽ മാരലേഖയെ "പുനമെന്നാ നൽക്കവീന്ദ്രേണ........സതൃയമാനാപദാനാ" എന്നു വർണ്ണിച്ചിരിക്കുന്നതു് ഇതിനെ കൂടുതലായി സമർത്ഥിക്കുന്നു.

കുസുമമഞ്ജരീവൃത്തത്തിൽ ഒൻപതു ശ്ലോകങ്ങളുള്ള ഒരു ലഘുകാവ്യത്തിൽ മാരലേഖയുടെ വിവിധശൃംഗാരഭാവങ്ങളെ ചിത്രീകരിച്ചിരിക്കുന്നു. ഇതിൽ വിരഹിയായ കാമുകൻ നായികയെ പലതരത്തിൽ വിഭാവനചെയ്തു് രസിക്കുന്നതായിക്കാണാം. നായകസമാഗമത്തിൽ മാരലേഖയുടെ കണ്ണുകളിൽ കളിയാടുന്ന ഭാവവും മുഖത്തു സ്ഫുരിക്കുന്ന രസവും ഹൃദയഹാരിയായി പ്രഥമപദ്യത്തിൽ ചിത്രണം ചെയ്യുന്നു.

ഗൂഢകന്ദളിതമന്ദഹാസവുമൊളിച്ചു
തോഴികളെ, മന്മുഖേ
ചാടുമമ്മിഴിമുനയ്ക്കൽ മെല്ലെ നിഴലിച്ചു
മിന്നുമഭിലാഷവും,
ചാടുവാക്കുകളിലാശു ചാപലമകപ്പെ-
ട്ടുംപൊഴുതിലന്തരാ
പേടിയും തവ, നിനപ്പുനെൻമനസി മാര-
ലേഖമലർനായികേ!

(ശ്ലോകം 278)

ഇങ്ങനെ കുസുമമഞ്ജരീവൃത്തവും, സംഭോഗശൃംഗാരവും, സരസനായ കവിയുടെ ഭാവനകളുംകൂടി ഈ കാവ്യത്തിൽ ഒരു നല്ല മേളമുണ്ടാക്കിയിട്ടുണ്ടെന്നേ പറയേണ്ടൂ. ഇവ കൂടാതെ മാരലേഖയെപ്പററിയുള്ള അഞ്ചു് ഒററശ്ലോകങ്ങളും പദ്യരത്നത്തിൽ ഉൾപ്പെടുന്നു. അവയിൽ ഒരു ശ്ലോകം, അലങ്കാരപുഷ്ടിയും രസനിർഭരതയും നോക്കുമ്പോൾ, പ്രത്യേകം ശ്രദ്ധേയമാണ്.

പൂവാണോല്ലാസമെന്നും മദവിവശത കൈ-
ക്കൊണ്ടുടൻ, ധൈര്യമെന്നം-
പാവാനെക്കോപവേഗാൽ കനിവിനൊടു കല്പ-
ക്കിക്കളഞ്ഞത്രസ്തശങ്കം,
താവും മന്ദാക്ഷമാം ചങ്ങല ഝടിതി മുറി-
ച്ചു,മ്മൂലകൾന്റിലാംമാ-
റേവം മേ കാൺക പായിൻറത്തു കമനി, മനോ-
വാരണം മാരച്ചേഖേ!

(ശ്ലോകം 243)

അഹോ! മനോവാരണത്തിന്റെ പാച്ചൽ!

കലാമാലിക.

രസികത്വയ്ക്കുവേണ്ടി കവി കൃത്രിമമായി വല്ല 'അച്ചിയ്യോ' 'നങ്ങയ്യോ' മറ്റോ നൽകിയിട്ടുള്ള നാമമായിരിക്കണം 'കലാമാലിക' എന്നുള്ളത്. നായികയുമായുള്ള വിപ്രയോഗത്തിൽ കാമുകന്റെ സ്മരണകളും, അഭിലാഷങ്ങളും, ക്ലേശങ്ങളും അഞ്ചാറു ശ്ലോകങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. സ്വർണമണ്ഡലത്തിലെ രാജ്ഞിയായ നായികയുടെ വർണ്ണനം, അലങ്കാരചാതുര്യം, ധ്വനിവൈശിഷ്ട്യം, രസമാധുര്യം, എന്നീ ഗുണങ്ങളാൽ ഏററവും ചമത്കാരമയമായിരിക്കുന്നു.

ഉണ്ടോ കൊണ്ടലിലംബുജം മറയുമാ-
റയ്യാ! നിലാവും കല-
ന്നുണ്ടാമോ ബത! പാഞ്ചജന്യകഹരേ
കൊഞ്ചും വിപഞ്ചീരവം?
കണ്ടാലും കമനീയമെന്തിതു മതു-
ത്താർപോലെ കൃത്താടുമാ-
രുണ്ടോ രണ്ടു കുലാചലങ്ങളബലാ-
മൗലേ, കലാമാലികേ!

(ശ്ലോകം 218)

വിയോഗവ്യഥിതനായ കാമുകന്റെ ധീരചരാക്രമങ്ങൾ കേൾക്കേണ്ടതുതന്നെയാണ്!

കണ്ണേ കോരിപ്പകന്നേൻ കയിൽനിനമയം
കാളക്രൂടം, മരിപ്പാൻ-
തന്നേ ഞാൻ തുനിലാവാം ചുടുകനൽനടവേ
ചാടിനേന്തുഢധൈര്യം,
ധന്യേ, വാർതെൻറലെന്നും വലിയ പുലി വരി-
ൻേറാരു വാളുകൽ നിൻേറ-
നെന്നേ! താപം പൊറാഞ്ഞേൻ കമലമുഖി, കലാ-
മാലികേ! നിൻവിയോഗേ.

(ശ്ലോകം 215)

കാതിൽ കാളക്രൂടം പകർന്നു; ചുടുകനലിൽ ചാടി; പുലിയുടെ നേരേ നിന്നു; എന്നുവേണ്ട, വിയോഗം പരാക്രമത്തിൻെറ പരമാചാര്യൻ തന്നെ.

ഇങ്ങനെ നായികമാരുടെ ഒരംഗം തുടങ്ങി കേശാദിപാദംവരെയും, ലോലമായ ഒരു ഭാവം തുടങ്ങി ഉത കടമായ രാഗവിലാസംവരെയും, കാമുകൻെറ വിയോഗവ്യഥ തുടങ്ങി വികാരവിജൃംഭിതമായ പ്രേമാർത്ഥനം വരെയുമുള്ള പ്രതിപാദ്യങ്ങളെ സരസമായി വർണ്ണിക്കുന്ന ഒട്ടനേകം ഉല്ല കൃതികൾ പദ്യരത്നത്തിൽ നിഗുംഫനം ചെയ്യപ്പെട്ടിരിക്കുന്നു. അവയെക്കുറിച്ചു ഒരു സാമാന്യബോധം ജനിപ്പിക്കുന്നതിനു ഇത്രയും മതിയാകുമെന്നു വിശ്വസിച്ചും വിസ്തരഭയത്തിനു വിധേയനായും ഈ ചർച്ച ഉപസംഹരിക്കുന്നു.

(ii) കാവ്യസൗഷ്ഠവം.

ശൃംഗാരഗീതങ്ങൾ (Love Lyrics) ആയ പദ്യരത്നകൃതികളിലെ ഭാവമാധുര്യവും, ചേതോഹരമായ പ്രതിപാദനരീതിയും, സരസമായ മണിപ്രവാളശൈലിയുംകൂടി ഇവയിലെ കാവ്യലക്ഷ്മിക്ക് അന്യാദൃശമായ രാമണീയകം വരുത്തിയിരിക്കുന്നു. ഇവയുടെ കർത്താക്കളിൽ ചിലർ ഈ കാവ്യമഹത്വത്തെപ്പററി തികച്ചും ബോധവാന്മാരായിരുന്നുവെന്നു അനുമാനിക്കാവുന്നതാണ്. തങ്ങളുടെ സ്തുതികൾ നായികമാരെ കീർത്തിസമുദ്രത്തിൽ ആറാടിക്കുമെന്ന് കവികൾ ആത്മവിശ്വാസപൂർവ്വം പ്രസ്താവിച്ചിട്ടുള്ള വസ്തുത മുൻപുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. സ്വകീയരചനയെ പരാമർശിക്കുമ്പോൾ അവർ നൽകുന്ന വിശേഷണങ്ങൾ ഈ സന്ദർഭത്തിൽ സ്മരണീയങ്ങളാണ്. "പ്രാതിഭശ്രീശില്പം വാശോചാ

ത്തരം മാമകമിയ്യ്'', ''നരൂംതേനൊക്കത്തെക്കപ്പൊഴിഞ്ഞീടിന മധുരഗിരാ'', ''വാരെത്തും പങ്കജാക്ഷൈഃ'', ''ക്ഷീരശ്രീചേന്ന വാചാം'', ''പൻപുറോഹിൻറ വാചാ'' എന്നിങ്ങനെ പോകുന്ന ആ വിശേഷണങ്ങൾ.

പ്രസ്തുതകൃതികളുടെ രചനയിൽ തത്കർത്താക്കളെ പ്രേരിപ്പിച്ചതും പ്രഗല്ഭരായ അവരുടെ സംസ്കൃതസാഹിത്യപാണ്ഡിത്യമാണെന്നുള്ളത് നിർവിവാദമാണ്. അലങ്കാരം, രസം, ധ്വനി തുടങ്ങി സംസ്കൃതാചാര്യന്മാർ വ്യവസ്ഥാപനം ചെയ്തിട്ടുള്ള കാവ്യഘടകങ്ങളെപ്പററിയുള്ള അഭിജ്ഞതയും, സംസ്കൃതകാവ്യങ്ങളുമായുള്ള പരിചയവും ഈ കൃതികളിൽ എവിടെയും തെളിഞ്ഞു കാണാം. അലങ്കാരങ്ങളുടെ ഘടനയും, അതിനുപയോഗിക്കുന്ന സങ്കേതങ്ങളുടേയും ഉപമാനങ്ങളുടേയും സ്വഭാവവും എല്ലാം പ്രായേണ സംസ്കൃതത്തിൽനിന്നും പകർത്തിയിരിക്കുന്നു എന്നു വേണം പറയുവാൻ. എന്നാൽ അവരുടെ കരുക്കൾ തന്നെ ഉപയോഗിക്കുമ്പോഴും ഒരു പുതുമയും പ്രത്യേകമായ ഔചിത്യവും വരുത്തുവാൻ പദ്യരത്നകൃതികളുടെ കർത്താക്കന്മാർക്ക് പ്രായേണ സാധിച്ചിട്ടുണ്ട്. കൌണോത്തരയോട് കാമുകൻ പറയുകയാണ്:—

നിൻനേത്രത്തൊടു നേരെനിക്കു രജനീ,
വൈവശ്യമോമന്മല-
ക്കുൻേറാടൊക്കു, മുറക്കമൂണു സുഖമെ-
ൻറിത്യാദി മദ്ധ്യോപമം,
ധന്യേ, മാരതുരാൽ നിതംബസദൃശം
നന്നെപ്പിരിഞ്ഞീടിനാൽ,
നിന്നെക്കാണ്മതിനുണ്ടുപായമിവയോ-
രോൻേറാർത്തു കൌണോത്തരേ!

(ശ്ലോകം 52)

നേത്രങ്ങളുടെ ദൈർഘ്യവും, വക്ഷോജങ്ങളുടെ ബൃഹത്ത്വവും, മദ്ധ്യത്തിൻെറ കാർശ്യവും, ജഘനത്തിൻെറ പൃഥുലതയും നമ്മുടെ സ്ത്രീ-സൌന്ദര്യാദർശത്തിലെ പ്രധാനാംശങ്ങളാണ്. അവ എത്രയോ കവികളുടെ വർണ്ണനയ്ക്കു വിഷയമായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ വിയോഗദുഃഖമനുഭവിക്കുന്ന കാമുകൻ തൻെറ അനുഭവവും നായികയുടെ അംഗലാവണ്യവും കൂട്ടിയിണക്കി ഇങ്ങനെ ഭാവനചെയ്യുന്നതിൽ നിറഞ്ഞുതുളുമ്പുന്ന രസികത ഒന്നു പ്രത്യേകംതന്നെയെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

സാധാരണയായി സംസ്കൃതസാഹിത്യത്തിലെ ഉപമാനങ്ങളാണു് ഈ കൃതികളിൽ കവികൾ ഉപയോഗിച്ചിരിക്കുന്നതെങ്കിലും നൂതനങ്ങളായ ഉപമാനങ്ങൾ തേടിപ്പിടിക്കുന്നതിലുമുള്ള ഔൽസുക്യം അവർ പ്രദർശിപ്പിച്ചിട്ടുണ്ടു്. കല്പവിനെ അപ്രസ്തുതമായി സ്വീകരിച്ചിരിക്കുന്ന ഒരു രസകരമായ വർണ്ണനം നോക്കുക:—

നിർമ്മായം പക്ഷപാതം തവ തരുണി! മദോ-
　　മാലുമികെന്നൊൽ മന്യേ,
രമ്യാകാരേണ കാണായിത ബത! മുറുവൽ-
　　പ്പാമരം വാമനേത്രേ!
മന്ദാറാകുന്ന ധന്യത്തുറനടുവിലുട-
　　ക്കിൻറിളുണ്ടിൻറു നാളെ-
ച്ചെമ്മേ നിൻകൊങ്കമൊട്ടാം കനവിയ കനക-
　　ക്കപ്പൽ കർപ്പൂരവല്ലീ!

(ശ്ലോകം 234)

ചരിത്രപരമായ ഒരു വസ്തുതയും ഉപമാനീകരിച്ചുകാണുന്നു. തെന്മേനകയുമായി വേർപെട്ട കാമുകന്റെ ഹൃദയത്തോടു മഴക്കാലം യുദ്ധത്തിനു തയ്യാറാകുന്നപോലും! ഇതാണു് പ്രസ്തുതം. അപ്രസ്തുതമായി സ്വീകരിച്ചിരിക്കുന്നതോ സാമൂതിരി കൊച്ചിയെ ആക്രമിക്കുന്നതും.

കൊട്ടിച്ചുംഭോദനാദത്തുകിൽ, ശിഖികുലമാ-
　　മാലവട്ടങ്ങൾ വീയെ-
പ്പട്ടൊക്കും നീർക്കടമ്പാം തഴയുപരി കിളർ-
　　ത്തൊററചേത്തൊൻറു ശൗര്യം,
ചുട്ടെപ്പേരും മുടിപ്പാനിഹ മമ മനമാം
　　കൊച്ചി തെന്മേണകേ! നേ-
രിട്ടാനീ നിൻവിയോഗാപടി വടിവൊടു കാർ-
　　ക്കാലമാം കുൻറലേശൻ.

(ശ്ലോകം 188)

ഉപമാനം പ്രകൃത്യാ ശുഷ്കമാണെങ്കിലും കവിയുടെ ഭാവനാശക്തിയുടെ വൈഭവം നിമിത്തം അതു ഹൃദ്യമായി പരിണമിച്ചിരിക്കുന്നു.

ഉപമേയം പാടേ ഉപേക്ഷിച്ചു് ഉപമാനംകൊണ്ടുതന്നെ വർണ്ണ്യത്തെ പ്രതീതിവിഷയമാക്കുന്ന രൂപകാതിശയോക്തിയുടെ സമ

ത്ഥമായ പ്രയോഗം പദ്യരത്നത്തിൽ പലേടത്തും കാണാം. രാമാനിലാവിന്റെ കാമുകൻ സ്വപ്നത്തിൽ കാണുന്ന 'മദനമഹാമായ' ഈ അലങ്കാരത്തിന്റെ സാഹായ്യത്തോടുകൂടി വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ചേണൊന്നീടിന്റെ താരാനികരമുടനുടൻ
പെയ്യോരംഭോദമാലാ
താനേ താണീട്ടമാറും, കലഗിരി ഗഗനേ
നിന്റു നൃത്താടുമാറും,
ഏണാങ്കേ ചാരുമുക്താവലികൾ പടരുമാ-
റും കനാവത്തു കണ്ടേൻ
ഞാനേവം ദൈവയോഗാലൊരു മദനമഹാ-
മായ രാമാനിലാവേ!

(ശ്ലോകം 248)

നായികയുടെ ശിരോലങ്കാരമോ അവയവവിശേഷങ്ങളോ ഒന്നും തന്നെ ഇവിടെ പ്രസ്താവിക്കപ്പെടുന്നില്ല. അവയുടെ പ്രസിദ്ധങ്ങളായ ഉപമാനങ്ങളുടെ ഭാഷയിൽത്തന്നെ ഇവിടെ നായികാവർണ്ണനം നിർവഹിക്കുകയാണ് കവി ചെയ്തിരിക്കുന്നതു്. ഇതിന്റെ ചമത്കാരകാരിതം അന്യാദൃശമാണല്ലോ.

പുരാണപ്രസിദ്ധങ്ങളായ കഥകളെ ഉപമാനമായി കല്പിച്ചുകൊണ്ടുള്ള അലങ്കാരപ്രയോഗങ്ങളും ദുർല്ലഭമല്ല. ചെറിയച്ചിയുമായുള്ള വിയോഗത്തിൽ കാമുകന്റെ ഹൃദയസീതയെ കാമദശാനനൻ അപഹരിച്ചുകൊണ്ടുപോയി ക്ലേശിപ്പിക്കുന്നത്രേ!

മമ ബത! മതിസീതാമച്ചിപുത്രീവിയോഗ-
വ്യസനജലധിമദ്ധ്യേ കൊണ്ടുപോയ വെച്ചുകൊണ്ട്,
തെളുതെളെ വിലസിച്ചച്ചന്ദ്രനാം ചന്ദ്രഹാസം
കുസുമശരദശാസ്യഃ കൊൽവനെന്റഭ്യൈതി.

(ശ്ലോകം 130)

പൂവാണരേഖയെ വർണ്ണിക്കുമ്പോൾ ആ നായികയുടെ ശരീരത്തിൽ വിഷ്ണുവിന്റെ ഒരവതാരം, ജന്മസ്ഥാനം എന്നു തുടങ്ങി പലതും കാണുന്നു എന്നു കൃത്രിമമായി ഉപപാദിച്ചിരിക്കുന്നു.

പദ്മേ ജന്മ ഭൂചിതിയം തടവിന കമലാ-
        കാന്തനണഞ്ഞഞ്ചിതാഭം,
തന്മിതേ കാഞ്ചനാംകൊണ്ടവന്ന ജനിഗ്രഹം
        വർത്തതേ മുഗ്ധനേത്രേ!
തന്മിതേ തത പദം ഛേ,ത്തതിനുപരി തദീ-
        യാതപത്രം, തദീയം
തന്മിതേ പുത്രമിത്രം പരിലസതി സുധാ-
        വാണി! പൂവാണരേഖേ!

(ശ്ലോകം 263)

താമരപോലുള്ള പാദത്തിനു മുകളിലായി ആമയോടു സദൃശമായ പ്രപദവും, നരസിംഹജനിഗ്രഹമായ കാഞ്ചനസ്തംഭംപോലുള്ള ഊരുകാണ്ഡവും, വിഷ്ണുപദ(ആകാശ)തുല്യം ശൂന്യമായ മധ്യഭാഗവും, ശ്രീകൃഷ്ണൻ കുടയായ് പിടിച്ച ഗോവർദ്ധനത്തോടു സമാനമായ വക്ഷോജവും, വിഷ്ണുപുത്രനായ കാമദേവന്റെ മിത്രമായ ചന്ദ്രനോടു സന്നിഭമായ വദനവും ആണ് വർണ്ണിക്കപ്പെട്ടിരിക്കുന്നതു്. ഈ ശ്ലോകം വായിക്കുമ്പോൾ "ഭാതി ശ്രീരമണാവതാരദശകം ബാലേ! ഭവത്യാഃ സ്തനേ" എന്ന് ഒരു സംസ്കൃതകവി സ്ഥാപിച്ചിട്ടുള്ളതു് ഓർമ്മയിൽ വരുന്നു.

ശൃംഗാരഗീതങ്ങളായ പദ്യരത്നകൃതികളിലെ രസധോരണി അന്യാദൃശമാണ്. ഇവയിൽ സംഭോഗശൃംഗാരവും വിപ്രലംഭശൃംഗാരവും കലാവൈഭവത്തോടും രസാനുഭൂതിയോടുംകൂടി ചിത്രീകരിച്ചിരിക്കുന്നു. വികാരാവേശത്തിന് വിധേയരായ കാമുകന്മാരുടെ അഭിനിവേശങ്ങളേയും അനുഭൂതികളേയും അധികരിച്ചുള്ള ഈ വർണ്ണനകളിൽ കലാസൗകുമാര്യം കളിയാടുന്നുണ്ടെങ്കിലും അവയിൽ ചിലതെല്ലാം ആധുനികമായ അഭിരുചിക്ക് അനുഗുണമായിരിക്കുന്നില്ല എന്ന് ഈ കാവ്യങ്ങൾ വായിക്കുന്ന സഹൃദയന്മാർക്ക് തോന്നാതിരിക്കുകയില്ല. എന്നാൽ അശ്ലീലച്ഛായപോലുമില്ലാത്ത എത്രയോ രസോന്മിഷിതങ്ങളായ വർണ്ണനകൾ ഈ കാവ്യകലാപത്തിൽ അടങ്ങിയിരിക്കുന്നു! സൗന്ദര്യധാമങ്ങളായ നായികമാരുടെ പ്രൗഢസരസങ്ങളായ വർണ്ണനകൾ എത്രവേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്. മാരചേമന്തികയുടെ അംഗവർണ്ണനം പ്രഹതങ്ങളായ ഉപമാനങ്ങൾകൊണ്ടു് നിബിഡമാണെങ്കിലും സഹൃദയന്മാർക്ക് ആഹ്ളാദപ്രദമായിരിക്കും.

കാർമേഘം കൈതൊഴേണം മലരണിപരിചാ-
യൽക്ക, ചില്ലിക്ക മമ്മാ!
കാമക്കോൽവിൽ തൊഴേണം, മഴലമിഴിയുഗ-
ത്തിന്നു പെൺമാൻ തൊഴേണം,
ഘോയ്സ്ഥാതംഗം തൊഴേണം തവ നവഗമന-
ത്തി,ന്നിളംപോർമുലയ്ക്കും
ഹേ മുഗ്ദ്ധ! മാരച്ചമന്തിക’മലർവനിതേ!
ഹേമകുംഭം തൊഴേണം.

(ശ്ലോകം 208)

നായികാനായകന്മാരുടെ സമാഗമത്തെ ചിത്രീകരിക്കുന്നതിൽ നിന്നും കൂടുതൽ ഹൃദ്യമായിട്ടുള്ളതു് അവരുടെ വിയോഗാവസരത്തിലെ ഹൃദയഭാവത്തെയും സാങ്കല്പികസുഖത്തെയും വർണ്ണിക്കുന്നതാണല്ലോ. തിരുവോണംനാളിൽ ജനിച്ച ഒരു നായികയുടെ വിയോഗത്തിൽ കാമുകൻ ഇങ്ങനെ സങ്കല്പസുഖം അനുഭവിക്കുന്നു.

സങ്കല്പംകൊണ്ടു കാണ്മൻ തവ തിരുവദനം
കാമസൂത്രോല്പമേ വ-
ന്നെങ്കൽ പാകിൻറ മുഗ്ദ്ധസ്മിതമമൃതരസം
പെയ്യുമാലാപജാലം
തിങ്ങിത്തിങ്ങിപ്പൊടിക്കും പുളകചിതനവ-
പ്രേമസിന്ധൗ നികാമം
മുങ്ങിപ്പൊങ്ങിക്കളിക്കും തിരുമിഴി തിരുവോ-
ണംപിറന്നേണനേത്രേ!

(ശ്ലോകം 209)

വിരഹാതുരനായ കാമുകൻ ഇട്ടിയച്ചിയുടെ പ്രേമാർദ്രങ്ങളായ കടാക്ഷവിക്ഷേപങ്ങളെ അനുസ്മരിക്കുകയും അവയുടെ ലക്ഷ്യമാകുവാൻ അഭിലഷിക്കുകയും ചെയ്യുന്നതു നോക്കുക:—

കിഞ്ചില്ലജ്ജാവനമ്രാൻ, പ്രണയനവലതാ-
പല്ലവാൻ, പല്ലവേ കി-
ഞ്ചെത്തുമന്ദഹാസദ്യുതിശകലവലാ-
കാവലാബാലമേഘാൻ,

അഞ്ചമ്പന്നസ്ത്രഭൃത്താനവിരളതരളാൻ
　　പേർത്തുമിന്നേതുലക്ഷ്മീ-
സഞ്ചാരാനിട്ടിയച്ചീ! പുളകനറുമലർ-
　　ക്കോപ്പണിഞ്ഞേല്പനോ ഞാൻ !

(ശ്ലോകം 112)

'വിരഹാതുരന്മാ'രായ കാമുകന്മാരുടെ കദനഭാരം പ്രസ്തുതകൃതികളിൽ പലതിലും ചിത്രീകരിച്ചിരിക്കുന്നു. കാമിനീകാമുകന്മാരുടെ സമാഗമത്തിൽ രാഗോദ്ദീപകങ്ങളായ പലതും വിയോഗത്തിൽ വിഷാദജനകങ്ങളായിത്തീരുന്നതു് സാധാരണമാണല്ലോ. ഈ അനുഭവത്തെപ്പററി ഇട്ടയച്ചിയുടെ കാമുകൻ പറയുകയാണ്:—

ക്രൂരജാതികളിൽ മുമ്പു സംപ്രതി ശശാങ്ക-
　　നം കുയിൽനിനാദവും;
ഘോരഘോരമനലന്നുമൻപിലനിലനു-
　　മെങ്കലവിശേഷമോ ?
മാരനോ പെരികെ വൈരമെന്നൊ,ടിതു ചെന്നു
　　തയ്യിലിളയച്ചിയോ-
ടാരുമേ പറകയില്ല; കാ,ണൊരു വിഷാദ-
　　സങ്കടദശാ സഖേ!

(ശ്ലോകം 79)

'ഓണമാതു്'മായി വേർപെട്ടശേഷം കാമദേവൻ ചെയ്ത കടുംകയ്യിനെ കാമുകൻ വർണ്ണിക്കുന്നതു് ഏററവും ഹൃദയാവർജ്ജകമായിരിക്കുന്നു.

തമ്പി, ഞാൻ നിന്നെ വേറിട്ടളവൊരു മലർവി-
　　ല്ലാളി മാപാപി കോപാ-
ലെന്നെത്തന്നേയുഴിഞ്ഞിട്ടുയിർബത! കളയും-
　　മാറു പൂവാണമെയ്താൻ,
തന്നാലാകിൻറവണ്ണം തെരുതെരെ നിതരാം
　　തല്ലി വില്ലും മുറിച്ചാൻ,
പിന്നെക്കെട്ടീട്ടിഴച്ചാനവനിയിൽ മുഴുവൻ
　　ഞാണുകൊണ്ടോണമാതേ!

(ശ്ലോകം 196)

കാമന്റെ വക്കാണം ഇതിൽക്കവിഞ്ഞ് സരസമായി എങ്ങനെയാണു വർണ്ണിക്കുക? കൊല്ലുവാനായി അസ്ത്രമയച്ചു; വില്ലോടിയത്തക്കവണ്ണം തെരുതെരെ അടിച്ചു; ഞാൺകൊണ്ടു കെട്ടി 'കറകറാ' വലിച്ചു. കാമുകന്റെ നില ദയനീയം! കവിയുടെ കഴിവോ അസാമാന്യം!

നായികമാരേയും പ്രകൃതിവസ്തുക്കളേയും വർണ്ണിക്കുന്നതിൽ പ്രസ്തുതകൃതികളുടെ രചയിതാക്കൾ അസാധാരണമായ വൈഭവം പ്രകടിപ്പിച്ചിരിക്കുന്നു. അലങ്കാരത്തിന്റേയും ഭാവനയുടേയും ഭാഷയുപയോഗിച്ച ഹൃദയഹാരിയായ ശൈലിയിൽ അവർ ചെയ്തിരിക്കുന്ന വർണ്ണനകളിൽ ആരും ആനന്ദിക്കും. പ്രേമാകുലയും ലജ്ജാഭരിതയുമായ ഉട്ടിച്ചിരുതേവി വാതുക്കൽ ഒട്ടു മറഞ്ഞുനിന്നു കാമുകനെ കടാക്ഷിച്ച ചിത്രം അനുവാചകഹൃദയത്തിൽനിന്നും മായാനിടയില്ല.

വന്നിപ്പാൽ കതകം മറഞ്ഞുപചിത-
പ്രേമാനുകൂലം വലം-
കണ്ണിൽപ്പാതി പുറത്തു നൽകി ലളിത-
ഭ്രൂലാസ്യലീലാകുലം
നി,ൻറസ്മാനൊരു നോക്കുകൊണ്ടയി സഖേ!
വെള്ളത്തുചേരിക്കല-
ന്നൊന്നിട്ടിച്ചിരുതേവി പൂണ്ടതമൃതോ
ഹാലാഹലോല്ലാസമോ?

(ശ്ലോകം 228)

ഈ ശ്ലോകം ഭാവമാധുര്യത്തിലും ചിത്രണകലയിലും വള്ളത്തോൾ മഹാകവിയുടെ "ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്" എന്നാരംഭിക്കുന്ന പദ്യത്തിനെക്കാൾ ഒട്ടും താണതല്ലെന്നു കാണാവുന്നതാണല്ലോ.

നാരണീനന്ദനയുടെ അധരത്തെ വർണ്ണിച്ചിരിക്കുന്നതിൽ കാണുന്ന ഭാവലോലതയും രസികതയും അഭിനന്ദനീയമായിരിക്കുന്നു.

സിന്ദൂരം നീരസം താൻ, തളിർ നിറമിഴിയും,
കിംശുകം ഗന്ധഹീനം,
ബിംബം കയ്ക്കും, കഠോരം പവിഴമണി, ജപാ-
പുഷ്പമോ വാട്ടമല്ലോ,
സന്ധ്യാമേഘം പൊടിച്ചിട്ടമൃതിലതുകഴ-
ച്ചിട്ടുരുട്ടി ക്രമത്താൽ
നീട്ടിക്കല്പിച്ചിതെന്റേ കരുതുവനധരം
നാരണീനന്ദനായാഃ.

(ശ്ലോകം 158)

ഇതിലെ ഉത്തരാർദ്ധത്തിലെ ഭാവന "മഴവില്ലു പിഴിഞ്ഞെടുത്ത സത്താ മഴകാ"യി മാടപ്രാവിനെ വർണ്ണിച്ചതിൽനിന്നും ഉപരിയാണെന്നുതന്നെ പറയാം.

പ്രകൃതിദൃശ്യങ്ങളുടെ മനോഹരവർണ്ണനകൾകൊണ്ടും പദ്യരത്നാകൃതികൾ സമലംകൃതങ്ങളാണ്. കാമവിവശനായ കാമുകൻ കൗണോത്തരയെ ചന്ദ്രദർശനത്തിനായി പ്രേരിപ്പിക്കുന്നു.

ചൊല്ലേറും കാമിനീകാമുകകലഹകലാ-
പാടനാശ്ചര്യവിദ്യാ-
കല്യം, ത്രൈലോക്യലക്ഷ്മിമണിമുകര, മനം-
ഗാഗമാദ്വൈതസാരം,
സ്വർല്ലോകപ്രാന്തരാശം, ത്രിപുരഹരജടാ-
രത്ന,മാഖണ്ഡലാശാ-
കല്യാണം കാൺക, കൗണോത്തരമലർവനിതേ!
സുന്ദരം ചന്ദ്രബിംബം.

(ശ്ലോകം 54)

കാമിനിയിൽ രാഗോദ്ദീപനം ചെയ്യുവാനുള്ള സാമർത്ഥ്യം ഈ വർണ്ണനയുടെ വൈശിഷ്ട്യമാണ്.

പ്രകൃതിരാമണീയകം ദർശിക്കുവാനും അതു വർണ്ണിക്കുവാനും, വാസനയും വൈഭവവുമുള്ള കവികളുടെ കാമധേനുവാണല്ലോ സന്ധ്യാസമയം. ഭാവനാശക്തിയുടെ പരകോടിക്ക് നിദർശനമായ പല സന്ധ്യാവർണ്ണനങ്ങളും പദ്യരത്നത്തിലെ അനർഘരത്നങ്ങളായിക്കാണാം. ചെറിയച്ചിയെ ആസ്പദമാക്കിയുള്ള കാവ്യത്തിന്റെ വിവരണത്തിൽ മുൻപ് ഉദ്ധരിച്ചിട്ടുള്ള സന്ധ്യാവർണ്ണന പദ്യങ്ങൾ ഇവിടെ അനുസ്മരിക്കേണ്ടതാണ്. അതീതവും ആധുനികവും ആഗാമിയുമായ ഏതു് അഭിരുചിക്കും അനുരൂപമായിരിക്കുമെന്ന് ശപഥം ചെയ്യാവുന്ന മറ്റൊരു സന്ധ്യാവർണ്ണനം ഇവിടെ പരാമർശമർഹിക്കുന്നു.

നക്ഷത്രാണാം കദംബം ഗഗനമരതക-
    സ്ഥാലികായാമമൂത്തി-
ട്ടേകീകൃത്യാപ്പുരത്തിപ്പുരിചിനൊട്ട സമാ-
    യാതി സന്ധ്യാളിനാന്ദേ,
മൈക്കണ്ണാർമൗലിമാലയ്ക്കായി, മരതകമാ-
    ലയ്ക്കു, ബാലയ്ക്കു പൂവും
കൈയ്ക്കൊണ്ടെൻതോഴ! ചന്തംപൊഴിയ വരമിളം-
    തോഴിതാനെൻറപോലെ.

(ശ്ലോകം 273)

ആകാശമാകുന്ന മരതകത്തട്ടിൽ നക്ഷത്രങ്ങളാകുന്ന പൂക്കൾ ഇറുത്തിട്ട് എല്ലാം ഒരുക്കി വൃത്തിയാക്കി മരതകമാലയുടെ ഒരു ചെറിയ തോഴിയെന്നപോലെ സന്ധ്യ വരുന്നവത്രേ. ഈ കല്പന ആരുടെ ഹൃദയത്തിലാണ് ആനന്ദം പകരാത്തത്?

മഴക്കാലത്തെ ഒരു മദിച്ച വാരണമായി രൂപണംചെയ്തുകൊണ്ടുള്ള ഒരു വർണ്ണനം കൂടി ഉദാഹരിച്ചുകൊണ്ട് ഈ പ്രകൃതം ഉപസംഹരിക്കാം.

വാരാന്നീടിൻറ താരാനികരമദജലം
    വാർത്തു നൽക്കേതകീനാം
താരെന്നും കൊമ്പുമായമ്പോടു പുകരുമണി-
    ഞ്ഞേഷ ഖദ്യോതജാലൈഃ
വാരാളും മേഘനാദൈരുടനലറി മുകിൽ-
    ക്കാലമാം വാരണേന്ദ്രൻ
പോരിന്നായാതനായാൻ കരളൊടു പുരളീ-
    നായികേ താവകീനം.

(ശ്ലോകം 277)

അലങ്കാരഭാസുരമായ പ്രതിപാദനവും, പുരളീനായികയുടെ കരളോടുകൂടിയാണ് മഴക്കാലം പോരിനു വരുന്നതെന്ന ഭാവനയും ഈ വർണ്ണനയെ കലാനിപുണമാക്കിയിട്ടുണ്ടെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

യമകം, ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം, വൃത്ത്യനുപ്രാസം തുടങ്ങിയ ശബ്ദാലങ്കാരങ്ങളും പ്രസ്തുതകൃതികളിൽ ധാരാളമായി പ്രയോഗിച്ചിരിക്കുന്നു.

(iii)

സംസ്കൃതകാവ്യാനുകരണം.

സംസ്കൃതപദ്യങ്ങളെയോ അവയിലെ ഭാവനാവിശേഷങ്ങളെയോ അനുകരിക്കുന്നവയും അതുനിമിത്തം അവയെ അനുസ്മരിപ്പിക്കുന്നവയും ആയ അനേകം പദ്യങ്ങൾ പദ്യരത്നത്തിലുണ്ട്. അപ്രകാരമുള്ള ചില ശ്ലോകങ്ങൾ അവയുടെ അനുകാര്യങ്ങളോടുകൂടി ചുവടെ ചേർക്കുന്നു.

(1) സംസ്കൃതം.

അങ്കം കേ/പി ശശങ്കിരേ ജലനിധേഃ പങ്കം പരേ മേനിരേ
സാരങ്ഗം കതിചിച്ച സംജഗദിരേ ഭൂച്ഛായമൈച്ഛൻ പരേ
ഇന്ദൗ യദ്ദലിതേന്ദ്രനീലശകലശ്യാമം ദര്ദൃശ്യതേ
തത്സാന്ദ്രം നിശി പീതമന്ധതമസം കുക്ഷിസ്ഥമാചക്ഷ്മഹേ.

(കുവലയാനന്ദം)

മലയാളം.

കല്ലേറിന്റെ കളങ്കമ, ല്ലഴകെഴും പിഞ്ചായ മാൻ ചെയ്യുത,–
ല്ലിപ്പാർതൻ നിഴലല്ല മല്ലനയനേ! ചൊല്ലാമിതെല്ലാരൊടും;
മുല്ലാടിമ്മുഖകാന്തി കട്ടു മുദാ തി(ന്നാൻ?ഠാൻ) മരുന്നും പിടി–
ച്ചപ്പോഴേ പൊളുകീ പുറത്തു നിയതം ചന്ദ്രന്നു ചന്ദ്രാവലി!

(പദ്യരത്നം, ശ്ലോകം 9)

(2) സംസ്കൃതം.

വാചം ന മിശ്രയതി യദ്യപി മദ്വചോഭിഃ
കർണ്ണം ദദാത്യഭിമുഖം മയി ഭാഷമാണേ
കാമം ന തിഷ്ഠതി മദാനനസമ്മുഖീനാ
ഭൂയിഷ്ഠമന്യവിഷയാ ന തു ദൃഷ്ടിരസ്യാഃ.

(ശാകുന്തളം)

മലയാളം.

നോക്കാ നോക്കുംദശായാമഹമണിവദനേ
ചേർക്കുമല്പസ്മിതശ്രീ,
നോക്കും നോക്കായ്കിൽ ഞാനങ്ങപരിമിതരസാ-
ഭോഗമാപാദചൂഡം;

സൗഖ്യം മേൽമേൽ വരുത്തിൻറിളു മനസി സഖേ!
മാമകേ മററുമെല്ലാ-
മോക്ഷമ്പോറം പ്രേമലജ്ജാഭരപരിമിളിതാ
വൃത്തി കൗരണോത്തരായാഃ.

(പദ്യരത്നം, ശ്ലോകം 41)

(3) സംസ്കൃതം.

അകൃത്രിമപ്രേമരസാഭിരാമം
രാമാപ്പിതം ദൃഷ്ടിവിലോഭി ദൃഷ്ടം
മനഃപ്രസാദാഞ്ജലിനാ നികാമം
ജഗ്രാഹ പാഥേയമിവേന്ദ്രസൂനുഃ.

(കിരാതാർജ്ജുനീയം; സർഗ്ഗം 3, ശ്ലോകം 37)

മലയാളം.

തിരുവുരു തവ കാണ്മാൻ പോന്നുവന്നീടുവാനായ്
വിരവിനൊടയി, പോവാനൻപിനോടാരാദ ഞാൻ;
ഇരുൾമിഴിമുന തയ്യിത്തനപി! പാഥേയമായ് നീ-
യരുളുടനിളയച്ചീ! വിശപരമ്യാനനേ! മേ.

(പദ്യരത്നം, ശ്ലോകം 95)

(4) സംസ്കൃതം.

അയം സ രശനോത്കർഷീ പീനസ്തനവിമർദ്ദനഃ
നാഭ്യൂരുജഘനസ്പർശീ നീവീവിസ്രംസനഃ കരഃ.

(മഹാഭാരതം)

മലയാളം.

അയ്യോ! പാപം! രതാന്തേ അയി, മൃദ മമ പ-
ണ്ടൂരുകാണ്ഡം തലോടും
കൈയ്യോ ദൂരെക്കിടക്കിൻറിതു? ചികുരഭരം
കാൺക, ധൂളീവികീർണ്ണം;
ശയ്യായാം പ,ണ്ടിദാനീം വെറുനില,മഖിലം
ദൈവമല്ലോ രിപൂണാം
മയ്യേൽക്കണ്ണാർക്കിവണ്ണം മറ പുരളിമഹീ-
പാലയുദ്ധോത്സവാന്തേ.

(പദ്യരത്നം, ശ്ലോകം 230)

ഇതുപോലെ സംസ്കൃതകാവ്യാനുയായികളായ അനേകം പദ്യങ്ങൾ പ്രസ്തുതകൃതികളിൽനിന്നു ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ പ്രാചീനമണിപ്രവാളത്തിൽ സംസ്കൃതകാവ്യങ്ങളിലെ ആശയത്തിൻെറ അതിപ്രസരം വിശദമാകുന്നതിന് ഇത്രയും പര്യാപ്തമാകുമല്ലോ.

(iv)

ഭാഷാരീതി.

സാഹിത്യപൂർണ്ണം വഴിഞ്ഞൊഴുകുന്ന പദ്യരത്നകൃതികളിലെ ഭാഷാരീതി, രസാഭിവ്യക്തിക്കും ഭാവനാസ്ഫുരണത്തിനും എത്രമേൽ അനുഗുണമാണെന്നുള്ളത്, ഇതിനകം ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളും അവയെക്കുറിച്ചുള്ള വിശദീകരണങ്ങളുംകൊണ്ട് വ്യക്തമായിരിക്കുമല്ലോ. ശബ്ദാർത്ഥങ്ങളും രസഭാവാദികളും ഒത്തിണങ്ങുകനിമിത്തം, ശബ്ദമാണോ അർത്ഥമാണോ രസഭാവാദികളാണോ കൂടുതൽ ആനന്ദസന്ദായകമായിരിക്കുന്നതെന്ന് തീർത്തുപറയുവാൻ കഴിയാത്തവിധം അത്ര മധുരകോമളമായ ഒരു കാവ്യശൈലിയാണ് ഈ മണിപ്രവാളകൃതികളിൽ ദൃശ്യമാകുന്നതെന്ന് ഏതു സഹൃദയനും അനായാസേന ബോധ്യമാകും. ഇവയിലെ ഭാഷാരീതി, കലാരസികതനിമിത്തം ആസ്വാദ്യമായിരിക്കുന്നതുപോലെ പ്രാചീനത കൊണ്ട് പഠനീയവുമായിരിക്കുന്നു. പ്രാചീനതയുടെ ചില പ്രത്യേകതകൾ ഇവിടെ വിശദീകരിക്കാം.

1. പ്രാചീനപദങ്ങൾ.

തണ്ടിൻെറ, പൊളുകി, ചെങ്ങും, മൈന്തർ, പൂണാരം, മഴലമിഴി, വഴതി, തുളയാരം, ഇപ്പാൽ, മാല്വമി, പാവാൻ ഇഴിയിൻെറ മുതലായവ.

2. പ്രാചീനപ്രയോഗങ്ങൾ

ചാം, വേം, എൻമാൻ, വലച്ചിടിനാ (നീ വലച്ചു), ആണ്ടാ (നീ ആണ്ടു), ചമഞ്ഞാ (നീ ചമഞ്ഞു), ആമാകിൽ, ഒരുക്കാൽ (ഒരു കാലം), മേത്തു് (മേദിനി), പുകണ്ണാൽ, ഇതം, കുവളപ്പൂ, മയി, വെൽവ, പൂണാത, ഉള്ളാക്കീട്ടവർ, എമ്പോക്കൽ മുതലായവ.

3. തമിഴ് പദങ്ങൾ.

വീഴ്വോം, കൂഴ്ത്തൻ, കേട്ടാൻ, കീഴാറ്റു് മുതലായവ. കൂടാതെ പദങ്ങളിൽ പലെടത്തും 'ന്റ'യ്ക്കു പകരം 'ൻെറ' ഉപയോഗിച്ചിരിക്കുന്നതും ശ്രദ്ധേയമാണ്.

4. സംസ്കൃതാനുകരണം.

പല ഭാഗങ്ങളിലും വിശേഷണവിശേഷ്യങ്ങളുടെ വിഭക്തികൾക്കു് ഐകരൂപ്യം വരുത്തിയിരിക്കുന്നു.

(എ) ഉത്തരാഭന്ദ്രികമലർമകളോടംഗനാമൗലിതന്നോട്ട്
(ശ്ലോകം 19)

(ബി) വില്ലാളിവീരന്നവർവാണനു
(ശ്ലോകം 3)

(സി) കല്യാണാംഗിക്കു തയ്യിത്തലമെഴുമിളയച്ചിക്കു
(ശ്ലോകം 98)

(ഡി) ഇട്ടിമ്മ്യാമൽക്കു മട്ടോൽവിശിഖജയപതാകയ്ക്കു
(ശ്ലോകം 254)

(ഇ) മൈക്കണ്ണാർമൗലിമാലയ്ക്കായി, മരതകമാലയ്ക്കു ബാലയ്ക്കു
(ശ്ലോകം 273)

5. സംസ്കൃതീകരണം.

മലർ ചരാൻ, താരാമണാള:, പൂക്കലാം എന്നിങ്ങനെ വിരളമായിട്ടാണെങ്കിലും ചില സംസ്കൃതീകൃതരൂപങ്ങൾ അവിടവിടെക്കാണാം.

6. ശിഥിലസമാസം

മത്തേഭംവെൻറയാനേ, ചാഞ്ചാടിൻറകചാം, എന്നിങ്ങനെ ശിഥിലസമാസപ്രയോഗങ്ങളും പദ്യരത്നകൃതികളിൽ ധാരാളമായുണ്ട്.

7. ദ്വിരാനായം.

പ്രസ്തുതകൃതികളിലെ ഭാഷാരീതിയിൽ പൊന്തിനിൽക്കുന്ന ഒരു ഘടകമാണ് ദ്വിരാനായം. ഇതും സംസ്കൃതഭാഷാരീതിയുമായുള്ള ദൃഢപരിചയത്തിൻെറയും അതിനെ അനുകരിക്കുവാനുള്ള വാസനയുടെയും ഫലമാണെന്ന് തീർത്തുപറയാവുന്നതാണ്. ഉദാഹരണങ്ങൾ:—

(എ) ......ഓമൽക്കുഴുത്തോ-
ടൊപ്പിക്കാമോ നികാമം നവപുളകമനോ-
ഹാരിണാ ഹാരിണാ തേ.
(ശ്ലോകം 31)

(ബി) നാഥേ, നിൻനാഭിയെന്നും നവബകുളനരും-
പൂവിൽനിൻറുല്ലതന്വീ
വാർതേയും കൊങ്കയാം പങ്കജമുകുളമളി-
ശ്രേണി കൈരണ്ടോത്തരേ! തേ.
(ശ്ലോകം 34)

പദ്യരത്നകൃതികളിലെ ഭാഷാരീതിയുടെ പ്രവണതാവിശേഷങ്ങളെപ്പററിയുള്ള പ്രതിപാദനം ഇങ്ങനെ നിൽക്കട്ടെ.

(v)
കാലം

പദ്യരത്നകൃതികൾ ഒരു കവിയുടെ കലാപ്രകടനമോ ഒരു കാലത്തെ കാവ്യസന്തതിയോ അല്ല. ഈ വസ്തുത പ്രസ്തുതകൃതികളുടെ കാലനിർണ്ണയത്തെ ഏററവും വൈഷമ്യജടിലമാക്കിത്തീർത്തിരിക്കുന്നു. പ്രാചീനമായ ഒരു കൃതിയുടെപോലും കാലത്തെപ്പററി ഏതെങ്കിലും ഒരു തീരുമാനത്തിലെത്തുക എത്രയോ ദുഷ്കരം. അങ്ങനെയിരിക്കെ പല കാലങ്ങളിലായി പല കവികളാൽ നിർമ്മിക്കപ്പെട്ട കാവ്യങ്ങളുടെ ഒരു സമാഹാരമായ പദ്യരത്നത്തിന്റെ കാലഗണന അസമഗ്രവും അനിർണ്ണായകവുമായി കലാശിക്കുന്നപക്ഷം അതു തികച്ചും മർഷണീയമാണല്ലോ. പദ്യരത്നത്തിൽ സഞ്ചയിച്ചിരിക്കുന്ന കൃതികൾ അന്തർഭവിക്കുന്ന കാലപരിധി ഏതാണെന്നു നിർദ്ദേശിക്കുവാനേ ഇവിടെ ശ്രമിക്കുന്നുള്ളു.

ചെറിയച്ചിയെ കുറിച്ചെഴുതിയിട്ടുള്ള ലഘുകാവ്യത്തിൽനിന്നും ചില പദ്യങ്ങൾ ലീലാതിലകത്തിൽ ഉദ്ധരിച്ചിട്ടുണ്ടെന്നുള്ള വിവരം മുൻപ് ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. കൂടാതെ അച്ചീസുത, നാരങ്ങിനന്ദന, [1]ചോതിവനിത, ഇളയച്ചി എന്നീ നായികമാരുടെ വർണ്ണനകൾ, പദ്യരത്നത്തിൽക്കാണുന്ന രൂപത്തിലല്ലെങ്കിലും, ലീലാതിലകത്തിലും കാണുന്നുണ്ട്. ഇളയച്ചിയെപ്പററി ഉണ്ണുനീലീസന്ദേശത്തിൽ പരാമർശിച്ചിട്ടുണ്ടെന്നുള്ളതും ഈയവസരത്തിൽ പ്രത്യേകം സ്മരണീയമാണ്[2]. ഈ വിവരങ്ങളെ അടിസ്ഥാനമാക്കി പദ്യരത്നത്തിലെ ചില കൃതികൾ ലീലാതിലകത്തിനു മുൻപ് — കൊല്ലം ൬-ാം നൂററാണ്ടിനു മുൻപ് — രചിച്ചവയായിരിക്കണമെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

'മാരലേഖ' എന്ന നായികയെപ്പററി പുനംനമ്പൂതിരി തോഴനായ ശങ്കരകവിയോട് പരാതിപ്പെടുകയും, ശങ്കരകവി സ്വസുഹൃത്തിന്റെ ദൈന്യം കണ്ട് മാരലേഖയെ ഗുണദോഷിക്കുകയും ചെയ്തതായി ആ നായികയെപ്പററി മുകളിൽ പരാമർശിച്ചപ്പോൾ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഈ വിവരത്തെ ആധാരമാക്കി പുനംനമ്പൂതിരിയുടെ യൗവനകാലത്ത് അദ്ദേഹവും മററുചില കവികളും രചിച്ചിട്ടുള്ള ഏതാനും കൃതികൾ പദ്യരത്നത്തിൽ ഉൾപ്പെട്ടിരിക്കാമെന്ന് ന്യായമായി ഊഹിക്കാവുന്ന-

---

1. ലീലാതിലകത്തിലെ 'ചോതിമേവും നതാംഗി' പദ്യരത്നത്തിലെ 'ചോതിവനിത' ആയിരിക്കാം (ലീ.തി. ശില്പം 4-ശ്ലോകം 54)
2. ഉണ്ണുനീലീസന്ദേശം പൂർവ്വഭാഗം, ശ്ലോകം 102; ഉത്തരഭാഗം ശ്ലോകം 45.

താണ്. മാരലേഖയെപ്പററിയുള്ള കൃതികളെങ്കിലും പുനത്തിന്റെ കാലത്ത് നിർമ്മിച്ചവയായിരിക്കണമെന്ന് നിശ്ചയിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. പുനംനമ്പൂതിരി ജീവിച്ചിരുന്നപ്പോൾ രചിക്കപ്പെട്ട ചന്ദ്രോത്സവത്തിൽ, മാരലേഖയെ അദ്ദേഹം സ്തുതിച്ചിരുന്നതായുള്ള പ്രസ്താവം[1] കാണുന്നതും ഈ നിഗമനത്തിന് ഉപോദ്ബലകമായിരിക്കുന്നു. പുനത്തിന്റെ ജീവിതകാലം ൬-ാം നൂററാണ്ടാണെന്നാണല്ലോ പണ്ഡിതാഭിപ്രായം.

കൊല്ലവർഷം ൬-ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിൽ വിരചിതമായ ചന്ദ്രോത്സവത്തിൽ പരാമൃഷ്ടകളായിരിക്കുന്ന മററു ചില നായികമാരുടെ സ്തുതികളും പദ്യരത്നത്തിൽ ഉൾപ്പെടുന്നു. ഇട്ടിമാതു, ഇട്ടിയക്കി, ചന്ദ്രിക, മാരചേമന്തിക, മേദിനീവെണ്ണിലാവ്, വീണാവതി എന്നിവരാണു ആ നായികമാർ[2]. ചന്ദ്രോത്സവത്തിന്റെ നിർമ്മിതികാലത്ത് രചിച്ചിരിക്കാവുന്ന കൃതികളും പദ്യരത്നത്തിൽ സ്ഥലം പിടിച്ചിട്ടുണ്ടെന്നാണല്ലോ ഇതിൽനിന്നും ഗ്രഹിക്കേണ്ടതു.

ചന്ദ്രോത്സവത്തിന് ശേഷമുണ്ടായിട്ടുള്ള ചില കൃതികളും ഈ കാവ്യമാലികയിലെ കുസുമങ്ങളായിത്തീർന്നിരിക്കാമെന്ന് വിചാരിക്കുവാനും തെളിവുണ്ട്. പദ്യരത്നത്തിലെ അനംഗസ്തുതിപരമായ—

അണികുലചില ജിഹ്വാനന്ദി, കർണ്ണാമൃതം ഞാ-
ണതു, നയനമനോജ്ഞം നാസികാഹ്ളാദി ബാണം,
തൊടുമളവിലുറക്കം തേരു, യസ്യാംഗനാനാം
വക പട, തദനംഗം ദൈവതാ വെൽവുതാക!

എന്ന നാലാമത്തെ ശ്ലോകം ചന്ദ്രോത്സവത്തിലെ പ്രഥമഭാഗത്തിലുള്ള ഏഴാം ശ്ലോകം തന്നെയാണ്. ഇതിൽനിന്നും അനുമാനിക്കേണ്ടതു് ഈ കാവ്യസന്നാഹനം നടത്തിയിട്ടുള്ളതു് ചന്ദ്രോത്സവത്തിന്റെ നിർമ്മിതിക്കു ശേഷമാണെന്നാണല്ലോ. അങ്ങനെയാണെങ്കിൽ ചന്ദ്രോത്സവത്തിനു പിൻപുണ്ടായിട്ടുള്ള ചില മണിപ്രവാളകൃതികളും ഈ സംഹിതിയിൽ ഉൾപ്പെട്ടിരിക്കാവുന്നതാണ്. എന്നാൽ ഇതിനെപ്പററി ഒരു സംശയം ജനിക്കാം; പ്രസ്തുതമായ അനംഗസ്തുതി ഒരേ ആകരസ്ഥാനത്തുനിന്നും ചന്ദ്രോത്സവത്തിലേക്കും പദ്യരത്നത്തിലേക്കും പകർന്നതാവാൻ ഇടയില്ലേ എന്ന്. പക്ഷേ സാഹചര്യങ്ങൾ നോക്കുമ്പോൾ ഈ പദ്യം ചന്ദ്രോത്സവകാരന്റേതാകാനേ തരമുള്ളൂ. ചന്ദ്രോത്സവത്തിന്റെ പ്രാരംഭത്തിൽ ഇഷ്ടദേവതകളെ വന്ദിക്കുന്ന സന്ദർഭത്തിലാണ്

1. ചന്ദ്രോത്സവം-4-ാം ഭാഗം ശ്ലോകം 93.
2. ചന്ദ്രോത്സവം IV, 60; III, 75; I, 91; III, 22; I, 47; IV, 46 മുതലായ ഭാഗങ്ങൾ നോക്കുക.

ഈ ശ്ലോകം കാണുന്നതു്. കാവ്യത്തിന്റെ ശൃംഗാരപ്രാധാന്യം ഓർക്കുമ്പോൾ ഇതു സ്ഥാനത്തുതന്നെയാണുതാനും. എന്നുമാത്രമല്ല ചന്ദ്രോത്സവത്തിലെ ഒന്നാംഭാഗത്തിൽ അവസാനപദ്യമൊഴിച്ചു എല്ലാം തന്നെ പ്രസ്തുതപദ്യത്തെപ്പോലെ മാലിനിവൃത്തത്തിൽ രചിച്ചിട്ടുള്ളവയുമാണു്. ഈ പരിതഃസ്ഥിതിയിൽ പദ്യരത്നകൃതികളുടെ ശൃംഗാരസ്വഭാവത്തിനനുരൂപമായി ചന്ദ്രോത്സവത്തിലെ അനംഗസ്തുതികൂടി അവയിൽ ചേർക്കുവാനിടയായി എന്നു് അനുമാനിക്കുന്നതായിരിക്കും ഉചിതം എന്നു തോന്നുന്നു.

കൊച്ചീരാജാവിനോടു് സാമൂതിരി (കുൻറലേശൻ) യുദ്ധത്തിനായി പുറപ്പെട്ട സംഭവം ഉപമാനമായി ഉപയോഗിച്ചിരിക്കുന്ന പദ്യരത്നത്തിലെ ൧൨൨-ാം ശ്ലോകത്തെപ്പറ്റി കാവ്യസൗഷ്ഠവപ്രകരണത്തിൽ വിവരിച്ചിട്ടുള്ളതു് ഇവിടെ സ്മരിക്കുമല്ലോ.

മറ്റൊരു ശ്ലോകത്തിൽ* 'പുരളിമഹീപാലന്റെ' സമരം അവസാനിക്കുമ്പോൾ ശത്രുസ്ത്രീകളുടെ വിലാപം വർണ്ണിച്ചിരിക്കുന്നതും ഇവിടെ ശ്രദ്ധേയമാണു്. സാമൂതിരിയുടെ കുടുംബവും കൊച്ചീരാജവംശവും ഏതാണ്ടു് എ. ഡി. ൧൫൦൦-ാമാണ്ടുമുതൽ ൨൫൦ കൊല്ലക്കാലം തുടർച്ചയായി പരസ്പരം യുദ്ധത്തിലേർപ്പെട്ടിരുന്നു എന്നുള്ളതു് ചരിത്രപ്രസിദ്ധമായ ഒരു സംഗതിയാണല്ലോ.

മേൽപ്രസ്താവിച്ച വിവരങ്ങൾ എല്ലാംകൂടി പര്യാലോചിക്കുന്ന പക്ഷം പദ്യരത്നത്തിൽ കൊല്ലവർഷം ൫-ാം നൂറ്റാണ്ടുമുതൽ ൬-ാം നൂറ്റാണ്ടിന്റെ അവസാനംവരെയും തദനന്തരവും വിരചിതങ്ങളായ ചില മണിപ്രവാളകൃതികളാണു് അടങ്ങിയിരിക്കുന്നതെന്നുകാണാം.

(vi)

കവികൾ

പ്രാചീനമണിപ്രവാളത്തിൽപ്പെട്ട പല കൃതികളുടെയും കർത്തൃത്വം ഇനിയും നിർണ്ണയിച്ചുകഴിഞ്ഞിട്ടില്ല. ഉണ്ണിയച്ചീചരിതം, ഉണ്ണുനീലിസന്ദേശം, ചന്ദ്രോത്സവം തുടങ്ങിയവ ഇതിനു് ഉദാഹരണങ്ങളാണു്. ഈ കൃതികൾ രചിച്ച കവികളെപ്പറ്റി നിരൂപകന്മാർ ചെയ്തിട്ടുള്ള ചില അഭ്യൂഹങ്ങളല്ലാതെ അനിഷേധ്യമായ യാതൊരു തെളിവും നമുക്കു ലഭിച്ചിട്ടില്ല. അങ്ങനെയിരിക്കെ ബഹുകർത്തൃകങ്ങളായ പദ്യരത്നകൃതികളുടെ രചയിതാക്കളെപ്പറ്റി ചില അഭ്യൂഹങ്ങൾ ചെയ്യുന്നുവെങ്കിൽ

*പദ്യരത്നം ശ്ലോകം 230.

അവയുടെയും കഥ ഇതുതന്നെ എന്നു പറയാം. എങ്കിലും ഈ കൃതികളിൽ പ്രകീർണ്ണങ്ങളായിക്കിടക്കുന്ന ചില പ്രമാണശകലങ്ങളെ പുരസ്കരിച്ച് ഇവയുടെ കർത്തൃത്വത്തെപ്പററി ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ദേവനാരായണനെയും വെൺപലമഹീപാലനെയും സ്തുതിക്കുകയും അവരുടെ നിയോഗപ്രകാരം കാവ്യം രചിക്കുകയും ചെയ്യുന്ന കവികൾ ആ രാജാക്കന്മാരുടെ ആശ്രിതന്മാരായിരിക്കണമല്ലോ. അതുപോലെതന്നെ പുരളിമഹീപാലനെ സ്തുതിക്കുന്നതും പുരളീനായികയെ വർണ്ണിക്കുന്നതും കവിയുടെ ആശ്രിതഭാവം നിമിത്തമായിരിക്കണം. അപ്രകാരംതന്നെ ഓടനാട്ടുരാജാവിൻെറ ഒരു ആശ്രിതനായിരിക്കണം ചിറവായില്ലത്തെ നായികയായ ഉത്തരാചന്ദ്രികയെ വർണ്ണിച്ചിരിക്കുന്നതു്. അതിനാൽ പദ്യരത്നത്തിലെ പല കൃതികളുടെയും രചയിതാക്കൾ രാജസേവകന്മാരായിരുന്നുവെന്നു് ന്യായമായി ഗ്രഹിക്കാവുന്നതാണു്.

പുനംനമ്പൂതിരിയും മാരലേഖയുമായുള്ള ബന്ധത്തെപ്പററി മുൻപു് പ്രതിപാദിച്ചിട്ടുണ്ടല്ലോ. ആ അവസരത്തിൽ, മാരലേഖയെപ്പററിയുള്ള ലഘുകൃതിയുടെ കർത്താവു പുനമായിരിക്കാമെന്നു് അഭ്യൂഹിച്ചതു് ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. അതുപോലെതന്നെ പുനത്തിൻെറ സമകാലീനരായി, ചന്ദ്രോത്സവകാരൻ പ്രസ്താവിച്ചിരിക്കുന്ന ശങ്കരൻെറയും രാഘവൻെറയും കൃതികളും ഈ കാവ്യസമാഹാരത്തിൽ ഉൾപ്പെട്ടിരിക്കാം.

ഉത്തരാചന്ദ്രികയെപ്പററിയുള്ള കൃതിയിൽ കാമുകൻ തോഴനോടു് ഇങ്ങനെ പറയുന്നുണ്ടല്ലോ:—

ഉണ്ണീ, രാമൻ വരുമ്പോന്നയി, തവ തിരുമെയ്
വാഴ്ത്തുവാനാസ്ഥ കൈക്കൊ-
ണ്ടന്യൂനം താൻ മറന്നീലൊരുപൊഴുതുമെടോ!
താവകം പൂവലംഗം—

(പദ്യരത്നം, ശ്ലോകം 19.)

ഇവിടെ തോഴനോടു്, നായികയുടെ 'തിരുമെയ്' വാഴ്ത്തുവാൻ 'രാമൻ' വരുന്നു എന്നു അവരെ അറിയിക്കാനാണല്ലോ ആവശ്യപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് ഈ ലഘുകാവ്യത്തിൻെറ കർത്താവു് കാമുകനായ 'രാമൻ' തന്നെ ആയിരിക്കാവുന്നതാണു്.

ശൃംഗാരകൃതികൾ രചിക്കുന്നതിനുള്ള കുത്തക പ്രാചീനകാലങ്ങളിൽ നമ്പൂതിരിമാർക്കായിരുന്നു എന്നാണ് ഒരു ധാരണയുള്ളത്. ചാക്യാർ തുടങ്ങിയ ചില വർഗ്ഗക്കാരുടെ അവകാശത്തിനു ബാധകമല്ലാത്ത ഈ ധാരണ അംഗീകരിക്കാവുന്നതുമാണ്. സ്വച്ഛന്ദമായി ജീവിക്കുവാനും ഏതു വിഷയത്തെയും ബഹിർമുഖമായ രീതിയിൽ അന്വീക്ഷിക്കുവാനും നമ്പൂതിരിമാർക്ക് കഴിഞ്ഞിരുന്നു. സ്ത്രീപുരുഷബന്ധത്തെയും കാമപരങ്ങളായ ആവേശങ്ങളെയും അനുഭവങ്ങളെയും അവർ നെറ്റിചുളിക്കാതെയും കൈകടിക്കാതെയും ബഹിർമുഖമായി കണ്ടു. എന്നു മാത്രമല്ല അവരിൽ അനുഗൃഹീതരായ കവികൾ അമൃതനിഷ്യന്ദിയായ വചോധാരയിൽക്കൂടി അവയെ പ്രകാശിപ്പിക്കുകയും ചെയ്തു. ഈ വസ്തുതകളുടെ വെളിച്ചത്തിൽ പദ്യരത്നത്തിലെ പല കൃതികളുടെയും കർത്തൃത്വം പുനത്തെപ്പോലുള്ള സരസകവികളായ നമ്പൂതിരിമാരിൽ സ്ഥാപിക്കാമെന്നു തന്നെയാണു തോന്നുന്നത്.

(vii)

ഉപസംഹാരം

മഹിളാസ്തവങ്ങളായ മണിപ്രവാളകൃതികൾ ദീർഘകാലത്തേയ്ക്കു ഉത്തമകാവ്യങ്ങളുടെ അണിയിൽ എണ്ണപ്പെട്ടിരുന്നു. എന്നാൽ അന്നെല്ലാം ഇവയ്ക്കു ലഭിച്ചിരുന്ന ബഹുമതി ഇന്നത്തെ വായനക്കാരിൽനിന്ന് പ്രതീക്ഷിക്കാമോ എന്നു സംശയമില്ലാതില്ല. ഇവയിലെ പ്രതിപാദ്യം മാന്മഥവൈജയന്തികളായ മഹിളകൾ, രസം ശൃംഗാരം, അതും പലപ്പോഴും സംഭോഗശൃംഗാരം, അന്തരീക്ഷം സുഖഭോഗസമൃദ്ധം ഇതെല്ലാം ഒരു കാലത്ത് കേരളീയരിൽപ്പെട്ട ചില ജനവിഭാഗങ്ങളുടെ സംസ്കാരത്തെ പ്രത്യേകം പ്രതിഫലിപ്പിക്കുന്നവയാണ്. എന്നാൽ ആ സംസ്കാരം മങ്ങിമറഞ്ഞു. കേരളീയരുടെ ജീവിതപ്രവണതകളും മാനസികഗതികളും മാറി. അവരുടെ സംസ്കാരവും സാഹിത്യാദർശങ്ങളും ആധുനികലോകത്തിലെ ചിന്താപ്രവാഹങ്ങൾ തട്ടി രൂപം മാറിക്കഴിഞ്ഞു. ഈ പരിവർത്തനം പര്യാലോചിക്കുമ്പോൾ, ഇന്നത്തെ അനുവാചകലോകം ഈ പ്രാചീനകൃതികളെ വളരെയൊന്നും താലോലിച്ചില്ലെങ്കിൽ അതിൽ വിസ്മയിക്കാനൊന്നുമില്ല. എന്നാൽ ഒരു കാര്യം വിസ്മരിക്കത്തക്കതല്ല. ഉത്തമസാഹിത്യത്തിൽ അന്നും ഇന്നും എന്നും ഉന്നിദ്രമായി പരിലസിക്കുന്ന ആ കാവ്യകലാംശം മാനദണ്ഡമായി സ്വീകരിക്കുന്ന സഹൃദയന്മാർക്ക് — അവർ ഏതു കാലത്തു ജീവിക്കുന്നവരായാലും — ഈ കൃതികൾ ആനന്ദസന്ദായകങ്ങളായിരിക്കും; സമാദരണീയങ്ങളായിരിക്കും. ആധുനികങ്ങ

ളായ മാനസികോപാധികൾക്ക് അനനുഗുണമല്ലാത്ത അംശങ്ങളെ തള്ളി നീക്കി അവരുടെ ഹൃദയം ഈ കാവ്യങ്ങളിൽനിന്നും കലാസ്വാദനം ചെയ്യും.

കലാമൂല്യത്തിൽ കണ്ണയക്കുന്ന സഹൃദയന്മാരെപ്പോലെതന്നെ, മലയാളസാഹിത്യചരിത്രം അഭ്യസിക്കുന്നതിലും അതിൽ ഗവേഷണം ചെയ്യുന്നതിലും താൽപര്യമുള്ളവരും ഈ പ്രാചീനകാവ്യങ്ങൾക്കു പ്രാധാന്യം കല്പിക്കാതിരിക്കയില്ല. നമ്മുടെ സാഹിത്യചരിത്രത്തിലെ പ്രഥമാദ്ധ്യായങ്ങളിൽ പ്രതിപാദിക്കത്തക്കവണ്ണം പഴക്കമുള്ളവയാണ് ഈ കൃതികൾ. കൈരളിയുടെ പ്രൗഢമായ ഒരു ലീലാവിശേഷത്തെ ഇവ പ്രതിനിധാനം ചെയ്യുന്നുമുണ്ട്. ഈ ചരിത്രദൃഷ്ടിയോടുകൂടി പ്രാചീന മണിപ്രവാളസാഹിത്യത്തെ സാമാന്യമായും പദ്യരത്നകൃതികളെ പ്രത്യേകമായും അവലോകനം ചെയ്തുകൊണ്ടാണ് ഈ ലഘുപ്രബന്ധം എഴുതിയിട്ടുള്ളത്. ഇത് സമഗ്രമോ നിർദ്ദോഷമോ ആണെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ പ്രാചീനമണിപ്രവാളസാഹിത്യത്തിൽ രസിക്കുവാനും പഠിക്കുവാനും സർവ്വോപരി സാഹിത്യചരിത്രകാരന് ഫലപ്രദമായ ഗവേഷണം ചെയ്യുവാനും വകയുണ്ടെന്ന് ഇതു ചൂണ്ടിക്കാണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പി. കെ. നാരായണപിള്ള

—————

വിഷയവിവരം.

പദ്യരത്നം.

(മണിപ്രവാളകൃതികൾ)

രാജസ്തുതി.

സംഗ്രാമേ ചെന്റുനിന്റോരളവിലുടനുടൻ
　　മൌർവ്വിയും ചാപഭാജാം
വാർതേടീടും രിപൂണാം നികരവുമുടനൊ-
　　ന്റാത്തിപൂണ്ടു നികാമം;
ഏററം വൈചിത്ര്യമോത്താലപരമപി വിഭോ!
　　തേവനാരായണാ! നീ
ചാപേ ബാണം ധരിച്ചോരളവിലസവ ഏ-
　　വാശ്ശുഗാ വൈരഭാജാം. ൧

മണിപ്രവാളപ്രശംസാ.

മണിപ്രവാളവാഗ്ദേവീയം
പാഠകേഷ്വവതിഷ്ഠതേ;
ലംബശില്പിപരീവാരാ
മഹിളാളിമഹാസ്പദാ ൨

ദുഷ്കവിനിന്ദനം.

കിടപ്പവിറെറക്കിടവാതവിറേറാ-
　　ടിണച്ച(ക്രിഃതി)ക്ലിഷ്ടമനന്പാതാനി
പടാനി കാൺ മൂരികളെക്കണക്കേ ൩
　　കവിക്കരിങ്കയ്യർ പിണയ്ക്കുമാറു!

അനംഗസ്തുതി.

*ഞാണികലചില ജിഹ്വാനന്ദി, കർണ്ണാമൃതം ഞാ-
ണയ്യു, നയനമനോജ്ഞം നാസികാഹ്ലാദി ബാണം,
തൊട്ടമളവില്ലറക്കം ത്വേതു, യസ്യാംഗനാനാം
വക പട, തദനംഗം ദൈവതം വെൽവുതാക!! ൪

൫. ചന്ദ്രിക.

പ്രച്ഛന്നാത്മാ കിഴക്കേ മലയരികിലിരു-
ന്നന്തിനേരം വരുമ്പോ-
ന്നൈച്ചെരെങ്ങും നടക്കും രഹസി നിജകരാ-
ഗ്രേണ ജാഗ്രദ്ദശായാം;
ഇച്ചന്ദ്രൻ ചന്ദ്രികേ! നിൻവദനരുചി തരം-
കിട്ടുകിൽ കട്ടുകൊൾവാ-
നത്രേ തണ്ടിന്റതോർത്താൽ; കുടിലത ചിലനാൾ
തത്ര കാണ്മീലയോ നീ? ൧

മന്ദാത്മാ പുനരന്തിപാട്ടു പെരുമാ-
റിപ്പോമൊരുക്കാലൊളി-
ച്ചന്തേ പോന്നു നിശീഥിനിക്കു; ചിലനാൾ
കാണാം നിശാർദ്ധാന്തരേ,
എന്തോഴാ! മുഴുവൻ നടക്കുമൊരുനാ-
ളൊട്ടും വരാനേകദാ
ചന്ദ്രോഽയം മമ ചന്ദ്രികാമുഖരുചിം
കല്പാനനല്പാശയാ. ൨

൬. കലാമണി.

മുഗ്ദ്ധാപാംഗി, കലാമണീരമണി, നിൻ-
വക്ത്രശ്രീയാ തോററൊളി-
ച്ചത്രേ പശ്ചിമസാഗരാംഭസി കിട-
ക്കിൻറൂ പകൽ ചന്ദ്രമാഃ;
മററല്ലായികിലെന്തുമൂലമവനേ-
യൻറൻറിവൾക്കീടെഴും
നിദ്രാകാലമറിഞ്ഞുകൊണ്ടു വരുവാ-
നാഡംബരൈരംബരേ. ൧

* ചന്ദ്രോത്സവത്തിൽ ഈ പദ്യമുണ്ട്. (ഒന്നാംഭാഗം—ശ്ലോകം ൧)

കലാമൃതക്കൂട്ടി നടക്കമൊട്ടേ,
കലാമഴിക്കും വപുകളങ്കനാവാൻ,
കലാമണാളപ്പെൺമുഖസാമ്യമൊപ്പാൻ
കലേശനാലെത്ര പണിപ്പെടിൻറൂ! ൭

൩. ചന്ദ്രാവലി.

കെല്പേറിൻറ കളങ്കമ,ല്ലഴകെഴും-
പിഞ്ചായമാൻ ചെയ്യത,-
ല്ലിപ്പോർത്തൻ നിഴലല്ല, മല്ലനയനേ!
ചൊല്ലാമിതെല്ലാരൊടും;
മല്ലാടിമ്മുഖകാന്തി കട്ടതു മുദാ
തീ(ന്നാൻ?രാൻ) മരുന്നുംപിടി-
ച്ചപ്പോഴേ പൊളുകീ പുറത്തു നിയതം
ചന്ദ്രന്നു ചന്ദ്രാവലീ! ൮

൪. ഉത്തരാചന്ദ്രിക.

ഭക്ത്യാ കൈക്കൊണ്ടു മല്ലാടരിയ ഗുരുപദം,
വാരണാസ്യം വണങ്ങി-
ച്ചിത്താനന്ദായ വന്ദിച്ചുടനിനിയ വചോ-
നായികാമായവണ്ണം
പത്താശാന്തേ പരക്കുംപടി പുകഴ് പുകഴ്‌വാ-
നോടനാടീടുലാവും
മുഗ്ദ്ധേ! കേ,ളുത്തരാചന്ദ്രികമയമയി, തേ
നൽകിനേൻ നാമധേയം. ൧൦

ഉല്ലന്നോദയമോടനാട്ടു ചിറവാ-
യില്ലത്തൊരേണാക്ഷിയു-
ണ്ടിപ്പോളുത്തരചന്ദ്രികേതി നിറമാ-
ന്നസ്രൂം മലർച്ചെഞ്ചരാ!
തൽപൂമെയ് സുഭഗം; മധൂളി തടവും
വാണീവിലാസോദയം;
മപ്പാരും മുഴുവൻ നിനക്കിഹ നിന-
യ്ക്കുമ്പോൾ ജയിക്കായ വരും! ൧൧

പ്രാതഃസ്സ്നാനാദിനിദ്രാവധി നിയമവിശേ-
  ഷങ്ങളോരോന്നിലെന്നും
പ്രീതിസ്തോമം വരാ നിർമ്മലഗുണനിവഹാ-
  വാസമേ, മാനസേ മേ;
ആധിപ്രാതം മദീയം ബത! വിധിവിഹിതം
  മാററുവാൻ വേലയല്ലേ
[1]മേത്തന്മേലുത്തരാചന്ദ്രികമലർവനിതേ!
  മററാരോ മാനിനീനാം. ൧൨

പാദേഫാജന്മാക്ഷി, പൂമെയ് തവ പുകിലിയല-
  ക്കണ്ടിരുന്നിങ്ങെനിക്കോ
മീതേ മാതേ തഴയ്ക്കിൻറിതു മദനശരാൽ
  മാനിനീമൌലിമാലേ!
ഏതേതും വന്നതെല്ലാം വരിക; പുനരണ-
  ഞ്ഞങ്ങു പുൽകേണമത്രേ
വാർതേടുംകൊങ്ക പങ്കേരുഹമുഖി, നിതരാ-
  മുത്തരാചന്ദ്രികേ! മേ. ൧൩

ചാരത്താമ്മാറു വന്നിച്ചരണതളിർവണ-
  (ങ്ങുമീ)ള്ള ഴിഞ്ഞോമലംഗം
വാരെത്തും പദ്യജാലൈരഴകൊടു പുകഴ്ത്തും-
  നേരവും നീലനേത്രേ!
തേറിക്കൊള്ളിൻറ!തുമ്മിൽ കനിവിവനു കല-
  ന്നില്ലയെൻറില്ല സൌഖ്യം
പേറിക്കൊൾകൾക്കരുന്നിൽ പ്രതിദിനമിനിമേ-
  ലുത്തരാചന്ദ്രികേ! തേ. ൧൪

ഈവണ്ണം വാഴ്ത്തി നിത്യം കനിവിനൊടരികേ
  ഹന്ത! മേവേണമെന്നും;
പൂവേണി! പൂണ്ടമനോ ഞാനൊരു സുകൃതഫലം
  പോലുമേശായ കയെന്നും;
പൂവമ്പോ! പോക ജീവൻ പുനരിവനിനിമേ-
  ലെൻറമീ മൂന്നുമച്ചോ!
ദൈവം താനേ ചമച്ചാറഴ(കീലി)യു നിതരാ-
  മുത്തരാചന്ദ്രികേ! മേ. ൧൫

---

1. മേത്തിന്മേൽ = മേടമിയിൽ, മേയിൽ.

നഖത്തോടും കുന്തലൊടംഗമെങ്ങും
 പകുത്തു വാക്കമ്പൊഴുതംഗനാനാം
മികച്ചതെല്ലായിലുമുത്തരാച-
 ന്ദ്രികച്ചകോരാക്ഷി വസുന്ധരായാം. ൧൬

അകൃത്രിമം കേവലമുത്തരാച-
 ന്ദ്രികയ്ക്കു നമ്മെപ്രതി പക്ഷപാതം;
സുഖിപ്പനോ മററലസേക്ഷണാനാം
 പകൽ പ്രഭാവേന മരിപ്പളം ഞാൻ? ൧൭

മന്ദഗാമിനി, നിനച്ചതെന്തു നീ
ഹന്ത! മാം പ്രതി പയോജലോചനേ!
അന്തികേ വരി,കളങ്കമുത്തരാ-
ചന്ദ്രികേ! യുവചകോരചന്ദ്രികേ! ൧൮

'ഉണ്ണീ, രാമൻ വരുമ്പോനയി, തവ തിരുമെയ്
 വാഴ്ത്തുവാനാസ്ഥ കൈക്കൊ-
ണ്ടന്യൂനം താൻ മറന്നീലൊരുപൊഴുതുമെടോ!
 താവകം പൂവലംഗം'
എന്നെല്ലാമുത്തരാചന്ദ്രികമലർമകളോ-
 ടംഗനാമൌലിതന്നോ-
ടിൻേറവം ചൊല്ലു തോഴാ! കനിവു മയി കല-
 ർന്നീടുവാനുരുമോദം. ൧൯

വണ്ണിച്ചേനുത്തരാചന്ദ്രികമലർമകളെ-
 ന്നോടനാട്ടുലാവും
കന്നൽക്കണ്ണാളെ ഞാനങ്ങമിതരസമിട-
 പ്പള്ളിനിന്നുരുമോദം;
പിന്നെക്കണ്ടീല ചേന്നത്തരുണിയെ; നിതരാം
 വാഴ്വു പൂണ്ടിങ്ങിരുന്നും,
വിണ്ണിൽ പോരുംവരയ്ക്കും, വടിവുകൾ നിതരാം
 തോഴ, തേറീടിതല്ലോ. ൨൦

൨. കൌണ്ണോത്തര.

ഭാഗം I.

കമ്പ്യം കൈക്കൂപ്പി മുല്ലാടിമവരവദനം
ഭാരതീം ചേൎത്തു ചിത്തേ
ചൊല്ലേറും വെൺപലക്ഷ്മാരമണഇരുനിയോ-
ഗേന വേഗാതിരേകാൽ
ഇല്ലാംസ്സ്വാൻ പൌനരുക്ത്യം കവിവരവചസാ-
മാത്തകൌണ്ണോത്തരാഢ്യാം
കല്യാണമാരമ്ഭേ ഞാൻ കനിവൊടു ഭവതീം
വാഴ്ത്തുവാനത്രമാതേ! ൧൧

വിലസുക സഹ ലക്ഷ്മ്യാ വാണിയും ചേണലാവും
മലർവിശിഖനമേകീഭൂയ പൂമെയ്യിലെന്നും;
കലിതരസമുദാരാം കീൎത്തിമാപാദ്യ നീണാ-
ളുലകിലയി, വിളങ്ങീടത്ര കൌണ്ണോത്തരേ! നീ. ൧൨

പൂണാരമാക തരുണീമണി, നിൻകഴൽത്താ-
രേണീദൃശാം മുടിയിലമ്പൊടു ഞാൻ പുകണ്ണാൽ;
നീണാളിരിക്ക നിറമാന്നരുളിൻറ കീൎത്ത്യാ
കൌണ്ണോത്തരേ! ഇണഗണോത്തരമിമ്പരായാം. ൧൩

ക്ഷീരശ്രീ ചേന്ന വാചാ സരസമിഹ മള-
പ്പിച്ച നിൻകീൎത്തിബീജം
പാരെപ്പേരും വിതച്ചിൻറഴകൊടു വിളയി-
ച്ചീടുവൻ നൂനമിഞ്ഞാൻ;
കാരുണ്യം നൽക്കവീനാം വളമിതിനു; മിന-
ക്കെട്ടു കാക്കിൻറതെല്ലാം
മാരക്ഷ്മാപാല;നേത്രം വരതനു, കരവി-
ല്ലത്ര കൌണ്ണോത്തരേ! മേ. ൧൪

ചരണതളിർ തലോടും, കൂടവേ പുഷ്പമാലാം
പരിചിനൊടു ഭരിക്കും, പിൻനടക്കും പ്രിയാണേ,
ഒരുപൊഴുതിലുമച്ഛോ! വേവ്വിടാ വക്രഭാവം,
പരിജനമിവ ഭദ്രേ, വേണി കൌണ്ണോത്തരേ! തേ. ൧൫

മററാതോരണിതിങ്കൾ മങ്ഗലജ്ഞണേ!
നിൻനെററിയോടേററുടൻ
മററും തോററുമൂലമമ്മുകിലിടെ-
യ്പ്പോയ്പ്പൂക്കൊമ്പിക്കിൻറതും,
മററും ബാഷ്പചയം തുഷാരസലില-
വ്യാജേന വാക്കിൻറതും;
[1]പററാ, കാൺ, ബലിനാ വിരോധമെളിയോ-
ർക്ണോക്ഷി, കൌണോത്തരേ! ൨൬

നിരുപമഗുണരമ്യേ, നിൻമുഖേ പദ്മസാമ്യം
വരതനു, പരിപൂർണ്ണം പാർത്തുകാണുംദശായാം
പരിമളഭരലോഭാൽ പൂക്കിരിക്കിൻറളീനാം
നിര [2]കുരുൾനിര; നൽത്തേൻ വാണി, കൌണോത്തരേ! തേ. ൨൭

എൾപ്പൂ കീഴ്പ്പോട്ടു നില്ക്കിൻറിതു തവ തനിയേ ചാരുനാസാപുടത്തോ-
ടൊപ്പം വാരാ;ഞ്ഞൊളിക്കിൻറിതു കിമപി കിളിച്ചുണ്ടുമക്കൂട്ടുതോറും;
നല്ലാലിന്നും നറുംതേനിനമിനിയ (ബ്യൂ?സ്യ)ധാവേണുവീണാദികൾക്കും
കല്പിക്കും ദീനഭാവം ദിനമനു നിതരാം വാണി കൌണോത്തരേ! തേ. ൨൮

വാരൺപും വക്ത്രലക്ഷ്മീസരസി സരസിജം
നേത്ര,മസ്മിൻ കളിക്കും
മാരക്ഷ്മാപാലലീലാതിലകമണിയുമ-
ക്കുങ്കുമം ചോരിവാതേ;
ചാരുശ്രീ ചേൎന്ന ചില്ലീ ചെറുതിര, ദശനാ-
നൃത്ര സോപാനമാൎഗ്ഗം,
നേരെത്താതോരു ഫേനം മുറുവൽ, നിരുപമേ!
തത്ര കൌണോത്തരേ! തേ. ൨൯

പ്രത്യേകം വക്ത്രപദ്മേ വിലസുമലർമകൾ-
ക്കും മൊഴിപ്പെണ്ണിനും കേൾ
മുഗ്ദ്ധേ, പൊന്നൂയലാക്കിക്കനിവൊടു വിധേ
കാതിരണ്ടും വിധാതാ;
ചിത്താനന്ദായ വേണം മണിമയമനയോ-
ർദ്ദൎപ്പണദ്വന്ദ്വമെൻറും-
ബുദ്ധ്യാ കല്പിച്ചു നിൎമ്മിച്ചിതു കവിളിണയും
ചാരു കൌണോത്തരേ! തേ. ൩൦

---

1. എളിയോർക്ക് ബലിനാ വിരോധം പററാ കാൺ. എന്ന് പദച്ഛേദന.
2. കുരുൾനിര = കുറുനിര.

ശില്പം കോലിൻറ തേൻകുപ്പിയുമമലങ്ങളേ!
ശംഖുമോമൽക്കഴുത്തോ-
ടൊപ്പിക്കാമോ നികാമം നവപുളകമനോ-
ഹാരിണാ [1]ഹാരിണാ തേ?
അല്പസ്മേരാഭിരാമാനനകനകസരോ-
ജന്മനാളത്വമസ്മിൻ
കല്പിക്കാമെൻറിദാനീം മതമിതു മതുനേർ-
വാണി, കൌണോത്തരേ! മേ. ൩൧

മംഗ്വാ വാർകൊങ്കയെന്നും മണികലശയുതം
മാരസാമ്രാജ്യലക്ഷ്മീ-
മംഗല്യാസ്ഥാനമംസദ്വയമഹിതമണി-
ത്തോരണം മാറിടം തേ;
ശൃംഗാരാവാസഭൂമേ, പുനരിരുപുറവും
തൂക്കമല്പുഷ്പമാലാ-
ശങ്കാമങ്കുരയത്യമ്പൊടു കരയുഗളീ,
തത്ര കൌണോത്തരേ! തേ. ൩൨

കാണാമുണ്ടെങ്കിലിപ്പോളിതു നയനവതാ-
മെൻറു, മില്ലെങ്കിലുണ്ടോ
പൂണാർമൽക്കൊങ്ക രണ്ടും കനമുപരി ഭരി-
ച്ചീടുമാറെൻറുമെല്ലാം;
നാനംശാസ്ത്രാർത്ഥയുക്ത്യാ [2]നവരമതു പിണ-
ങ്ങിൻറിതന്യോന്യമിൻറും
ചേണാർമദ്ധ്യാവലോകേ ശിവ! ശിവ! വിദ്വേഷം
വാണി കൌണോത്തരേ! തേ. ൩൩

കാന്തേലുംകണ്ണിമാർകൈശികമണികലികേ!
കാണതിസ്നിഗ്ദ്ധലീലാ-
ചേതോരമ്യാംഗി, രോമാവലിരിയമധുനാ
പാർത്തുകാണം ദശായാം
നാഥേ, നിൻനാഭിയെന്നും നവബകുളനറും-
പൂവിൽനിൻറുൽപതന്തീ
വാർദ്ധതായും [3]കൊങ്കയാം പങ്കജമുകുളമളി-
ശ്രേണി കൌണോത്തരേ! തേ. ൩൪

---

1. ഹാരിണാ = ഹാരത്തോടുകൂടിയ; കഴുത്തോട് എന്നതിൻെറ വിശേഷണം.
2. നവരം = കേവലം.
3. കൊങ്കയാകുന്ന പങ്കജമുകുളത്തിലേക്ക് ഉത്പതിക്കുന്ന അളിശ്രേണിയാണ് രോമാവലി എന്നുൽപ്രേക്ഷ.

വില്ലാളിവീര[1]നലർവാണനനോത്താൽ
നല്ലാ(ർ?)മണിസ്യന്ദന(മാകാട്ടം?[2]മൽക്കിടം)ത്തേ;
വെല്ലാമിദാനീമഖിലാം ത്രിലോകീം
കല്യാണി, കൌണോത്തരയാം മനോജ്ഞേ!

പൊൽത്തൂണെൻറും, മലർച്ചെഞ്ചരമണിനിലയ-
  ത്തി;ന്നശേഷേണ യൂനാം
ചിത്താമ്യം വാരണേന്ദ്രം വിരവിനൊടു തള-
  ച്ചീടുമാലാനമെൻറും,
പൃഥ്വീചക്രം ജയിപ്പാൻ മദനനൃപമണി-
  സ്തംഭമെൻറും കവീന്ദ്രൈ-
രത്യാമോദേന വാഴ്ത്തും തുടയിണ, സുമനോ-
  വേണി കൌണോത്തരേ! തേ. ൰൬

ആതുംഗം പോന്ന പൊങ്ങും കുമിള ജലതയാ
  നീരിലാരോമലേ, തേ
വാർതങ്കീടും മുഴങ്കാലൊടു സമത വരാ-
  ഞ്ഞൊത്തു താഴും തടാനീം;
ഖേദാൽ ശേഷാന്തരാളേ വസതി ബത! മണി-
  ച്ചെപ്പു,മാരേ പുകണ്ണോർ
മാതംഗേന്ദ്രപ്രയാണേ, മഹിതതരഗുണ-
  ശ്രേണി കൌണോത്തരേ, തേ? ൰൭

വായ്ക്കും നൽക്കേതകീനാം മുകുളമൊളിവെഴും
  നിൻകണങ്കാലൊടൊപ്പാ,-
നാക്കം പോരാഞ്ഞു ലജ്ജാഭരനമിതമുഖം
  കാങ്കെ പൂങ്കാവുതോറും;
വായ്ക്കൊണ്ടാരാവമേഷാ വിലപതി കരുണം
  കാകളീ കേകിജാലം
പോയ്ക്കൊണ്ടു കണ്ടവ്യം കൊണ്ടടവിയി;ലതുലാ
  ശക്തി കൌണോത്തരേ തേ. ൰൮

കാമ്യാം നിൻപ്രപദദ്വയീം കനിവിനോടത്യന്തമൃദ്വീം ബലാൽ
കാണ്മാൻ കൈവരുമാകിലേകദിവസംപോലും വിശാലേക്ഷണേ
കൂർമ്മാഖ്യാം നിജമൂർത്തിമേഷ നിരസിച്ചീടും മുരദ്വേഷിയും;
കാണ്മൂ,ശ്രദ്ധ, ഗുണസാമ്യമമ്പൊടന്യയോരോന്നോർത്തു
  [കൌണോത്തരേ! ൰൯

1 അലർവാണൻ = അലരമ്പൻ = കാമൻ 2. അൽക്കിടം = അരക്കെട്ടു,
ന്യൂ/൭൭.

ചില്ലാളിവീര[1]ന്നലർവാണനോത്താൽ
നല്ലാ(ർ?)മണിസ്യന്ദന(മാകാട്ടം?[2]മൽക്കിടം)മേ;
വെല്ലാമിദാനീമഖിലാം ത്രിലോകീം
കല്യാണി, കൌമണോത്തരയാം മനോജ്ഞേ! ൨൭

പൊൽത്തൂണെൻറും, മലർച്ചെഞ്ചരമണിനിലയ-
ത്തി;ന്നശേഷേണ സൂനാം
ചിത്താഢ്യം വാരണേന്ദ്രം വിരവിനൊടു തള-
ച്ചീടുമാളാനമെൻറും,
പൃഥ്വീചക്രം ജയിപ്പാൻ മദനനൃപമണി-
സ്തംഭമെൻറും കവീന്ദ്രൈ-
രത്യാമോദേന വാഴ്ത്തും തുടയിണ, സുമനോ-
വേണി കൌമണോത്തരേ! തേ. ൨൮

ആതുംഗം പോന്ന പൊങ്ങും കമിള ജളതയാ
നീരിലാരോമലേ, തേ
വാർതങ്കീടും മുഴങ്കാലൊടു സമത വരാ-
ഞ്ഞാശു താഴും തദാനീം;
ഖേദാൽ ശേഹാന്തരാളേ വസതി ബത! മണി-
ച്ചെപ്പു,മാരേ പൃകണ്ണോർ
മാതംഗേന്ദ്രപ്രയാണേ, മഹിതതരഗുണ-
ശ്രേണി കൌമണോത്തരേ, തേ? ൨൯

വാട്ടം നൽക്കേതകീനാം മുകുളമൊളിവെഴും
നിൻകണങ്കാലൊടൊപ്പാ,-
നാക്കം പോരാഞ്ഞു ലജ്ജാഭരനമിതമുഖം
കാണ്ക പൂങ്കാവുതോറും;
വായ്ക്കൊണ്ടാരാവമേഷാ വിലപതി കരുണം
കാകളീ കേകിജാലം
പോയ്ക്കൊണ്ടു കണ്ടവും കൊണ്ടടവിയി;ലതുലാ
ശക്തി കൌമണോത്തരേ തേ. ൩൦

കാമ്യാം നിൻ പ്രപദദ്വയീം കനിവിനോടത്യന്തമുദ്വീം ബലാൽ
കാണ്മാൻ കൈവരുമാകിലേകദിവസംപോലും വിശാലേക്ഷണേ
കൂർമ്മാഖ്യാം നിജമൂർത്തിമേഷ നിരസിച്ചീടും മുരദ്വേഷിയും;
കാണ്മൂ ശ്രേദ്ധ, ഗുണസാമ്യമമ്പൊടന്യയോരോരോത്തൊത്തു ൨
[കൌമണോത്തരേ!

1 അലർവാണൻ = അലരമ്പൻ = കാമൻ 2. അൽക്കിടം = [illegible]

ഉന്നിദ്രാംഭോജയുഗ്മം കഴലിണ, കളഹം-
സീകളാരാവമസ്സിൻ
ധന്യം ചേർ പൊൽച്ചിലമ്പിന്നൊലി, മൃദുളദളാ-
ന്ത്യംഗുലീനാം നികായം;
കന്നൽക്കണ്ണാർമണേ, കാഞ്ചന ചലനദശാ,
ചംക്രമം; ഭൃംഗപാതാൽ
ഝല്ലം തേൻതുളുമ്പിജാതം മതിമുഖി, നഖര-
ശ്രേണി കൌണോത്തരേ! തേ. ൪൦

കാൽത്താരിൽക്കലെരിൻറ കൈശികഭരാം,
കർണ്ണാവസക്തേക്ഷണാം,
ചീർത്തീടും കുളുർകൊങ്കയാം ചുമടെട്ടു-
ത്താനമ്രമദ്ധ്യാങ്കുരാം,
മാധ്വീസാരപരാഭവം പരിചിനോ-
ടേകിൻറ വാക്യാമൃതാം
പേർത്തും കാണ്മതു ഞാൻ കദാ നു കലിതാ-
നന്ദേന കൌണോത്തരേ? ൪൧

ഞാനിന്നാൾ തോഴ, കൌണോത്തരമലർവനിതാം
കണ്ടുകൊണ്ടന്യകാര്യേ
ദീനാത്മാ ഹന്ത! യാത്രാമുടനവശമുണ-
ർത്തീടുവാനാഞ്ഞനേരം;
കാണായീ നേത്രകോണേ തദനു കരുണയും,
നാണവും, പ്രേമവായ്പും,
ദീനത്വം, താപവും, കോപവുമനുനയവും,
മാനവും, മൽപ്രിയായാഃ. ൪൨

ഞാനും കല്യാണി കൌണോത്തര[1]മഞ്ജുമൊഴിയും
കേളതീതേ ദിനാന്തേ
തേനോലും പൂവറുപ്പാൻ നവരമുപവനേ
തോഴ, ചെൻറാരു നേരം,
താനേ താനേ മദാശാലതിക ഫലവതീ
ദൈവയോഗേന; തസ്യാ-
മാനന്ദോന്മേഷമെന്നും കനി കനിവിലെട്ടു-
ത്താസ്വദിച്ചേൻ തദാനീം! ൪൩

1. മഞ്ജുമൊഴി = മധുമൊഴി.

നോക്കാ നോക്കും ദശായാമഥമണിവദനേ,
ചേക്കുമല്ലസ്മിതശ്രീ,
നോക്കും നോക്കായ്കിൽ ഞാനങ്ങപരിമിതരസാ-
ഭോഗമാപാദചൂഡം;
സൌഖ്യം മേന്മേൽ വരുത്തിൻറിതു മനസി സഖേ,
മാമകേ മററുമെല്ലാ-
മോക്കുമ്പോൾ പ്രേമലജ്ജാഭരപരിമിളിതാ
വൃത്തി കൌമുണോത്തരായാഃ. ൪൮

കൌമുണോത്തര രണ്ടാംഭാഗം

കമ്പിട്ടൻപോട്ടു കംഭപ്രവരതിരുമുഖം
ദൈവതം, വാണിമാതിൻ-
ചെമ്പൊൽത്തൃക്കാൽ വണങ്ങി,ക്കരുതി മനസിനാ-
രായണപ്രാണനാഥാം,
വമ്പുറേറാലിൻറ വാചാ പുകഴ്മണമണിവാ-
നിൻറ കൌമുണോത്തരാഖ്യാ-
മംഭോജാക്ഷീം കവിക്ഷ്മാരമണസുരലതാം
വാഴ്ത്തുവാനല്ലതോ ഞാൻ. ൪൯

ബാലാദിത്യാഭിയാനം കനകമണിവിള-
ക്കുണ്ടു, പാലുണ്ടു പൂ*
* പൂർണ്ണേന്ദുസംജ്ഞം തദന്ന ഗണപതി-
ക്കുണ്ടു മമ്മാ! മനോജ്ഞം
കേളി* മേരുശൈലം പെരിയപറനിര-
പ്പുണ്ടു പൂവുണ്ടു താരാ-
ജാലം; വാഴ്ത്തീടുവാൻ നൻറവസരമധുനാ ൫൦
ഹന്ത! കൌമുണോത്തരേ, മേ.

കർപ്പൂരം കണ്ണിനോമൽത്തിരുവുരുവഖിലം
താവകം, പ്രാതിഭശ്രീ-
ശില്പം വിശേഷാത്തരം മാമകമിതു പുനരാ-
ശ്ചര്യമൊൻറിച്ചതെൻറാൽ,
മുപ്പാർ മുങ്ങും പുകഴ്പ്പാൽക്കടൽനടുവിലെടോ!
നിർണ്ണയം പുണ്യഭാജാ-
മിപ്പോഴൊറോട്ടു കൌമുണോത്തരമലർവനിതേ, ൫൧
വേണമാനന്ദസിന്ധൌ.

മയ്ക്കണ്ണാർമൌലി കൌണോത്തരമലർവനിതേ,
കേൾക്ക പൂമെയ് നരുംതേ-
നൊക്കത്തക്കപ്പൊഴിഞ്ഞീടിന മധുരഗിരാ
ഞാൻ പുകണ്ണാലിദാനീം
വിഖ്യാതം നിൻപുകഴ്ച്ചിന്തവരവരകമേ
മൂളിയും പാടിയും പോയ്
സ്വർഗ്ഗസ്ത്രീണാം വിനോദത്തറമുകളിലര-
ങ്ങേറുമിൻറന്തിയാമ്പോൾ. ൪൮

ഉണ്ടോ ക്രൂരികളിന്നുടപ്പിറവി പ,
ണ്ടാമദൌ കലാനായക-
ന്നുണ്ടോ സന്തതി, കേളിരട്ടപെറുമോ
മാമേരു കാലാന്തരേ?
ഉണ്ടാമോ മദഹസ്തിമസ്തകമിളം-
തുണ്ടേൽ, നരുംകപ്പിപോ-
ന്നുണ്ടാമോ പുനരാമമേലനുപമേ! നീ
ചൊല്ലു കൌണോത്തരേ! ൪൯

നീളും കാളഘനാഘനം ചികുരഭാ-
രാലോകനേ, കാനനേ
നീളെപ്പായുമൊളിച്ചൊളിച്ചു മറിമാൻ,
നേത്രങ്ങൾ കാണും വിധൌ;
ചാലോലുംമൊഴി! വട്ടമിട്ടു തിരിയും
പൊൽപ്പമ്പരം നേർപെടും
കാലം പോർമുലയോടു, നൻരുതിരുമെയ്
കൌണോത്തരേ! താവകം. ൫൦

(സാ?നാ)കം പോകത്തുടങ്ങീ, പരിചിനൊടരയ-
ന്നങ്ങ, ളെങ്ങും മുഴങ്ങീ
കേകാലാപം കലാപിപ്രവരഗളമഹാ-
കാഹളോത്ഥം ദിഗന്തേ,
ആകാശം മേഘപാളീകബളിത, മദയം
മാന്മഥം മാനസം, നീ
ലോകോത്തീർണ്ണാ, മനക്കാമ്പതിലുടെ കഴിവൊ-
ൻറില്ല കൌണോത്തരേ! ദമ. ൫൧

മസ്തകണ്ണാർമൌലി കൌണോത്തരമലർവനിതേ,
കോംകക പൂമെയ് നറുംതേ-
നൊക്കത്തെക്കറ്റെപ്പൊഴിഞ്ഞീടിന മധുരഗിരാ
ഞാൻ പുകണ്ണാലിദാനീം
വിഖ്യാതം നിൻപുകഴ്ച്ചിന്തവരവരകമേ
മൂളിയും പാടിയും പോയ്
സ്വർഗ്ഗസ്ത്രീണാം വിനോദത്തറമുകളിലര-
ങ്ങേറുമിൻറന്തിയാമ്പോൾ. ൪൮

ഉണ്ടോ ക്രൂരിയളിന്നുടപ്പിറവി പ,
ണ്ടാരൌ കലാനായക-
നുണ്ടോ സന്തതി, കേളിരട്ടപെറുമോ
മാമേരു കാലാന്തരേ?
ഉണ്ടാമോ മദഹസ്തിമസ്തകമിളം-
തുണ്ടേൽ, നറുംകപ്പിപോ-
നുണ്ടാമോ പുനരാമമേലനുപമേ! നീ
ചൊല്ല കൌണോത്തരേ! ൪൯

നീളും കാളഘനാഘനം ചികുരഭാ-
രാലോകനേ, കാനനേ
നീളെപ്പായുമൊളിച്ചൊളിച്ചു മറിമാൻ,
നേത്രങ്ങൾ കാണും വിധൌ;
ചാലോലുംമൊഴി! വട്ടമിട്ടു തിരിയും
പൊൽപ്പമ്പരം നേർപെടും
കാലം പോർമുലയോടു, നൻറു തിരുമെയ്
കൌണോത്തരേ! താവകം. ൫൦

(സാ?നാ)കം പോകത്തുടങ്ങീ, പരിചിനൊടരയ-
ന്നങ്ങ, ളെങ്ങും മുഴങ്ങീ
കേകാലാപം കലാപിപ്രവരഗളമഹാ-
കാഹളോത്ഥം ദിഗന്തേ,
ആകാശം മേഘപാളീകബളിത, മദയം
മാന്മഥം മാനസം, നീ
ലോകോത്തീർണ്ണാ, മനക്കാമ്പതിലൂടെ കഴിവൊ-
ൻറില്ല കൌണോത്തരേ! ദമേ. ൫൧

നിൻനേത്രത്തോടു നേരെനിക്കു രജനീ,
വൈവശ്യമോമന്മല-
ക്കന്റോടൊക്കു, മുറക്കമൂണുസുഖമെ-
ന്റിത്യാദി മദ്ധ്യോപമം,
ധന്യേ, [1]മാരജ്വരാൽ നിതംബസദൃശം
നന്നെപ്പിരിഞ്ഞീടിനാൽ
നിന്നെക്കാണ്മതിനുണ്ടുപായമിവയോ-
രൊന്റാത്ത കൌണോത്തരേ! ൧൫

തിങ്ങിപ്പൊങ്ങിത്തുടം പൂണ്ടനുപമമുരമി-
ട്ടൊന്റിനോടൊന്റുരുമ്മി-
പ്പൊങ്ങും വക്ഷോജഭാരം നഖരശിഖരവി-
ന്യാസധന്യം വഹന്തീ
ചെങ്ങും നേത്രാഞ്ചലംകൊണ്ടുലകിടമഖിലം
മോഹയന്തീ സഖേ, കാൺ
ഭംഗ്യാ കൌണോത്തരപ്പൂംപുരികുഴലി വരം-
മാറു നിർമ്മായരമ്യം. ൧൬

ചൊല്ലേറും കാമിനീകാമുകകലഹകലാ-
പാടനാശ്ചര്യവിദ്യാ-
കല്യം, ത്രൈലോക്യലക്ഷ്മീമണിമുകുര, മനം-
ഗാഗമാദ്വൈതസാരം,
സ്വർല്ലോകപ്രാതരാശം, ത്രിപുരഹരജടാ-
രത്ന,മാഖണ്ഡലാശാ-
കല്യാണം കാൺക കൌണോത്തരമലർവനിതേ!
സുന്ദരം ചന്ദ്രബിംബം. ൧൭

കൌണക്ഷ്മാരമണവംശമണിപ്രദീപം,
പ്രാണാ മമ, പ്രസവസായകമൂലദൈവം,
വീണാഗിരാമണിമനോരഥവീചിമാലാ
കൌണോത്തരാമൃതരസായനമെന്നു ചൊല്വൂ! ൧൮

ധാത്ര്യാ മംഗല്യമാലേ, നിഖിലതനുമതാ-
മംഗസൌന്ദര്യലക്ഷ്മ്യാ
നേത്രാനന്ദം വളർത്തിക്കമലവിശിഖസാ-
മ്രാജ്യമുന്മീലയന്തീ

1. മാരജ്വരാൽ = മാരദുഃഖം; കാമതാപം.

ആത്താനന്ദം വഴങ്ങിക്കനിവൊടു മണിവാ
പുണ്യഭാജാമിരുന്നീ-
ടാസ്ഥാം കൈക്കൊണ്ടു കൌണോത്തരമലർവനിതേ!
നീമെനാറം നീയിവണ്ണം. ൬൩

ഒൻറായ് പ്പൊങ്ങിന മേഘമാല, വിളയും
ഖദ്യോത, മദ്യദ്ഗസം
മിന്നും കേതകസൌരഭം, മല വലം-
വെയ്ക്കും വലാകാഗണം,
മിന്നൽക്കൂത്തു, തിമിത്തുകൊണ്ടു കരയും-
നീക്കോഴിനാദങ്ങളി-
ൻറുന്നഗ്രസ്തനി! താപകാരണമെനി-
ക്കെമ്പോററി കൌണോത്തരേ! ൬൪

കാണിൻേറാർ കണ്ണിനെണ്ണററഴകെഴുമമൃതിൻ-
തുള്ളിപെയ്യോൻറു പൂമെയ്;
വാണി പയ്ന്തേൻ കുഴമ്പോടനവധി പടത-
ല്ലീടുവോൻറുഢമാനം;
പൂണാർമൽക്കൊങ്ക പങ്കേരുഹമുകുളമനോ-
ഹാരി; നൈതംബബിംബം
പ്രാണൻ മാരന്നു; കൌണോത്തരമലർവനിതേ!
നൻറു നിൻഭംഗി പാർത്താൽ. ൬൫

പൂമെയ് കാണുന്നനേരം മളനന്റെ മദന-
ഭ്രാന്തി മേന്മേൽ മുഴുക്കും,
കീഠംമേലൊൻറന്തരിക്കും പെരുകിന മുനികൾ-
ക്കും വിലാസാവലോകേ,
കാമക്കാമ്പിൽ(?)ക്കലമ്പും പുതുമൊഴി ചെവിയിൽ
ച്ചെല്കി,ലാനന്ദലക്ഷ്മീ-
സീമാന്തം കണ്ടുകിട്ടും ചരിതമഴകതെൻ-
പോററി കൌണോത്തരേ! തേ. ൬൬

പെയ്യീടും കാളക്രൂടദ്രവമനവധി പൂ-
ണ്ണേന്ദു; മന്ദാനിലൻ താ-
നായുംഗാത്മാ കൊടുംതീച്ചെറുകനൽ ചൊരിയും
ഗാഢമാപാദചൂഡം;

ഖേദം മേദന്മേൽ വളക്കും ചെവികളിലനിശം
കോകിലാനാം നിനാദം,
നാഥേ, കൌണോത്തരേ! നിൻതിരുവുരുവു പിരി-
ഞ്ഞാലെരിഞ്ഞെന്തു ചെയ്‌വൂ! ൩൦

വായിൽക്കൊണ്ടാസ്വദിപ്പുണ്ടുരു ഗരളതരം
പാൽക്കുഴ,മ്പിന്ദുകാന്തി-
ത്തീയിൽച്ചാട്ടുണ്ടു,മല്ലപ്പൂമലർമുനമേൽ
വീണുകാൺമുണ്ടശങ്കം,
മായാഖേദം പൊലിപ്പുണ്ടലർചരനലര-
മ്പാശു; മൽപ്രാണഭാരം
പോയീടും നൂനമെന്റെ കരുതി മനസി കൌ-
ണോത്തരേ! നിൻവിയോഗേ. ൩൧

നക്ഷത്രങ്ങളമുണ്ണമുണ്ണൊരു പയോ-
വാഹം, കലാനായകൻ
ചൊല കൊള്ളും മണിമുത്തുതിർത്തു, പവിഴം
പെയ്യിച്ചിളം ചന്ദ്രികാം
തിക്കിത്തങ്ങളിലംബരേ കുലഗിരി-
ദ്വന്ദ്വം നടം ചെയ്യുമാ-
റക്ഷ്ണാ കാണ്മതിനെന്തുപായമയി, മേ
പാർത്തീടു കൌണോത്തരേ! ൩൨

ചുററിച്ചിന്നിന്റ മിന്നൽപ്പിണരുമിടയിടെ-
ക്കൂട്ടിടിക്കൂട്ടവും പാർ-
മുററഗ്ഘോഷം കൊളുത്തും ജലവിഹഗനിനാ-
ദങ്ങളും പ്രേമവായ്പും
അററം കൂടാത്ത രാവും തവ തിരുവുരുവും
മാരമാൽ പൂണ്ടഞാനും
മുഗ്ദ്ധേ, കൌണോത്തരേ! കൂടുകിലലർവിശിഖ-
ന്നന്റു പട്ടാഭിഷേകം!! ൩൩

കാണിന്റോർ കൺകളിപ്പാനമൃതരസമ-
മുണ്ണൊരു വാചാ വിശേഷി-
ച്ചാനന്ദം കൈയവളപ്പാ,നലിമതമറിവ?
ദാളിപ്പാനനേകം

പ്രാണാലംബരയ യൂനാ,മലർവിശിഖമഹാ-
രാജ്യവിദ്യാവിനോദം
മാനിപ്പാ,നിൻറെ കൌണോത്തരമലർമകള-
ല്ലായ്കിലാരുവ്വരായാം. ൩൪

കാളാംഭോധരപാളി താളിപിഴിയും
കററക്കരിമ്പുങ്കുഴൽ-
ക്കാ;ലംബായ മുഖാവലോകസമയേ
നെയ്‌വെയ്യുമിച്ചന്ദ്രമാഃ;
കോലത്താർചരഭൂമിപാലകനക-
ക്കുംഭം തൊഴും പോർമുല-
യ്ക്കാ;ലക്കത്തൊട്ടു നിന്നെ വാഴ്ത്തുവതിനി-
ൻറാമല്ല കൌണോത്തരേ! ൩൫

മുത്തുമുലമന മുല്ലമാല ഗരളം(?) ക-
ഠോരഗരളദ്രവം
പൂത്തശോകമരമോത്തുകാൺകിലൊരു മുത്തി
ഭക്ഷിയുമനക്ഷണം;
വാസ്തവം പറകിലിന്ദുമണ്ഡലമെനിക്കു
കാലകരവാളി, കൌ-
ണോത്തരേ! ഗുണഗണോത്തരേ! തവ വിശംക-
ടേ വിരഹസങ്കടേ. ൩൬

ആത്തസൌരഭമലത്തുലഞ്ഞലർ ചൊരിഞ്ഞു
**ടൽ വിരഞ്ഞുപോയ്
പാത്തലം പുനരിരുട്ടുമാറു വിരിയിൻറ
ചാരുകബരീഭരം,
ഗാത്രസീമനി പൊടിച്ചെഴുിൻറ പുളകാളി-
രാമമിനിയെൻറു കൌ-
ണോത്തരേ! രഹസി കാണുമാറു തവ പഞ്ച-
സായകമഹോത്സവം. ൩൭

ദൃഷ്ടേരത്യന്തസൌഖ്യം കലയതി തവ പൂ-
മെയ്യിതയ്യാ! തൊഴിൻേറൻ
വട്ടം കൈക്കൊണ്ട തിങ്കൾപ്രതികൃതിവദനേ
പാർത്തുകാണാത്തലീലം

പ്രാണാലംബരായ യൂനാ,മലർവിശിഖമഹാ-
രാജ്യവിദ്യാവിനോദം
മാനിപ്പാ,നിൻറെ കൌണോത്തരമലർമകള-
ല്ലാസ്സിലാരുവ്വരായാം. ൩൪

കാളാംഭോധരപാളി താളിപിഴ്യും
കററക്കരിന്പൂങ്കുഴൽ-
ക്കാ;ലംബായ മുഖാവലോകസമയേ
നെയ്‌വെയ്ക്കമിച്ചന്ദ്രമാഃ;
കോലത്താർചരഭൂമിപാലകനക-
ക്കംമം തൊഴും പോർമുല-
8 യ്ക്കാ;ലക്കത്തൊട്ടു നിന്നെ വാഴ്ത്തുവതിനി-
ൻറാമല്ല കൌണോത്തരേ! ൩൫

മൂത്ത ശ്ശൂലമുന മുല്ലമാല ഗരളം(?) ക-
ഠോരഗരളദ്രവം
പൂത്തശോകമരമോത്തുകാൺകിലൊരു മൂത്തി
ഭക്ഷിളമന്മക്ഷണം;
വാസ്തവം പറകിലിന്ദുമണ്ഡലമെനിക്ക
കാലകരവാളി, കൌ-
ണോത്തരേ! ഗുണഗണോത്തരേ! തവ വിശംക-
ടേ വിരഹസങ്കടേ. ൩൬

ആത്തസൌരഭമലാത്തുലഞ്ഞലർ ചൊരിഞ്ഞു
**ടൽ വിരഞ്ഞുപോയ്
പാത്തലം പുനരിരുട്ടുമാറു വിരിയിൻറ
ചാരുകബരീഭരം,
ഗാത്രസീമനി പൊടിച്ചെഴിൻറ പുളകാളി-
രാമമിനിയെൻറു കൌ-
ണോത്തരേ! രഹസി കാണുമാറു തവ പഞ്ച-
സായകമഹോത്സവം. ൩൭

ദ്രഷ്ടേരത്യന്തസൌഖ്യം കലയതി തവ പൂ-
മെയ്യിതയ്യാ! തൊഴിൻേറൻ
വട്ടം കൈക്കൊണ്ട തിങ്കൾപ്രതികൃതിവദനേ
പാത്തുകാണാത്തലീലം

എട്ടാംശാചക്രവാളേ മവർചരന്ന ജയം
    ചേർത്ത സാമ്രാജ്യലക്ഷ്മീ-
പട്ടം കെട്ടിച്ചു വാഴിച്ചതല്ലിന തിരുമന-
    ത്രേണ കൌണോത്തരേ മാം. ൧൮

മല്ലപ്പൂഞ്ചായൽ നി[1]ൻറാൽ പുറവടി മുടരിന്നെൻറു,
    [2]പൊന്മാടെ വെല്ലും
മല്ലപ്പോർകൊങ്ക, ശമ്മാ! തിരുമുഖമിതു പീ-
    യൂഷധാരാഭിരാമം
അല്ലിത്താർവാണവീരന്നഭിമതവിജയാ-
    സ്ത്രം മിഴിയെന്നല്ല, നല്ല
ചൊല്ലെത്തും കാമിനീനാം നിരുപമഗുണഗാ-
    ത്രേണ കൌണോത്തരേ നീ. ൧൯

കാന്തിസ്തോമാഭിരാമം തവ തളിരൊളിമെയ്
    വാഴ്ത്തുവാൻ വേലയത്രേ;
ഞാനു[3]ണ്ടിൻറില്ലയെൻറാലുമിതഴകൊട്ടു ക-
    ല്യാണി, ചൊല്ലാമിദാനീം,
ഏന്തിച്ചാനംഗതാപം നിഖിലതരുണരെ-
    ച്ചാപലാംഭോധിമദ്ധ്യേ
നീന്തിച്ചാ,നീലനേത്രാഞ്ചലവിചലനമാ-
    ത്രേണ കൌണോത്തരേ നീ. ൦

തൃക്കണ്ണിൻ മുക്കിലൻപുണ്ടഴകൊടു മനമേ,
    ചെൻറുകണ്ടിങ്ങനേ നാ-
മഗ്രേ സേവിച്ചിരിപ്പൂ, ഫലപരിണതി കൈ-
    വന്നു കൂടീടുവോളം;
തക്കം നേർപാർത്തു കൌണോത്തര തരുമണിയിൽ-
    ക്കൊങ്കമേലങ്കപാളീ-
മക്ഷീണാനന്ദ,മെ[4]ന്മാനിത ചലതി [5]വലം
    കണ്ടു,ലം ഖേദജാലൈഃ. ൨൧

൧. ഇളയച്ചി—ഒന്നാംഭാഗം.

വന്ദിച്ചുംകൊണ്ടു ദന്താവളവരവദനം
    ദൈവതം, വാഗധീശാം
ചിന്തിച്ചുംകൊണ്ടു, കമ്പിട്ടഖിലഗുരുജനാൻ,
    പ്രേമവേഗാകുലാത്മാ

1. മിന്നു് അഴിച്ചിട്ടാൽ എന്നസാരം. 2. പൊന്മാട്ടു് = പൊൻകുന്നു്; മേരു. 3. ണ്ടിൻറില്ല = തണ്ടുന്നില്ല = ബുദ്ധിമുട്ടുന്നില്ല. 4. എന്മാൻ = എന്നു് പറയേൻ 5. വലംകണ്ടു് = വലയുമാറു്:

കന്ദർപ്പോല്ലാസി "തയ്യിത്തല" മെഴമിളയ-
ച്ചീ തവാംഗം ഗുണശ്രീ-
സന്തത്യൈ ദേവനാരായണഗുരുകൃപയാ
വാഴ്ത്തുവാനാരഭേ ഞാൻ. ൧൨

നാഥേ, നിങ്കൽക്കളിച്ചീടുക നളിനമലർ-
ത്തന്വി നീണാ,ളനംഗ-
പ്രാധാന്യം ചേർക്ക ചേൽക്കൺമുന, വലക ഗുലോം
മൈന്ദർ വന്നന്തികേ തേ;
ചതോരമ്യാംഗി! തയ്യിത്തലമെഴമിളയ-
ച്ചീ,യശഃശ്രീവിലാസം
മീതേമീതേ തഴച്ചീടുക; വിലസുക നീ
നീളെ നാളിക്ഷമായാം. ൧൩

ചൊല്ലേണ്ടാ വീരവാദം ഭുവി മഹിതധിയാ-
മെങ്കിലും പ്രത്യയം ചെ-
ററല്ലാക്കും ചേർപ്പതിന്നിന്നൊരു വിരുതു പറ-
ഞ്ഞീടുവൻ പ്രാണനാഥേ!
മെല്ലേ നിൻകീർത്തി തയ്യിത്തലമെഴമിളയച്ചീ!
കളിച്ചിൻറു നാളെ-
സ്സ്വർല്ലോകേ മേനമർത്ത്യാധിപകുതുകമിയ-
ററന്നമിഞ്ഞാൻ[2] പുകണ്ണാൽ. ൧൪

വാളും വേലും തൊഴേണം തിരുമിഴിയുഗള-
ത്തിന്നു, പൂഞ്ചായൽ കാൽത്താ-
രോളം നീളും കവന്നൊൻറ,ണിമതി കൊതികൊ-
ള്ളും മുഖശ്രീവിലാസം;
കേളയ്യോ! ഹന്ത! തയ്യിത്തലമെഴമിളയച്ചീ,
മനോജാസി കത്തി-
ക്കാളുംമാറിങ്ങു യൂനാമൊരു സരണി വള-
ർത്തു വിധാതാ തവാംഗേ. ൧൫

അയ്ന്താർവാണന്നു സന്ധ്യാപവനനു മധുപ-
ങ്ങൾക്കു തിങ്കൾക്കൊരോരോ
പൈന്തേനി,ന്നംബുജങ്ങൾക്കിനിയ പരഭൃത-
ങ്ങൾക്കുമെല്ലാർക്കുമേ ഞാൻ

---

1. സ്വ.ാംതാം, 2. പുകഴ്ത്തിയാൻ, 3. അയ്യമ്പൻ.

സന്താപാലെത്രനാളേയ്ക്കുടിമയിലടിമ-
  പ്പെട്ടുപോരേണമാധി-
ച്ചെന്തീ കത്തിച്ച തയ്യിത്തലമെഴുമിളയ-
  ച്ചീ വലച്ചീടിനാ മാം. ൭൬

പയ്യെ നിൻറ പുനരെന്നൊടു ന്തറ-
  മെയ്യു, മെന്തൊരു ഫലം തവ പാർത്താൽ?
തയ്യിലിട്ടിയിളയച്ചിയെ നോക്കീ-
  ട്ടെയ്യു രണ്ടു ശരമെൻമലർവാണാ! ൭൭

പൊളി പറവരശേഷം തോഴിമാർ, തയ്യിൽമേവും-
  കളമൊഴി, മികവുണ്ടിപ്പാ(പി?ഴ്മ) കേൾക്കം ദശായാം;
എളിയവരൊടു വേണ്ടാ കോപവും മാനവും; പാഴ്-
  ക്കളവുകളിളയച്ചീ, ഞാൻ പയററീലയല്ലോ. ൭൮

ക്രൂരജാതികളിൽ മുമ്പു സംപ്രതി ശശാങ്ക-
  നം കയിൽനിന്നാദവും;
ഘോരഘോരമനലന്നമൻപിലനിലന്ന-
  മെങ്കലവിശേഷമോ?
മാരനോ പെരികെ വൈരമെന്നൊ,ടിതു ചെന്ന
  തയ്യിലിളയച്ചിയോ-
ടാരുമേ പറകയില്ല, കാണൊരു വിഷാദ-
  സങ്കടദശാ സഖേ! ൭൯

പാലാഴിത്തയ്യലാളിച്ചരുളുക ഭവതീ-
  മന്ദഹാസം, വെൺനിലാവെ-
പ്പോലേ മേ[1]തിങ്കലെങ്ങും തവ പുകൾനികരം
  മേവുകെൻജീവനാഥേ!
ലോലാപാംഗങ്ങൾകൊണ്ടേ മദനനു വിജയം
  നല്ക; പേർത്തും വധൂനാം
മേലാളായ് വാഴ്ക തയ്യിത്തലമെഴുമിളയ-
  ച്ചീ, ചിരം കാലമി[2]ന്നീ. ൮൦

വക്ത്രം കണ്ടാൽ വണങ്ങും വളർമതി പുരതോ
  വന്നനി,ൻെറന്നു ചൊല്ലു
പുത്തൻ തേഞ്ചാറിലാറാടിന വചനവിലാ-
  സങ്ങൾ മാതംഗയാനേ!

1. മേതിങ്കൽ = മേദിനിയിൽ ഭൂമിയിൽ. 2. ഇന്നീ = ഈ + നീ.

അത്യന്തം മോഹനം നിന്നധരകിസലയം,
കേളിപെട്ടോരു വട്ടോ-
ടെത്തും പോർകൊങ്ക തയ്യിത്തലമെഴമിളയ-
ച്ചീ, നയശ്രീനിധേ, തേ. വൃ൫

നീ കേറംകെൻവീരവാദം നിരുപമവദനേ!
ഞാൻ പകന്നാൽ നിനക്ക-
ങ്ങാകേണം മുമ്പു മേളം പെരുമരുവയറെ-
ല്ലാരിലും വെച്ചിദാനീം;
മാഴ്കേണം മന്മഥാർത്ത്യാ നിഖിലതരുമതാം
മാനസം; വാനിലുംപോയ്-
പ്പൂകേണം കീർത്തി തയ്യിത്തലമെഴമിളയ-
ച്ചീ, നയശ്രീനിധേ തേ. വൃ൨

ശയ്യാസീമനി ചേർത്തുകൊണ്ടു വേതീ-
മയ്യായിരം വട്ടമ-
ല്ലയ്യാ! പൂണ്ടു തയ്യിലിട്ടിയിളയ-
ച്ചീ, പോയ രാവേഷ ഞാൻ;
പെയ്യാംവണ്ണമടച്ചുപെയ്തിതു തദാ
പേമാരിയും മേൽക്കുമേ;-
യ്യയ്യോ! പാവമശേഷമത്തൊഴിൽകനാ-
വായ്പോയിതെന്നോമലേ! വൃ൮

തയ്യിൽ വാഴുമിളയച്ചി നല്കിനാൾ
മെയ്യിൽ വീണ മമ ചോരിവാ സഖേ!
പയ്യെ വന്നിതു കനാവതെന്റു ഹാ!
കൈയിലായതു കളഞ്ഞുപോയിതോ? വൃ൪

മറഞ്ഞൂതോ മുഗ്ദ്ധേ![1] മുറുവലൊളി വൻകോപകലി വ-
ന്നറഞ്ഞൂതോ ചിത്തേ തവ മഹിതമത്തേഭഗമനേ!
എരിഞ്ഞീടിന്റേറൻ ഞാനെളിയമുല താ; ചേടി പൊളിയേ
പറഞ്ഞീട്ടു, തയ്യിൽക്കലരുമിളയച്ചീ, കഴൽതൊഴാം. വൃ൭

(നായകൻ)

"ഏതുമരുതേതുമരുതേ മലർചരാനേ-
റ്റാധി പെരുതാധി പെരുതാതുരതരോ ഞാൻ"

---

1. മുറുവലൊളി = മുറുവലിന്റെ (പുഞ്ചിരിയുടെ) ഒളി = ശോഭ.

ധാ) „മാതർമണി തയ്യിലിളയച്ചി പുണരാഞ്ഞോ
ചേതസി സഖേ! കൊടിയവേദന വരിൻറൂ?" വൃന്ദ

കലുഷതയൊടടുത്തും ചൊല്ലീട്ടും കോപ്പെട്ടുത്തും
പലവഴി ശരമെയ്യും കണ്ണുനീർ പെയ്യുപെയ്യും
മലർചരൻമെനിക്കും നിദ്ര ചെററില്ല, തയ്യി-
ത്തലമെഴമിളയച്ചീ! ഹന്ത! കേളന്തിയായാൽ. വൃ൭

മലർവാണശരാർത്തിപൊറാഞ്ഞു സദാ
തളരാവതു ഹാ! തളരിൻറിതു ഞാൻ;
കിളിയേ, തവ ചെൻറയി, തയ്യിലമ-
ന്നിളയച്ചിയൊടെന്നഴൽ ചൊല്ലരുതോ? വൃവൃ

ലക്ഷ്മീദേവി കളിക്കേ നോക്കുക നിതാ-
ന്തം നിന്നെ; നിൻകീർത്തികൊ-
ണ്ടിക്ഷ്മാമണ്ഡലസീമ്നി നിർമ്മലനിലാ-
വീടേല്ക്ക നീലേക്ഷണേ!
മുഖ്യേ, നീ ഭുവി വാഴ്ക തയ്യിൽ മരുവും
കല്യാണി, നല്ലാരിൽ 1വാഠം
തിക്കീടും പരിവട്ടമിട്ടിയിളയ-
ച്ചീ, പൂണ്ടു പുണ്ണ്യാദരം. വൃൻ

എന്നേ! ശൃംഗാരവാപ്യേ പരമൊരുതരുണീ-
രൂപമാണ്ടാ ജനാനാ-
മന്യൂനം നേത്രസൌഖ്യം പരിചിനൊടരുളും-
മാറു നൻറായ് ചമഞ്ഞോ;
മന്യേ ഞാൻനിന്നെ രണ്ടാമതുമഴകൊടലർ-
ത്തയ്യൽ തയ്യിൽപ്പിറന്നാ-
ളെൻേറവം പൂണ്ടു നാനാഗുണഗണമിളയ-
ച്ചീതി നാമാഭിരാമാ. ൻ൦

കളിയിൽചില നോക്കുകൊണ്ടു യൂനാ-
മലിയിച്ചുമ്മനകാമ്പനംഗലോലം,
ഇളയിൽചാതമാർന്നു തയ്യിലിൽചെർ-
ന്നിളയച്ചീ, മരുവീടു മാന്യശീലേ! ൻ൧

1, വാഠംതിക്കീടും = വാളുവെയ്ക്കുന്ന, സുന്ദരിമാരെ ജയിക്കുന്ന എന്നു സാരം.

തീ തൂകിൻറിതു തിങ്കളെങ്കൽ നിതരാ-
മയ്യോ!; വിഷജ്വാലകൊ-
ണ്ടതീടിൻറിതു വെണ്ണിലാവു സഹിയാ
ഹാ! ഞാൻ മുടിഞ്ഞീടിനേൻ,
ചേൎത്തു മന്മഥനായ മന്മഥനിത-
ല്ലോ മൎമ്മമം തന്വി, വാ-
ങ്മാത്രംകൊണ്ടിഹ തയ്യിലിട്ടിയിളയ-
ച്ചീ, മാലിളച്ചീടുമോ?
ദിവ്യോ ഞാ,നിതിനില്ല കില്ലയി സഖേ!;
പോർക്കൊങ്കയിൽച്ചേൎത്തു മാ-
മൎവ്വീമാനിനിമാർമുടിക്കലണിയും
പൂണാരമൻറഞ്ജസാ,
ദൂർവ്വാരാംഗജമാലശേഷമകലെ-
പ്പോമ്മാറു നിൎമ്മായമ-
ച്ചൊവ്വാത്തേൻ മമ തയ്യിലിട്ടിയിളയ-
ച്ചിപ്പെൺ വിളിച്ചേകിനാൾ.
ഉദിച്ചു പൂൎവ്വാദ്രേരുപരി മുഴ-
വെൺതിങ്കൾ, കുമുദം
മദിച്ചു; പൂവാണൻ പടവര(വാ?വിതാ)
ഹന്ത! ദമരം?
ചതിച്ചീടാതേ മാമിതമൊട-
സുനാഥേ, വിതര നീ
മദിച്ചൂളാം തയ്യിച്ചേന്നമരുമിള-
യച്ചീ, കുഴൽ തൊഴാം.
തിരുവുരു തവ കാണ്മാൻ പോന്നു വന്നീടുവാനായ്
വിരവിനൊടയി, പോവാനമ്പിനോടാരഭേ ഞാൻ;
ഇരുൾമിഴിമുന തയ്യത്ത നല്കി, പാഥേയമായ് നീ-
യരുളുടനിളയച്ചീ, വിശചരമ്യാനനേ! മേ.

രണ്ടാംഭാഗം

ചേലാൎന്നീടിൻറ ചെന്താർചരജയവിരുതേ,
നിന്നെ ഞാൻ വാഴ്ത്തിനാൽ കേൾ
പാലാഴിപ്രായമാക്കീടുവനവനിതലം
കീൎത്തികൊണ്ടോമലേ, തേ

നാളീകത്തയ്യൽ തയ്യിത്തലമെഴുമിളയ-
ച്ചീ, കളിക്കേണമിന്നും
ബാലേ, നിന്മെയ്യിലോരോതരുണർ പരിസരേ
വന്നു മാഴ്കേണമിന്നേറ. ൯൬

കാക്കാലം വന്നടുത്തു, സുമുഖി മയിൽ നിനാ-
ദങ്ങളെല്ലാമിതല്ലോ
കേൾക്കാകിന്റു, മട്ടത്താർവിശാഖനമിത വി-
ല്ലും കലച്ചിങ്ങണഞ്ഞു,
പോക്കേണം മൽപ്രിയേ, നിൻ കലഹമിതു; തൊഴാം;
ചേടിമാർ ചൊന്നതെല്ലാം
കേൾക്കേണമാ തയ്യിൽവീടന്നിതമെഴുമിളയ-
ച്ചീ, വരാമോ തൊടാമോ ? ൯൭

അല്ലേ വാർത്തെന്റലേ, മന്മഥമണിരഥമേ.
ഞാൻ പറഞ്ഞാലതെല്ലാം
ചൊല്ലാമോ ചെന്റു ഞാൻ താനവശതയിലിരു-
ന്നങ്ങു ചൊല്ലിന്റപോലേ;
ചൊല്ലാമീവണ്ണമെങ്കിൽ പ്രിയസഖ, വരുവാൻ
ഞായമുണ്ടുൾക്കരുന്നിൽ
കല്യാണാംഗിക്കു തയ്യിത്തലമെഴുമിളയ-
ച്ചിക്കു കാരുണ്യലേശം. ൯൮

അംഭോജം കണ്ണിനയ്യോ! മതിമുഖി, സഹിയാ;
ഹന്ത വെൺതിങ്കൾ ചെന്തീ
തന്നേ തൂകീട്ടു; മയ്യോ! കുയിൽനിനദമഹോ!
[1]കർണ്ണശൂലായതേ മേ;
നിന്നാണാ നിൻവിയോഗേ വരുമെരിപൊറ; കേ-
ളൊന്റിനൊപ്പിച്ചുകൂടാ,
ധന്യേ, തയ്യിത്തലം വാണിതമെഴുമിളയ-
ച്ചീ, നിനച്ചെൻപ്രമാദം. ൯൯

കോടരുതു കോടരുതു നിൻപുരികമയ്യോ!
വാടരുതു വാടരുതു കോമളമുഖാബ്ജം,
ചേടി പറയിന്റതിനമോടരുതു, കോപം
തേടരുതു തയ്യിലിളയച്ചി മലർമാതേ! ൧൦൦

1. കർണ്ണശൂലായതേ = കർണ്ണശൂലമായിത്തീരുന്നു.

അലഘുജഘനഭാരേ, പോവതിന്നാരഭേ ഞാൻ
  അലസനയനകോൺകൊണ്ടൊന്നു പുല്കീടിഭാനീം;
കലിതരുചി വരിൻറണ്ടിന്നിയും തമ്പി, തയ്യി-
  ത്തലമെഴമിളയച്ചി, പോന്നവൈകാതവണ്ണം. ൧൦൪

൧. ഇട്ടി.

മല്ലമലരിന്നു മലയാനിലനുമമ്പോ!
  നല്ല പനിനീരിനുമകിൽക്കുമയി തോഴാ!
ഉള്ളിലഴലേകുകയൊഴിഞ്ഞൊരുതൊരം മ-
  റ്റില്ലിടമനെക്കലരുമിട്ടി പിരിയുംനാൾ. ൧൦൫

കണ്ടേൻ ഞാനംബുജത്തിന്നുപരി കരിമുകിൽ-
    ചാർത്തു, ചീർത്തൊരുശൈലം
കണ്ടേൻ തൂമിന്നൽതന്മേൽ, കുവലയമലരിൽ-
    ക്കാമശസ്ത്രങ്ങൾ കണ്ടേൻ,
കണ്ടേൻ പൊന്നുയൽ കണ്ണാടിയിലിടയിടയിൽ-
    ച്ചേൻ തട്ടിൻറതേവം
കണ്ടേൻ ചെററങ്ങുറങ്ങുംപൊഴുതു പുതിയവീ-
    ടാളുമിട്ടീവിയോഗേ. ൧൦൬

൨ മേദിനീവെണ്ണിലാവ്.

താരാമണീ താരമണീയചൊവ്വാ
  താരാമണീ താരമണീമണീ തേ
പോരാമതേ പോരുമതേഷു പോരാ
  പോരാമതേ പോരുമതേ മഭംഗം (?) ൧൦൭

തമ്പംഗീനാം പലരെയു[1]മുവന്നിങ്ങനേ പോന്നവാറേ
  മച്ചിത്തത്തിൽ കനിവു വരുമോ മാനിനീ, നിന്നിലെൻറി,
എല്ലായ്പ്പോഴും പല മലരിലുംപ്പുക്കു തേനുണ്ടുപോരും
  വണ്ടിന്നുണ്ടോ ഹൃദയമണവു താമരപ്പൂവിലെൻറി. ൧൦൮

അമുഗ്ദ്ധാപാംഗി, നാമൊട്ടെളിയവ; രതുകൊ-
  ണ്ടെന്തു? മാരാസ്ത്രമേററാൽ
ചാമത്രേ മററു കില്ലില്ലതിന്നുരു മലർവി-
  ല്ലാളി മാപാപയല്ലോ;

1. ഉവന്ന് = വിശ്വസിച്ച്.

കാമത്തീകൊണ്ടു [1]വേകിൻറകമലരിലിരു-
    ന്നംഗനാരത്നമേ, നി-
ന്നോമൽപ്പൂമേനി [2]വേമെൻറളു മനസി ഭയം
    മേദിനീവെണ്ണിലാവേ!. ൧൦൩

൬. ഇട്ടിയച്ചി.

കാന്തേ, കണ്ണുങ്ങളോടേററളവു വഴികൊടാ-
    ഞ്ഞുള്ള കോപേന താമ്രാം
കാന്തിം കൈക്കൊണ്ടതെൻേറ പറവർ ചിലർ നാസ-
    ഗ്ഗാരുണോപാന്തകാന്തം
ഞാൻ തേറേനിട്ടിയച്ചീ, പുനരിളു ദയിതേ,
    സന്തതം മൈന്തർചിത്തം
ചീന്തീടും നേരമേന്തീടിന രുധിരകണാ-
    ലംകൃതം നിൻ കടാക്ഷം. ൧൦൪

വാർ ചില്ലീലോലമത്തഭ്രമരനിര പൊരും-
    നിൻറ പാഥോജമെൻറ-
ങ്ങാർ ചൊല്ലീ കോലനീലോല്പലനികരനിറം-
    വെല്ലുമിമ്മല്ലനേത്രം?
നേർ ചൊല്ലുംനേരമോരോ തരുണജനമനോ-
    ദളനേ ഖേദഹീനം
[3]താർവില്ലിക്കിട്ടിയച്ചീ, ചലദസിലതയെ-
    ൻറന്തരാ ചിന്തയേ ഞാൻ. ൧൦൫

അന്യേ ചൊന്നാലുമാപാദിതമിനിയ [4]ശുനാ-
    സീരനീലേന ബാലേ!
[5]നിൻനാസാകണ്ണയോരന്തര(ത്?സ)രണിമല-
    ക്കും മുഴക്കോലിതെൻേറ;
മന്യേ ഞാനിട്ടിയച്ചീ, മഹിതകവലയോ-
    ല്ലാസി മല്ലക്കടക്കൺ
മിന്നീടും മീനരമ്യം മലർചരന [6]മേലർ-
    ക്കേണിയെൻേറണനേത്രേ! ൧൦൬

1. വേകിൻം = വേകുന്ന. 2. വേമെൻറളു് = വേകുമെന്നളു്. 3. താർവില്ലി = താർ[വില്ലി]വൻ = മലരമ്പൻ. "മലർവില്ലി" എന്ന രാമചരിതകാരൻെറ പ്രയോഗം കാണ്ക. [4. ശു]നാസീരനീലം = ഇന്ദ്രനീലം. 5. നിൻെറ മൂക്കിൻെറയും ചെവിയുടേയും ഇട[...]വഴിയെ അളക്കുന്നതിന് ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള മുഴക്കോലാണിതെന്ന് ഒരു [...]പറയും. 6. [...] മലരുകൊണ്ടുള്ള കേണി = വാപി.

ഊനം തട്ടാതകാന്തിപ്രസവനവസുധാ-
പൂരിതേ വാരിരാശൌ
സാനന്ദം മന്ദമാന്ദോളിതതരളലസ-
ച്ചില്ലിവല്ലീ ത്വദംഗേ
നൂനം താഴിന്റെ ലോലാളകവലയിലക-
പ്പെട്ടുഴന്റിട്ടിയച്ചീ!
മീന ദ്വന്ദ്വം കളിക്കിന്റിതു തവ നയന-
ച്ഛദ്മനാ പദ്മനേത്രേ!

നീലക്കൽകൊണ്ടു നീളെക്കലിതരുചി ചമ-
ച്ചന്തരാളേ വിശാലേ
ബാലച്ചന്ദ്രോപലംകൊണ്ടതിരുചിരതരം
നിർമ്മിതം മന്മഥേന
ആലോലം താരകാമട്ടവിരളമിളകും
[1]വട്ടരങ്ങിട്ടിയച്ചീ!
ബാലേ! നിന്നേത്രനീലോല്പലമിതി വനിതാ-
കല്പമേ, [2]കല്പയേ ഞാൻ.

കിഞ്ചില്ലജ്ജാവനമ്രാൻ പ്രണയനവലതാ
പല്ലവാൻ മെല്ലവേ കി-
ഞ്ചഞ്ചന്മന്ദഹാസദ്യുതിശകലവലാ-
കാവലീബാലമേഘാൻ
അഞ്ചന്നസ്രുഭ്രുതാനവിരളതരളാൻ
പേർത്തുമിന്നേത്രലക്ഷ്മീ-
സഞ്ചാരാനിട്ടിയച്ചീ! പുളകനറുമലർ-
ക്കോപ്പണിഞ്ഞേല്പനോ ഞാൻ?

ചിത്തേ തോന്റീടുമെന്റും മമ വരവനിതാ-
കല്പമാമിട്ടിയച്ചീ!
മെത്തീടും തൃഷ്ണയാ ചെന്റുടനധികതരം
കാതരം കാതിനോളം
ഉത്തംസം വെച്ചപുത്തൻകമലമലർമര-
ന്ദം നുകന്നാത്തമോദം
മത്തം നിൻമല്ലമൈക്കൺമധുകരമിഥുനം
നന്റുലാവുന്റവാറു്.

---

1. വട്ടത്തിലുള്ള അരങ്ങ്. 2. സങ്കല്പിക്കുന്നു.

മത്തേഭം വെൻറ യാനേ! മധുമൊഴികൾമുടി-
   പ്പുട്ടമാമിട്ടിയച്ചീ!
പത്താശാചക്രവാളേ സലളിതമെഴുന-
   ള്ളീടുവാനാംഗയോനേഃ
ചിത്രാഭം ചില്ലിവല്ലീ പത്തുരമരതക-
   ത്തണ്ടുതന്നെത്തപോലേ
ചിത്താനന്ദം പുണത്തിൻറിതു നിഖിലഗുണാം
   നിൻകയൽക്കണ്ണിരണ്ടും. ൧൧൨

പ്രോന്മീലച്ചാരുമല്ലീദളപരിമിളിതം
   മല്ലധമ്മില്ലഭാരം
കാണ്മാനെന്നിട്ടിയച്ചീ! കരുമിഴിയുഗളം
   താവകം ധാവമാനം
കാമ്യാഭോഗേന കാതോടിടറിനസമയേ
   കാന്തി ചേന്നോരുപാന്തേ
ഞാൻ മന്യേ പോന്നുദഞ്ചൽക്ഷതജകണികയാ
   ശോണമെൻേറണനേത്രേ! ൧൧൩

ആമോദാൽക്കാണ്മനോ ഞാനവിരളമിളകീ-
   ടിൻറ ലജ്ജാഭിരാമാ-
നാമന്ദസ്നിഗ്ദ്ധഹാസാങ്കുരമിടവിരകീ-
   ടിൻറ കമ്രാന്തപാതാൻ
ആമന്ദം മാരുതാന്ദോളിതകമലപലാ-
   ശാവലീലോലലോലാൻ
പ്രേമാർദ്രാനിട്ടിയച്ചീ! നവലളിതകലാ-
   സങ്കടാൻ നിൻകടാക്ഷാൻ. ൧൧൪

൧൦. കേളീമണി.

തൊട്ടാൽവാടിൻറമല്ലീവിമലമലരരു-
   മ്പെത്രനൻെറൻപതിൽക്കാൾ
കഷ്ടം കോദണ്ഡദണ്ഡം മതുമതമതിര-
   ക്കിൻറ പുണ്ഡ്രേക്ഷുകാണ്ഡം;
[1]പട്ടാങ്ങെങ്കിൽ ത്രിലോകീനിയമനനിപുണം
   തൃക്കടക്കണ്ണിതത്രേ
പട്ടംകെട്ടിച്ചതെന്തോർവിശിഖനെ വിലസൽ-
   ക്കേളി കേളീമണേ തേ. ൧൧൫

1. സത്യമെങ്കിൽ

പുത്തൻപൂന്തൊത്തു [1]വാണാവലി, ജഗതി ജല-
ഗ്രാമണ। രോഹിണീശൻ
മിത്രം, വില്ലെൻറചൊല്ലിൻറയു കിമപി പിര-
മ്പോ കരിമ്പോ [2]ന ജാനേ;
പൊൽത്താർബാണന്ന നിയെൻറൊരു പരമരഹ-
സ്യാസ്ത്രവിദ്യാമകപ്പെ-
ട്ടത്രെ കേളീമണി, കേളവന്ന ഭുവനച-
ക്രൈകസാമ്രാജ്യമിൻറു്. ൧൧൮

എല്ലാക്കും വില്ല തിന്നാമിതു കരുകെ മുറി-
ച്ചീടിനാ; ലമ്പു ചൂടാം;
[3]വല്ലോക്കും ഞാൻ പിടിപ്പാൻപണി; തുണ മലയ-
ത്തെൻറൽ നൻറിപ്രമേയം;
അല്ലേലും ചായൽ, കേളീമണി[4]മഴലമിഴി-
ക്കോണനങ്ങായ്കിലുണ്ടോ
വെല്ലാവൂ മററുകൊററക്കുടനിഴലിൽനിറ-
ന്നംഗജന്നിത്രിലോകീം. ൧൧൯

പോരാതൊൻറല്ല പോർവില്ലിതു പുതിയകരി;
മ്പമ്പു നൻറംബുജം; ഞാൻ
[5]പാരപ്പെട്ടൊൻറവണ്ടിൻനിര; തുണയൊരു കാ-
റൊപ്പമന്ത്രീ വസന്തഃ;
താരാളും ചായൽ; കേളീമണി മഴലമിഴി-
ക്കോൺകളിപ്പൊൻറതത്രേ
താരമ്പന്നത്തമാലംബനമിഹ വെറുതേ
മാററ ഗർവ്വോദയോയം. ൧൨൦

ഗാത്രം വാതെത്ത്വ പാത്താർവരതനു, മലര-
മ്പന്നു; [6]മൂത്തമ്പു മൂത്തം
പാത്താൽ;ത്താർത്തെൻറൽനൽത്തേ;രളിപടലികഞാൻ;
[7]മിക്ക വില്ലിക്ഷുവല്ലീ;
അസ്സാമിക്കോപ്പു, നേത്രാഞ്ചലചലനകലാ
മാത്രമത്രാതിമാത്രം
ധാത്രിജൈത്രം മഹാസ്ത്രം പരമിവന്നു ലസൽ-
ക്കേളി കേളീമണീ തേ. ൧൨൧

---

1. വാണാവലി = ബാണാവലി = അമ്പിൻനിര. 2. ന ജാനേ = ഞാനറിയുന്നില്ല. 3. ശക്തമാക്കും. 4. മനോഹരമായ കണ്ണ്. 5. പാരപ്പെട്ടൊൻറ = ഭോരപ്പെട്ടുള്ള. 6. മൂത്തമ്പു = മൂർത്തമ്പ്. 7. ശക്തിയുള്ള വില്ല്.

൧൧. ചെറിയച്ചി.

ഉഡുനികരമെഴുത്തായ്, പത്രമായ് മാന, മൊപ്പായ്
മൃഴമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം
അയി ബത! ചെറിയച്ചി, കാണ്മിതസ്യാം രജന്യാം
തവ വിരഹിണമെന്നെത്തനച്ചി, കൊല്ലേൻറപോലേ. [൧൨൨

പരിചുപട നിരത്തിപ്പശ്ചിമാശാചുവപ്പാം
പുതിയ തളിരതിന്മേൽ വെണ്ണിലാപ്പൂവു തൂവി
രചയതി ചെറിയച്ചീവിപ്രയോഗോചിതം മേ
ശയനമിവ ശശാങ്കഃ ശൎവ്വരീപൂൎവ്വയാമം. ൧൨൩

പ്രിയസഖി, ചെറിയച്ചീവിപ്രയോഗജ്വരാൎത്തം
കറവുയിരപി തീൎപ്പാൻ നൂനമിന്ദുച്ഛലേന
മദനനുദയശൈലപ്പള്ളിവിൽമേൽതൊടുത്താൻ
പഥികരുധിരധാരാപാടലം പള്ളിയമ്പു്. ൧൨൪

അസിതതിമിരപിഞ്ഛൈരന്തിയാം തീയെരിച്ച-
ത്തരളതരമെഴിൻറത്താരകാമുത്തണിഞ്ഞു്
അയി, ബത! ചെറിയച്ചീ വാസരാന്ത്യാഖ്യനാകം
ക്ഷപണകനിത കാണാ ഖിച്ച കാട്ടിൻറവാറു്. ൧൨൫

രവിരമണവിയോഗേ രാത്രിയാകിൻറ ധാത്രി
വികിരതി പനിനീരും ചന്ദ്രികാചന്ദനം ച,
പുനരപി നവബിംബാം പത്മിനീം കണ്ടവാറേ
മമ ബത! ചെറിയച്ചീവാൎത്തയിൽ പേടിയുണ്ടു്. ൧൨൬

ഉദയതി ശശിബിംബം കാന്തമന്തിച്ചുവപ്പിൽ,
പരമപി രവിബിംബം ചെൻറിതസ്തം പ്രയാതി;
ഉഭയമിദമുരുമ്മിക്കൂട്ടുകിൽക്കുങ്കുമാർദ്രം
കുചയുഗമുപമിക്കാം നൂനമച്ചീസുതായാഃ ൧൨൭

ചരതി കൊതി കുളത്തിപ്പുത്രിണാംമുന്നിൽമല്ല-
പ്പൊടിയിൽ മുടിയമൃത്തിപ്പൊൻനിറംകൊണ്ട ഭൃംഗഃ
ഉദയനഗരിയൂനാം ചിത്തമുൽക്കണ്ഠയൻ പ-

ങ്കമിവ ചെറിയച്ചീ മത്തരംമെയ്പ്പൂച്ചണിഞ്ഞു്. [൧൨൮

പരിപതതി തുഷാരശ്രേണി വെൺമുത്തണിഞ്ഞ-
ത്തിമിരനിചയമെന്നും മാന്തളിർപ്പട്ടുചാർത്തി
കമലമുകുളമന്തിക്കാററിലാടിൻറ വാറൊ-
ട്ടുഴകിയു കുചലീലാനാട്യമച്ഛീസുതായാഃ.

മമ ബത! [1]മതിസീതാമച്ഛിപത്രീവിയോഗ-
വ്യസനജലധിമദ്ധ്യേ കൊണ്ടുപോയ വെച്ചുകൊണ്ടു്
തെളുതെളെ വിലസിച്ചച്ചന്ദ്രനാം ചന്ദ്രഹാസം
[2]കുസുമശരദശാസ്യഃ കൊല്‌വനെൻറുളൃപൈതി.

പ്രിയസഖി ചെറിയച്ഛീകാന്തിരാജ്യാധിപത്യേ
മനസിജനഭിഷേക്തും നൂനമാഡംബരേണ
ശശിശകലസനാഥേ ശാരദവ്യോമനാല-
ത്തറനടുവിലടിൻറത്താരകാമുത്തുപന്തൽ.

തൊഴുതിഹ വിടകൊൾവാൻ തൻകരംകൂപ്പിനില്ക്കി-
ൻറഹിമകരനെ നോക്കിത്താമരപ്പൊയ്കപിന്നെ
മധുകരമരുമാററം വാ തുറന്നൊൻറു മിണ്ടി-
ലപഗതരുചിരസ്ഥാനച്ഛിതൻനന്ദിനീവ.

മദനവിജയകീർത്തിം മൽക്കൂതേ പാടുവാനെ-
ൻറഹിമകിരണചന്ദ്രേ താളമാമ്മാറുകൊണ്ടു്
അതിലളിതമവററാലൊൻറുയത്തൊൻറുതാഴ്ത്തി-
ട്ടഹമിവ ചെറിയച്ഛീ! നൂനമേഷഃ പ്രദോഷഃ.

അണയുമപരസന്ധ്യാരാഗമെയ് ഞങ്ങൾ കണ്ടാൽ
ധ്രുവമഭിനവകാന്താ രോഹിണീ ചീറുമെൻറു്
അപനയതി നിലാവാകിൻറ മേൽക്കൂറവാങ്ങി-
ട്ടഹമിവ ചെറിയച്ഛീകോപഭീരുഃ ശശാങ്കഃ.

ഇരുളുമിളനിലാവും കാന്തമന്തിച്ചുവപ്പും
വിരവിൽ വിലസതീദം വ്യോമ നിർവ്യാജരമ്യം,
[4]കരുളിവ കുവളപ്പൂമല്ലികാ ചമ്പകാനാ-
മിടവിരവിന മാലാകാരമച്ഛീസുതായാഃ.

1. മതിസീതാം = മതിയാകുന്ന സീതയെ = ബുദ്ധിയാകുന്ന സീതയെ. 2 കുസു-
മശരനാകുന്ന രാവണൻ. 3. അടുത്തുവരുന്ന 4. കരുളാം = കരുനിര

മധുപമധുരവാചാവപ്പുറത്തിൻറിതൊൻറിൽ,
ചിതറിനമധുബാഷ്പം മല്ല കേഴിൻറിതൊൻറിൽ,
ഹസതി കസുമഹാസൈരൊൻറിതേ താദൃശം മാം
വിരഹിണമിടയിട്ടേ ന്തനമച്ചീസുതായാഃ. ൱൩൩

അയമുദയപുരേ ചെൻറച്ചിപുത്രീമണേ, ഞാൻ
കചകളഭമെഴിച്ചാഞ്ഞാമൽവക്ത്രം ചുചുംബ,
ഇദമനചിതമന്തിത്തെൻറൽ ചെയ്യിൻറതിത്ഥം
വദതി പരിമളോ മേ വണ്ടിനത്തിൻവചോഭിഃ. ൱൩൪

ചലതി ജലധിവാചീകൈത്തലംകൊണ്ടു തട്ടി-
ത്തരളശശിമണിപ്പന്തുൽക്ഷിപന്തീവ സന്ധ്യാ;
വിലുളിതമിരുളെന്നും കുന്തൽവന്നിട്ടു താരാ-
ശ്രമജലവുമണിഞ്ഞാളച്ചിതൻനന്ദിനീവ. ൱൩൫

[1]കുറളയുളർപറഞ്ഞാർ [2]ചാലവും കോപതാമ്രം
മുഖമിതി കൃതമൌനം ന്തനമച്ചീസുതായാഃ
ഝടിതി തൊഴുതുവീഴ്വാം തോഴരേ! ഹന്ത! കുഴ്ത്തേൻ
ശിവശിവ നവസന്ധ്യാപാടലം ചന്ദ്രബിംബം. ൱൩൬

[3]കമലവലയമെന്നും തമ്പലം നല്കിനല്കി-
ത്തഴകി വിരഹകാലേ വല്ലഭം ചക്രവാകീ
ചെറുതിടയിഹ താനേ ചക്ഷുഷാ/നേതി പിന്നെ-
ത്തദന ച മനസാ മാമച്ചിതൻ നന്ദിനീവ. ൱൩൭

പ്രിയസഖ, ചെറിയച്ചീദേവസേനയ്ക്കു [4]പാങ്ങാ-
യരുണദിതിജസൈന്യം വെൻറ വിഖ്യാതകീർത്തേഃ
കുസുമശരമുരാരേഃ ശംഖചക്രങ്ങളെൻേറ
കരുതുവനദയാസ്സുവ്യാപൃതൌ ചന്ദ്രസൂര്യ്യൌ. ൱൪൦

പ്രിയസഖ, ചെറിയച്ചീമൈഥിലീമൂലമെങ്ങും
തരുണഹൃദയലങ്കാം ചുട്ട ചണ്ഡോ ഹനുമാൻ
അപരജലധിമദ്ധ്യേ വ്യോമലാംഗൂലലഗ്നം
പരിപതതി നിലാവാം തീ കെടുപ്പാനിദാനീം. ൱൪൧

1. കുറള = കുരള = ഏഷണി അല്ലെങ്കിൽ വ്യാജം. 2. അധികവും. 3. കമലവലയമാകുന്ന തമ്പലം = താമരവളയമാകുന്ന പിശട്ട്. തമ്പലമെന്ന വാക്കിന് മുറുക്കിത്തുപ്പുന്ന പിണ്ടമെന്നർത്ഥം 4. സഹായമായി.

[illegible]

ജയതി മദനമാഹാരാജ്യസർവ്വാധികാരീ
  [1]മണിമുടിരുദയാദ്രേരേഷ താരാമണാളഃ
അനുനയവചഃഷമാം മാറാക്കമച്ചീസുതാം മേ
  വപുഷി വിഗതരോഷം വാഴ്ത്തുവോരാപ്പുബ

പലരുമിതുമലന്നാലെൻറ മതപാ മലത്തും
  മുകളിതമരവിന്ദം മുഗ്ദ്ധികാ ചക്രവാകി;
മമ ബത കുറിന്നാളെൻറുള്ള ലീലാരവിന്ദം
  മുകുളയതി നിശാർദ്ധം മുററുമച്ചീസുതേവ. ൧൪൩

നിജമുകുളപുടംകൊണ്ടഞ്ജലിം കല്പയിത്വാ
  തൊഴുതിഹ ചെറിയച്ചീവക്ത്രചന്ദ്രന്നു തോററു്
കമലമടിമപൂകെക്കണ്ടു വിങ്ങിച്ചിരിച്ചു-
  ങ്ങളികുലകളനാദൈരാത്തിതാമ്പൽപ്രസൂനം. ൧൪൪

ഉദയപുരവിലാസോത്തംസമച്ചീസുതായാ
  ഭവനമവനിസാരം കാൺമുതെൻറാസ്ഥയേവ
ഉദയഗിരിശിഖാഗ്രാൽ പാദമൊട്ടേറെവെച്ചി-
  ട്ടുഴകൊട്ടു ഗഗനം ചെന്നേററിനാനേഷ ചന്ദ്രഃ.

പ്രിയസഖ, ചെരികീലാഞ്ഞച്ചി തൻ നന്ദനായാ
  മുറുവലൊളിവിലാസൈസ്സ്വായത്താം മുല്ലയെല്ലാം
അറിവതറിയവേണം മൂടി വണ്ടിണ്ടയാൽ കൊ-
  ണ്ടിരിളിടയിലൊളിച്ചിട്ടന്തിയോടുല്ലസന്തീ. ൧൪൫

സ്വയമിഹ മുഖലീലാമച്ചിതൻനന്ദനായാഃ
  കുചയുഗമിവ ക്രുമ്പിച്ചംബുജംകൊണ്ടുകാട്ടി,
പുനരിഹ വിരഹേസ്മിൻ നമ്മെ രക്ഷിച്ച ചന്ദ്രൻ
  ഗ്രഹണജമപമൃത്യും കെട്ടു നൂററാണ്ടു വാഴ്ക! ൧൪൬

൧൨. മല്ലീനിലാവു്.

മധുപവിരുതമെന്നും കാഹളപ്രൌഢികൈക്കൊ-
  ണ്ടുദിതശശികരാളീചാമരോല്ലാസശാലീ
അധികരുചിരതാരാജാലമുത്തുക്കുടക്കീ-
  ഴിത ജയതി മട്ടത്താർവില്ലി മല്ലീനിലാവേ! ൧൪൭

---

1. മണിമുടിഃ, കേരളപദത്തിൽ സംസ്കൃതപ്രത്യയം ചേർത്തുണ്ടാക്കിയ വിലക്ഷണപദം. താരാമണാളഃ എന്ന പദവും അതുപോലെ തന്നെ.

വടിവൊടു നവസന്ധ്യാരാഗമാം കുങ്കുമംകൊ-
  ണ്ടുടൽ മുഴുവനണിഞ്ഞാളുജ്ജ്വലാ പശ്ചിമാശ,
തവി നിജകരാഗ്രൈരംബരം ഭാനുമാന-
  ങ്ങുടനി[1]തമൊടു ചെല്ലുകണ്ടു മല്ലീനിലാവേ! ൧൪൯

പുതിയ സരസി മുങ്ങിപ്പൂണ്ടു പുണ്യാംഗരാഗം
  മുളകുമുദപരാഗൈ,രേന്തി മല്ലീമധൂളിം,
ഇത വിചലതി [2]മാലത്തെൻറൽ നിൻകൊങ്കമൊട്ടോ-
  ടുളലരസമടുപ്പാൻ മെല്ലെ മല്ലീനിലാവേ! ൧൫൦

*മദനനധികബന്ധൂൻ കൈവളർപ്പാനിദാനീം
  [3]പുതുമപെട വിതച്ചോരി[4]ന്ദുവിത്തെൻറപോലെ
അധികരുചി വിയത്താം ചാരുകേദാരഭൂമൌ
  വിതറിനളുഡുമാലാം കാൺക മല്ലീനിലാവേ! ൧൫൧

കമലമലർ മലത്തും, ചെൻറു കുമ്പിക്കുമുത്യൽ-
  കുമുദകുല,മടയ്ക്കും നേത്രമാലോക്യ ചന്ദ്രം
കമനി, കലയ കോകദ്വന്ദ്വമിത്ഥം പെട്ടംപാ-
  ടമിതവിരഹമാലോത്തുള്ളിൽ മല്ലീനിലാവേ! ൧൫൨

ഉരനിജമുകുളാഗ്രാശ്ലേഷണം താനകപ്പെ-
  ട്ടരുളിനതുപകണ്ടേറ്റ കണ്ടു കൈക്കൊണ്ടഖേദം
സ്ഫുരിതകുസുമജാലൈരൊക്ക നിൻറന്നുനം
  പരിഹസതി നികാമം മുല്ല മല്ലീനിലാവേ. ൧൫൩

രഹസി പതിതഭാസ്വാനോടു സംയോഗമെത്തീ
  കിമപി കലിതരോഗേണേതി ലോകാപവാദാൽ
തുഹിനകിരണനെന്നും മുദ്രപൂണ്ടത്ര സന്ധ്യാ-
  രമണി വഴുസിനാൽ പോയ് മെല്ലെ മല്ലീനിലാവേ. ൧൫൪

ഉരപെറുമുഡുനേതാവായ രാമോദയമുക്ഷോൽ-
  ക്കരമഴകൊടുചുഴം ചേർത്തുകൊണ്ടാത്തമാനം
കിരണവിശിഖജാലൈരന്ധകാരേന്ദ്രശത്രൂൻ
  പൊരുതരുതി പെട്ടുത്താൻ മെല്ലെ മല്ലീനിലാവേ! ൧൫൫

---

